32nd Year of Service 2024

Price $1.00

# കേരളാ എക്സ്പ്രസ്


# KERALA EXPRESS

NOT OUR MERIT BUT HIS GRACE

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

October 04, 2024 | Vol. XXXII No. 40 | Periodicals Postage Paid

## A Trusted Compassionate Partner in Senior Care Excellence.

We recognise that senior care is about nurturing a genuine sense of belonging. We are dedicated to providing more than just assistance. We offer a safe haven where the elderly can thrive in a nurturing, loving environment. Here, every resident is cherished, respected, and made to feel truly at home.

**Our Services**
* Dementia Care
* Respite Care
* Stroke Rehabilitation
* Palliative Care

**Why Choose Kancare?**
* Residential Care
* 24×7 Medical Support
* Homely Meals
* Individual Care Plans

Give your loved ones **The Care They Deserve**

kancare
CONTEMPLATIVE CARE

Call: 0484- 4055022
Mob: +91 9497 380 999 / 9497 380 888
www. kancare.in

IDEAL AVENUE, Vadavucode P.O, **Kangarappady,** Holy cross Road, Ernakulam - 682021

24/2181 Rajiv Gandhi Nagar Road, **Kakkanad,** CSEZ P O, KOCHI 682037





ഫിലാഡൽഫിയായിൽ നടന്ന സീറോമലബാർ ത്രിദിന കോൺഫറൻസിന് തുടക്കം കുറിച്ചുകൊണ്ട് ബിഷപ് മാർ ജോയി ആലപ്പാട്ട്, ബിഷപ് എമരിത്തൂസ് മാർ ജേക്കബ് അങ്ങാടിയത്ത് എന്നിവർ സംയുക്തമായി തിരിതെളിച്ച് ഉദ്ഘാടനം ചെയ്യുന്നു.

# KUNNATHA INJURY LAWYERS

Free Consultation/Case Evaluation | ATLANTA : 404 633 4200 | CHICAGO: 312 757 4700

EXPERIENCE PERSONAL ATTENTION RESULTS



Salu K. Kunnatha | Reena Emmanuel | Joshua Opdycke

Dedicated Lawyers Handling Serious Injuries and Wrongful Death Cases

Over 50 years of Combined Experience


No legal fees until we collect compensation for you

Millions recovered for our clients each year!

**ATLANTA**
1800 Century Boulevard NE,
Suite 1750
Atlanta, GA 30345
Ph: 404 633 4200

**CHICAGO**
708 Church St,
Suite 235
Evanston, IL 60201
Ph: 312 757 4700

www.kunnathalaw.com




# THANNIKKARY VACATION HOME

S.H.MOUNT P.O., KOTTAYAM 686006, KERALA

FEATURES:
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by,
All Bedrooms are AC with attached bathrooms



For booking:
ABRAHAM THANNIKARI
USA - 630 491-6165
India - +91 815 692-0366 and +91 965 616-8399
athannikari@hotmail.com

32nd Year of Service 2024
Price $1.00
കേരളാ എക്സ്പ്രസ്
KERALA EXPRESS
Weekly Newspaper National Edition from Chicago
3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

4 നിഷ്ക്രിയ ദയാവധത്തിന് കേന്ദ്രാനുമതി
6 ഇഎസ്എ: വസ്തുതകളും ആശങ്കകളും
10 ഗാന്ധിചിത്രമുള്ള സ്റ്റാമ്പുകൾ ഇല്ലാതാകുന്നു
18 ബിനോയ് വിശ്വത്തിന് പ്രവാസി മിത്രം അവാർഡ്
19 ചീട്ടുകളി (56) മാമാങ്കത്തിന് അപ്പച്ചൻ നഗർ ഒരുങ്ങി

## ആർച്ച്ബിഷപ് കുര്യാക്കോസ് കുന്നശ്ശേരി അവാർഡ് ഡോ. മാത്യു പാറയ്ക്കലിന്



ആർച്ച്ബിഷപ് കുര്യാക്കോസ് കുന്നശ്ശേരി ഫൗണ്ടേഷൻ മികച്ച പൊതുജന സേവകന് നല്കുന്ന 2024-ലെ അവാർഡ് ഡോ. മാത്യു പാറയ്ക്കലിന് ആന്ധ്രപ്രദേശ് ഗവർണർ ജസ്റ്റിസ് അബ്ദുൾ നസീർ നല്കുന്നു. മറിയാമ്മ മാത്യു പാറയ്ക്കൽ, ഫൗണ്ടേഷൻ ചെയർമാൻ ജസ്റ്റിസ് സിറിയക് ജോസഫ്, മാനേജിംഗ് ട്രസ്റ്റി തോമസ് ചാഴികാടൻ എക്സ് എംപി, ആർച്ച്ബിഷപ് മാർ മാത്യു മൂലക്കാട്ട്, ചങ്ങനാശേരി നിയുക്ത ആർച്ച്ബിഷപ് മാർ തോമസ് തറയിൽ, ബിഷപ് ഗീവർഗീസ് മാർ അപ്രേം, മോൻസ് ജോസഫ് എംഎൽഎ, ടി.പി. ശ്രീനിവാസൻ, സിറിയക് ചാഴികാടൻ, ജോജോ ജോസഫ്, സണ്ണി കുന്നശ്ശേരി എന്നിവർ സമീപം. (വാർത്ത 12-ാം പേജിൽ)

## സിദ്ദിഖിന്റെ അറസ്റ്റ് രണ്ടാഴ്ചത്തേക്ക് തടഞ്ഞു

ന്യൂഡൽഹി: യുവനടിയെ ബലാൽസംഗം ചെയ്തെന്ന കേസിൽ നടൻ സിദ്ദിഖിനെതിരായ അറസ്റ്റ് നടപടി സുപ്രീംകോടതി തടഞ്ഞു. മുൻകൂർ ജാമ്യാപേക്ഷയിൽ നോട്ടീസയച്ച കോടതി, കക്ഷികളിൽ നിന്നു മറുപടി ലഭിക്കുംവരെ അറസ്റ്റ് പാടില്ലെന്ന് വ്യക്ത



മാക്കി. ജഡ്ജിമാരായ ബേല എം. ത്രിവേദി, സതീഷ് ചന്ദ്ര ശർമ എന്നിവരുടെ ബെഞ്ചിന്റേതാണ് ഉത്തരവ്. സംസ്ഥാന സർക്കാരും അതിജീവിതയും സിദ്ധിഖിന്റെ ആവശ്യത്തെ അതിശക്തമായി എതിർത്തെങ്കിലും ഹർജിയിൽ നോട്ടീസ് അയച്ചുകൊണ്ടാണ് കോടതി അറസ്റ്റ് തടഞ്ഞത്.

(ശേഷം 24-ാം പേജിൽ)

# വനിതകൾക്കായി പുതിയ നയം വരുന്നു

കോട്ടയം: ലിംഗനീതി ഉറപ്പുവരുത്തുന്ന കേരളവികസനം ലക്ഷ്യമിട്ട് സർക്കാരിന്റെ പുതിയ വനിതാ നയമൊരുങ്ങുന്നു. 1996, 2009, 2015 വർഷങ്ങളിലെ വനിതാ നയങ്ങളുടെ കാലോചിത പരിഷ്കരണവും തുടർച്ചയായുമാണിത്.

വനിത-ശിശു വികസന വകുപ്പിനു കീഴിലുള്ള ജെൻഡർ കൗൺസിലിന്റെ മേൽനോട്ടത്തിൽ തയ്യാറാക്കിയ കരടിന്മേൽ തിരുവനന്തപുരം, കോഴിക്കോട് മേഖലാതല ചർച്ച പൂർത്തിയായി. തൃശൂർ മേഖലാ ചർച്ചകൂടി പൂർത്തിയാക്കി കേരളപ്പിറവി ദിനത്തിൽ അന്തിമ നയരേഖ സർക്കാരിനു സമർപ്പിക്കും.

ആർഭാടവിവാഹത്തിന് സാമ്പത്തിക പരിധി വെക്കുക, തൊഴിലന്വേഷകരായ സ്ത്രീകളുടെ ഡേറ്റാബാങ്ക് പ്രാദേശിക തലത്തിൽ ലഭ്യമാക്കുക, ഒറ്റയ്ക്കോ ഒരുമിച്ചോ മുതിർന്ന സ്ത്രീകൾ താമസിക്കുന്ന വീടുകൾ സംബന്ധിച്ച രജിസ്റ്റർ തദ്ദേശസ്ഥാപനങ്ങളിലും പോലീസ് സ്റ്റേഷനുകളിലും ലഭ്യമാക്കുക, ഷെൽട്ടർ ഹോമുകൾ ഏർപ്പെടുത്തുക തുടങ്ങിയവയാണ് പ്രധാന ശിപാർശകൾ.

സ്ത്രീകൾക്കിടയിൽ കൂടിവരുന്ന രോഗാതുരതയെക്കുറിച്ച് പഠിക്കാനും നടപടി സ്വീകരിക്കാനും നിർദ്ദേശമുണ്ട്. വന്ധ്യതാ ചികിത്സാരംഗത്ത് സർക്കാർ ഇടപെടൽ ശക്തമാക്കുക, സ്ത്രീസംരക്ഷണ നിയമങ്ങളുടെ പഴുതുകൾ പരിശോധിച്ച് ഭേദഗതികൾ സമർപ്പിക്കാനും വിധികളും തീർപ്പുകളും ജെൻഡർ ഓഡിറ്റിന് വിധേയമാക്കാനും നിയമജ്ഞർക്ക് ഭൂരിപക്ഷമുള്ള സമിതി രൂപവൽക്കരിക്കുക, ജെൻഡർ പഠനം, സ്കൂൾ, കോളജ് പാഠ്യപദ്ധതിയുടെ ഭാഗമാക്കുക, സാമ്പത്തിക സ്വാശ്രയത്വം നേടാൻ പറ്റുന്ന തരത്തിൽ വിദ്യാഭ്യാസ ഉള്ളടക്കം പുനരാവിഷ്കരിക്കുക തുടങ്ങിയ നിർദ്ദേശങ്ങളുമുണ്ട്.

വനിതാ വികസന വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച കരടിന്മേൽ പൊതുജനങ്ങൾക്കും നിർദേശം സമർപ്പിക്കാം.

## മിഥുൻ ചക്രവർത്തിക്ക് ദാദാ സാഹിബ് ഫാൽക്കെ പുരസ്കാരം

ന്യൂഡൽഹി: മുതിർന്ന ബോളിവുഡ് നടൻ മിഥുൻ ചക്രവർത്തിക്ക് ദാദാ സാഹിബ് ഫാൽക്കെ പുരസ്കാരം.

ഒക്ടോബർ എട്ടിന് 70-ാമത് ദേശീയ ചലച്ചിത്ര പുരസ്കാര സമ്മാന വേദിയിൽ വെച്ച് മിഥുൻ ചക്രവർത്തിക്കു പുരസ്കാരം സമ്മാനിക്കും. ഈ വർഷം പത്മഭൂഷൺ ബഹുമതി നല്കി അദ്ദേഹത്തെ രാജ്യം ആദരിച്ചിരുന്നു.

1977-ൽ അഭിനയരംഗത്തെത്തിയ മിഥുൻ ചക്രവർത്തി ആദ്യസിനിമയിൽ തന്നെ ദേശീയ പുരസ്കാരം നേടിയ ചുരുക്കം അഭിനേതാക്കളിൽ ഒരാളാണ്. മൃണാൾ സെന്നിന്റെ മൃഗയ എന്ന ചിത്രത്തിലൂടെയാണ് രാജ്യത്തെ മികച്ച നടനുള്ള പുരസ്കാരത്തിന് അദ്ദേഹം അർഹനായത്. മമത ബാനർജി



യുടെ തൃണമൂൽ കോൺഗ്രസിന്റെ രാജ്യസഭാ എംപിയായിരുന്ന അദ്ദേഹം നിലവിൽ ബിജെപിക്കൊപ്പമാണ്.

## എഴുപതാമത് നെഹ്റു ട്രോഫി കാരിച്ചാലിന്



ആലപ്പുഴ പുന്നമടക്കായലിൽ നടന്ന നെഹ്റുട്രോഫി വള്ളംകളിയിൽ കാരിച്ചാൽ ചുണ്ടൻ ഒന്നാമതെത്തുന്നു.



# നിഷ്ക്രിയ ദയാവധത്തിന് കേന്ദ്രാനുമതി

ന്യൂഡൽഹി: ചികിത്സിച്ചു ഭേദമാക്കാനാവാത്ത, രോഗബാധിതരായി ഗുരുതരാവസ്ഥയിൽ കഴിയുന്ന രോഗികൾക്ക് അവരുടെയോ ഏറ്റവുമടുത്ത ബന്ധുക്കളുടെയോ അനുമതിയോടെയുള്ള നിഷ്ക്രിയ ദയാവധം അനുവദിക്കുന്നതിൽ ഡോക്ടർമാർക്ക് ഉചിതമായ തീരുമാനമെടുക്കാമെന്ന് കേന്ദ്രസർക്കാർ.

ആരോഗ്യമന്ത്രാലയം പുറത്തിറക്കിയ കരട് പെരുമാറ്റച്ചട്ടത്തിലാണ് ഈ വ്യവസ്ഥ. കരടിന്മേൽ ആരോഗ്യമേഖലയിൽ നിന്നുള്ളവരടക്കം ഒക്ടോബർ 20-നകം അഭിപ്രായം അറിയിക്കണമെന്ന് മന്ത്രാലയം നിർദേശിച്ചു. ജീവിതത്തിലേക്ക് ഇനിയൊരിക്കലും തിരിച്ചുവരാത്തവിധം സമീപഭാവിയിൽ മരണമുറപ്പായ രോഗാവസ്ഥയെയാണ് മാറാരോഗമായി കരട് രേഖയിൽ നിർവചിച്ചത്. 72 മണിക്കൂർ നിരീക്ഷണത്തിനുശേഷവും പുരോഗതി കാണിക്കാത്ത വിധത്തിലുള്ള മസ്തിഷ്കാഘാതത്തെയും ഇതിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മെക്കാനിക്കൽ വെന്റിലേഷൻ, രക്തധമനികളുടെ പ്രവർത്തനം സാധാരണ നിലയിലാക്കാനുള്ള വാസോപ്രസ്സേഴ്സ് ഡയാലിസിസ്, ശസ്ത്രക്രിയകൾ, ജീവൻരക്ഷാ സംവിധാനങ്ങളുടെ ഗണത്തിൽപ്പെടുത്തി. അതിഗുരുതര രോഗാവസ്ഥയിൽ ഇത്തരം ജീവൻ രക്ഷാസംവിധാനങ്ങൾ പലപ്പോഴും പ്രയോജനകരമല്ലാത്തതും രോഗികൾക്ക് ബാദ്ധ്യത സൃഷ്ടിക്കുന്നതുമാണ്. അതുകൊണ്ടുതന്നെ ദയാവധം അനുയോജ്യമാണെന്നാണ് മന്ത്രാലയത്തിന്റെ നിഗമനം.

# അൻവറിന്റെ പാർക്കിലെ നിർമാണങ്ങൾ പൊളിക്കാൻ നടപടി

കോഴിക്കോട്: മുഖ്യമന്ത്രിക്കും സി എമ്മിനും അനഭിമതനായതോടെ പി.വി. അൻവർ എംഎൽഎയ്ക്കെതിരെ സർക്കാർ നടപടി ശക്തമാക്കി. കക്കാടംപൊയിലിൽ പി.വി. അൻവറിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന പി.വി.ആർ നാച്ചുറൽ പാർക്കിലെ കാട്ടരുവി തടഞ്ഞുള്ള നിർമ്മാണങ്ങൾ പൊളിക്കാൻ കൂടരഞ്ഞി പഞ്ചായത്ത് നടപടി തുടങ്ങി. നിർമ്മാണങ്ങൾ പൊളിച്ചു നീക്കാൻ റീടെൻഡർ ക്ഷണിക്കാനും സിപിഎമ്മിന്റെ നേതൃത്വത്തിലുള്ള പഞ്ചായത്ത് ഭരണസമിതി യോഗം തീരുമാനിച്ചു.

നദീസംരക്ഷണ സമിതിയുടെ അഞ്ചുവർഷം നീണ്ട നിയമപോരാട്ടത്തിനൊടുവിൽ അൻവറിന്റെ പാർക്കിലെ നാല് തടയണകൾ പൊളിക്കാൻ ജനുവരി 31-നാണ് ഹൈക്കോടതി ഉത്തരവിട്ടത്. എന്നാൽ, പഞ്ചായത്ത് ഏറെനാൾ നടപടിയെടുക്കാതിരുന്നതോടെ നദീസംരക്ഷണ സമിതി വീണ്ടും കോടതിയെ സമീപിച്ച് നിയമയുദ്ധം നടത്തിയതിനു ശേഷമാണ് തടയണകൾ പൊളിച്ചുമാറ്റിയത്. എന്നാൽ, തടയണകൾ മാറ്റിയതിനൊപ്പം സമീപത്തെ കാട്ടരുവിയും ഉടമകൾ മണ്ണിട്ടു മൂടുകയും കിണറും കോൺക്രീറ്റ് ഓവുചാലും നിർമ്മിക്കുകയും ചെയ്തു. ഇതു ചോദ്യം ചെയ്തു വീണ്ടും നദീസംരക്ഷണ സമിതി ഹൈക്കോടതിയെ സമീപിക്കുകയും കോടതി ജില്ലാ കളക്ടറോട് നടപടിയെടുക്കാനും നിർദേശിച്ചു. തുടർന്ന് ഒരു മാസത്തിനുള്ളിൽ നിർമാണങ്ങൾ പൊളിക്കാൻ ജില്ലാ കളക്ടർ ജൂലൈ 25-ന് ഉത്തരവിട്ടു. എന്നാൽ, ഈ ഉത്തരവും ഉടമകൾ അനുസരിച്ചില്ല. ഉടമകൾ നിർമാണങ്ങൾ പൊളിച്ചില്ലെങ്കിൽ പഞ്ചായത്ത് സെക്രട്ടറിക്ക് അതിനുള്ള നടപടിയെടുക്കാമെന്നും ചെലവ് വരുന്ന തുക ഉടമകളിൽ നിന്ന് ഈടാക്കണമെന്നും കളക്ടറുടെ ഉത്തരവിലുണ്ടായിരുന്നു.

# ഉദയനിധി സ്റ്റാലിൻ തമിഴ്നാട് ഉപമുഖ്യമന്ത്രി



ചെന്നൈ: കായികമന്ത്രിയും മുഖ്യമന്ത്രി എം.കെ. സ്റ്റാലിന്റെ മകനുമായ ഉദയനിധി സ്റ്റാലിനെ ഉപമുഖ്യമന്ത്രിയാക്കി തമിഴ്നാട് മന്ത്രിസഭയിൽ സുപ്രധാന അഴിച്ചുപണി. കായിക-യുവജനകാര്യ വകുപ്പുകൾക്കു പുറമെ ആസൂത്രണവും വികസനവും ഉദയനിധിക്ക് അധികമായി നല്കി. കള്ളപ്പണക്കേസിൽ ഇഡി അറസ്റ്റ് ചെയ്ത് 15 മാസത്തോളം ജയിലിൽ കഴിഞ്ഞ മുൻ വൈദ്യുതി-എക്സൈസ് വകുപ്പുമന്ത്രി വി. സെന്തിൽ ബാലാജി മന്ത്രിസഭയിൽ തിരിച്ചെത്തി.

# പ്രകാശ് കാരാട്ട് സിപിഎം കോ – ഓർഡിനേറ്റർ



ന്യൂഡൽഹി: ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരിയുടെ മരണത്തെത്തുടർന്ന് അടുത്ത പാർട്ടി കോൺഗ്രസ് വരെ മുതിർന്ന പൊളിറ്റ് ബ്യൂറോ അംഗം പ്രകാശ് കാരാട്ടിന് ഏകോപനച്ചുമതല നല്കി സിപിഎം. മധുരയിൽ ഏപ്രിലിൽ നടക്കുന്ന 24-ാം പാർട്ടി കോൺഗ്രസ് വരെ പൊളിറ്റ് ബ്യൂറോയുടെയും കേന്ദ്ര കമ്മിറ്റിയുടെയും കോ-ഓർഡിനേറ്ററായി പ്രകാശ് കാരാട്ടിനെ നിയോഗിക്കാൻ കേന്ദ്രകമ്മിറ്റി യോഗം തീരുമാനിച്ചു. പാർട്ടി കോൺഗ്രസിൽ തെരഞ്ഞെടുക്കപ്പെടുന്ന കേന്ദ്ര കമ്മിറ്റിയാകും അടുത്ത ജനറൽ സെക്രട്ടറിയെ തെരഞ്ഞെടുക്കുക.

# എടിഎം കൊള്ളക്കാരെ ഏറ്റുമുട്ടലിൽ കീഴടക്കി



ഏറ്റുമുട്ടലിലൂടെ കീഴടക്കിയ പ്രതികളെ പോലീസ് വാഹനത്തിലേക്കു കൊണ്ടുപോകുന്നു.

തൃശൂർ: ഗ്യാസ് കട്ടർ ഉപയോഗിച്ച് തൃശൂരിൽ മൂന്ന് എടിഎമ്മുകൾ തകർത്ത് വൻ മോഷണം. അരക്കോടിയോളം രൂപ കവർന്ന് അതിർത്തികടന്ന ഹരിയാനക്കാരായ ഏഴംഗ മോഷണസംഘത്തെ നാമക്കലിൽ തമിഴ്നാട് പോലീസ് സാഹസികമായി പിടികൂടി. അരമണിക്കൂറോളം നീണ്ട ഏറ്റുമുട്ടലിൽ മോഷണസംഘത്തിലെ ഒരാൾ വെടിവെപ്പിൽ കൊല്ലപ്പെട്ടു. ജമാൽ ആണു കൊല്ലപ്പെട്ടത്. പോലീസുകാരടക്കം മൂന്നുപേർക്കു പരുക്കേറ്റു. ആറുപേരെ കസ്റ്റഡിയിലെടുത്തു. അറസ്റ്റിലായ പ്രതികളുടെ പക്കൽ തിരിച്ചറിയൽ രേഖകളൊന്നുമില്ലാതിരുന്നതിനാൽ ഇവർ പറഞ്ഞ പേരുകളും വിലാസവും ശരിയാണോയെന്നു പോലീസിനു സംശയമുണ്ട്.

കവർച്ചക്കാർ ഉപയോഗിച്ച കാർ കണ്ടെയ്നർ ലോറിയിൽ ഒളിപ്പിച്ചാണു കടത്തിയത്. എസ്കെ ലോജിസ്റ്റിക്സ് കമ്പനിയുടെ ലോറി പന്നിയങ്കര ടോൾ പ്ലാസ കടന്നതിന്റെ വിവരം ലഭിച്ചെങ്കിലും എവിടെവെച്ചാണു കാർ കണ്ടെയ്നറിനുള്ളിൽ കയറ്റിയതെന്നു വ്യക്തമായിട്ടില്ല.

തൃശൂർ നഗരത്തിൽ ഷൊർണൂർ റോഡ്, വിയ്യൂർ പോലീസ് സ്റ്റേഷൻ പരിധിയിലെ കോലഴി, ഇരിങ്ങാലക്കുടയ്ക്കു സമീപം മാപ്രാണം എന്നിവിടങ്ങളിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ എടിഎമ്മുകളാണു തകർത്തത്. സെപ്റ്റംബർ 27-ന് പുലർച്ചെ രണ്ടിനും നാലിനുമിടയിലായിരുന്നു കവർച്ച. വെള്ളനിറത്തിലുള്ള ക്രെറ്റ കാറിലെത്തിയ ഏഴംഗസംഘം ഗ്യാസ് കട്ടർ ഉപയോഗിച്ചാണ് എടിഎമ്മുകൾ തകർത്തത്. മൂന്ന് എടിഎമ്മുകളിൽനിന്നായി 69 ലക്ഷം രൂപ നഷ്ടപ്പെട്ടു.

മാപ്രാണത്തെ എടിഎം തകർത്തതിനു പിന്നാലെ ബാങ്ക് ഉദ്യോഗസ്ഥർക്കു സന്ദേശമെത്തി. അവർ പോലീസിൽ വിവരം അറിയിച്ചു. രാത്രി പട്രോൾ നടത്തുന്ന സംഘമെത്തുമ്പോഴേക്കും പ്രതികൾ പണവുമായി കടന്നിരുന്നു. 33.9 ലക്ഷം രൂപ ഇവിടെ നഷ്ടപ്പെട്ടു. പിന്നീടു ഷൊർണൂർ റോഡിലെ എടിഎം തകർത്ത് 9.86 ലക്ഷവും കോലഴിയിലെത്തി എടിഎമ്മിൽനിന്ന് 25.65 ലക്ഷവും കവർന്നു.

# മോൻസൻ മാവുങ്കലിനെ രണ്ടാമത്തെ കേസിലും കുറ്റവിമുക്തനാക്കി

കൊച്ചി: പുരാവസ്തു തട്ടിപ്പു കേസിലെ പ്രതി മോൻസൻ മാവുങ്കൽ പോക്സോ കേസിൽ കുറ്റവിമുക്തനായി. തന്റെ ജീവനക്കാരിയുടെ പ്രായപൂർത്തിയാകാത്ത മകളെ മോൻസന്റെ മേക്കപ്മാനായ ജോഷി പീഡിപ്പിച്ച കേസിൽ പെരുമ്പാവൂർ അതിവേഗ കോടതി മോൻസൻ മാവുങ്കലിനെ വെറുതെ വിടുകയായിരുന്നു. മോൻസനെതിരെയുള്ള രണ്ടാമത്തെ പോക്സോ കേസായിരുന്നു ഇത്. ഈ കേസിൽ ജോഷി ഒന്നാം പ്രതിയും മോൻസൻ രണ്ടാം പ്രതിയുമായിരുന്നു. അതേസമയം ഇതേ അതിജീവിതയെ പീഡിപ്പിച്ച കേസിൽ എറണാകുളത്തെ പോക്സോ കോടതി മോൻസനെ നേരത്തെ ശിക്ഷിച്ചിരുന്നു. ഇതിനു പുറമെ സാമ്പത്തിക തട്ടിപ്പുകളടക്കം 16-ഓളം കേസുകൾ ഉള്ള മോൻസൻ ജയിലിൽ തന്നെ തുടരേണ്ടിവരും.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076

Tel: 630 728 7956

eFax: 773.304.1917

Volume XXXII
Number 40
October 04, 2024

***Chief Editor***
K.M. Eapen

***Executive Editor***
Jose Kaniyaly

***Managing Editors***
Joseph Mathew
K.O. Jose, C.P.A.
Titus Eapen

***Cir2culation Manager***
Ajith Eapen

***Office Administration***
Anish Eapen

***Legal Advisor***
Selma C. D'souza

***Manager***
K.M. Thimothy

***Overseas Office***
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

***Co-ordinating Editor***
Mani Samuel

***News Editor***
Mini Mani

***Graphics***
Samuel Mani

***Consultant Editor***
Prof. Babu Poozhikunnel

***Special Correspondent***
Anil Pennukkara

KERALA EXPRESS (USPS 011-008)
is published Weekly for $54.00 per year
by Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

**Periodicals Postage Paid Chicago, Illinois and additional mailing offices**

**POST MASTER:**
Send Address Changes to
Kerala Express, Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

## മഹദ്വചനം

തെറ്റുകളിൽ വീഴാതിരിക്കുന്നതല്ല മഹത്വം; വീഴ്ചയിൽനിന്ന് എഴുന്നേൽക്കുന്നതാണ്.

**കൺഫ്യൂഷ്യസ്**

എല്ലാ വിജയങ്ങളുടെയും സത്ത് സത്യമാണ്.

**റിച്ചാർഡ് ഫുള്ളർ**

# MEDICARE PLANS

## QUESTIONS ANSWERED

- ZERO $ PPO PREMIUM
- WORLD WIDE COVERAGE
- PRESCRIPTION DRUG BENEFIT
- FREE GYM MEMBERSHIP
- DENTAL, VISION & HEARING
- SUPPLEMENT BENEFITS

CONTACT

**Raj Surendran, MBA**

Senior Medicare Specialist

708-945-3985



www.questwealthgroup.com
rsurendran007@gmail.com

# MIDWEST
WINDOWS & DOORS



45% OFF FOR WINDOWS

40% OFF FOR DOORS & SIDING

MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com



Free Estimate Please contact
**RAJU NADUVETTIL**
Cell: 773 474 9566 | Email: rajuabm@gmail.com



Steve Crifase

LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™

## Trusted Representation
## Achieves Aggressive Financial Results

- ★Over $ 50M Recovered and Collected For Our Clients
- ★Top AV Peer Review Rated Since 1991 For Pre-eminent Legal Ability and Professional Ethics
- ★Free Confidential Consultation On All Matters Home Visits Available
- ★Personal Injuries-Wrongful Death - Work Injuries

Your call is Always Welcome

# Crifase Law Firm

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, IL 60603

312-855-0511

Serious Lawyers For Serious Cases
Call Today To See What Your Case Is Really Worth
Recent Financial Recoveries
For Our Clients And Their Families

| | |
|---|---|
| $1,500,000.00 | Jury Verdict Car Crash Neck Injury |
| $5,000,000.00 | Car Crash – Brain Injury |
| $700,000.00 | Medical Malpractice Stillborn Baby |
| $1,500,000.00 | Wrongful Death – Car Crash |
| $750,000.00 | Medical Malpractice – Fetal Injury |
| $600,000.00 | Medical Malpractice – Fetal Injury |
| $200,000.00 | Work Injury – Shoulder Surgery |
| $149,000.00 | Slip and Fall – Knee Injury |
| $239,000.00 | Work Injury – Shoulder Surgery |
| $190,000.00 | Car Crash – Back Injury |
| $338,000.00 | Work Injury – Shoulder/Wrist Surgery |

**We Want A Long Term Relationship With You**

Steve Crifase
http://www.crifaselaw.com/
Steve@CrifaseLaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago IL 60603
Phone: (312) 855-0511
Fax: (312) 855- 0537

**Fee Discounts Available To Malayalee Clients On Specific Cases**

BBB A+ Rating Better Business Bureau

AV PREEMINENT® Peer Rated for Highest Level of Professional Excellence 2018

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

## ഷിരൂരിലെ രക്ഷാദൗത്യം

കർണാടകത്തിലെ ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ കോഴിക്കോട് സ്വദേശി അർജുന്റെ ലോറി കണ്ടെത്തിയെന്നത് ഒട്ടും ലാഘവത്തോടെ പറയേണ്ട കാര്യമല്ല. കുറെ മനുഷ്യർ ഇച്ഛാശക്തിയോടെ ദിവസങ്ങളോളം പരിശ്രമിച്ചതിന്റെ ഫലമായാണ് അതു സാധിച്ചത്. ഒരു തിരോധാനത്തിനാണ് ഏറെക്കുറെ വ്യക്തത വന്നിരിക്കുന്നത്. ലോറിക്കുള്ളിൽനിന്ന് മൃതദേഹാവശിഷ്ടവും കണ്ടെടുത്തിരിക്കുന്നു. എന്തായാലും, മനുഷ്യന്റെ നൈപുണ്യങ്ങളും ശാസ്ത്രത്തിന്റെ സാധ്യതകളും വെല്ലുവിളി നേരിട്ട, 72 ദിവസംനീണ്ട ഭഗീരഥദൗത്യത്തിനാണ് വിജയസമാപ്തിയുണ്ടായിരിക്കുന്നത്. തെരച്ചിൽദൗത്യത്തിലേർപ്പെട്ട നാവികസേന, മുങ്ങൽവിദഗ്ധനായ ഈശ്വർ മാൽപെയടക്കമുള്ള മത്സ്യത്തൊഴിലാളികൾ, കേരള-കർണാടക സർക്കാരുകൾ, പ്രശ്നത്തിൽ സക്രിയമായി ഇടപെട്ട ഇരുസംസ്ഥാനത്തെയും ജനപ്രതിനിധികൾ തുടങ്ങിയവരൊക്കെ ഈ വേളയിൽ കൃതജ്ഞതയർഹിക്കുന്നു. അർജുന്റെ കുടുംബാംഗങ്ങൾ പ്രകടിപ്പിച്ച മനസ്സാന്നിധ്യം അനുമോദനീയമാണ്. അർജുൻ ഓടിച്ച ലോറിയുടെ ഉടമ മനാഫിന്റെ അർപ്പണബുദ്ധിയും മനഃസ്ഥൈര്യവും പ്രത്യേക പരാമർശമർഹിക്കുന്നു.

എല്ലാ ദിവസവും അർജുനു വേണ്ടിയുള്ള തെരച്ചിലിന്റെ ഫലമറിയാൻ പ്രാർത്ഥനയോടെ കേരളം കാത്തിരുന്നു. ഇതിനിടയിൽ തെരച്ചിലുമായി ബന്ധപ്പെട്ട് എത്രയെത്ര അപ്രതീക്ഷിത സംഭവങ്ങൾ. ചിലതെല്ലാം പ്രതീക്ഷയാണ് നൽകിയതെങ്കിൽ മറ്റു ചിലതു കടുത്ത നിരാശയേകുന്നതായി. സാധ്യത തീർത്തും മങ്ങിയെന്നു തോന്നിപ്പിച്ച സന്ദർഭങ്ങളുമുണ്ടായി. അപ്പോഴും പ്രതീക്ഷയോടെ കാത്തിരുന്ന കുടുംബത്തിന്റെ മനസിനൊപ്പമായിരുന്നു നാടൊന്നാകെയും. ഈയൊരു സാഹോദര്യവും കൂട്ടായ്മയും അന്വേഷണച്ചുമതല വഹിച്ച കർണാടക ഭരണകൂടത്തിലടക്കം സമ്മർദമുണ്ടാക്കി. അർജുനെ കാണാനില്ലെന്നു കാണിച്ച് മാതാപിതാക്കൾ പരാതി നൽകിയെങ്കിലും തുടക്കത്തിൽ അലസ മനോഭാവമാണ് കർണാടക പുലർത്തിയതെന്ന് ആരോപിക്കപ്പെട്ടു. കേരളത്തിന്റെ ഇടപെടലിനൊപ്പം സംഭവം വലിയ രീതിയിൽ വാർത്തയും വിവാദമായതും തെരച്ചിലിൽ നിർണായകമായി മാറി.

സമാനതകളില്ലാത്ത രക്ഷാപ്രവർത്തനമാണ് ഷിരൂരിൽ നടന്നത്. കേരളത്തിന്റെ നിശ്ചയദാർഢ്യവും വൻമുതൽമുടക്കുള്ള തെരച്ചിലിന് കർണാടക സർക്കാർ തയാറായതും എടുത്തുപറയണം. അനിശ്ചിതത്വവും പ്രതിസന്ധിയും നിലനിൽക്കുമ്പോഴും മനുഷ്യസ്നേഹത്തിന്റെ ആഴവും പരപ്പും ഏതൊരു പുഴയേക്കാളും വിശാലമാണെന്നു തെളിയിക്കുന്ന ഇടപെടലുകൾ നിരവധിയുണ്ടായി. പുഴയിലെ വെല്ലുവിളികളിലേക്കു കണ്ണുംനട്ടിരുന്നവരുടെ കൂട്ടത്തിൽ അർജുന്റെ ബന്ധുക്കളും ലോറി ഉടമ മനാഫ് ഉൾപ്പെടെയുള്ളവരും ഉണ്ടായിരുന്നു. അർജുനെ കൂടാതെ നാട്ടിലേക്കില്ലെന്ന ഇവരുടെ വിങ്ങുന്ന വാക്കുകൾ ഗംഗാവലിപ്പുഴ കേട്ടുവോ? പുഴയിൽനിന്ന് ഉയർത്തിയെടുത്ത ലോറിക്കൊപ്പം അർജുനെയും തിരിച്ചുകിട്ടി. അതോടെ, അർജുൻ എവിടെ എന്ന ചോദ്യത്തിനുള്ള ഉത്തരമായെങ്കിലും അതൊരു നീറുന്ന ഓർമ മാത്രമായി. കേരളത്തിന്റെ ഓർമയിൽനിന്ന് ഒരിക്കലും മുങ്ങിപ്പോകാത്തൊരു നൊമ്പരമായി അർജുൻ മാറിയിരിക്കുന്നു.

വികസിതരാജ്യങ്ങളിൽപോലും ഉപേക്ഷിച്ചേക്കാവുന്നത്ര നീണ്ട തെരച്ചിലാണ് ഇടവേളകളുണ്ടായിരുന്നെങ്കിലും അർജുനുവേണ്ടി ഷിരൂരിൽ നടത്തിയത്. വിഫലശ്രമങ്ങളുടെ കുത്തൊഴുക്കിലും നിരാശയിൽ മുങ്ങാതെ തെരച്ചിൽ തുടർന്ന മനുഷ്യർ ഷിരൂരിൽ ചരിത്രമെഴുതി. ചെറിയ വീഴ്ചകളൊഴിച്ചാൽ ഔദ്യോഗിക-അനൗദ്യോഗിക സംവിധാനങ്ങളെല്ലാം സജീവമായിരുന്നു. ചെയ്യാവുന്നതെല്ലാം ചെയ്യുമെന്നു മുഖ്യമന്ത്രി പിണറായി വിജയൻ അർജുന്റെ വീട്ടിലെത്തി കുടുംബാംഗങ്ങൾക്ക് ഉറപ്പുകൊടുത്തിരുന്നു. തെരച്ചിൽ തുടരുമെന്നും പണത്തെക്കുറിച്ച് ആശങ്കപ്പെടേണ്ടെന്നുമാണ് കാർവാർ എംഎൽഎ സതീഷ് കൃഷ്ണ സെയിൽ ദിവസങ്ങൾക്കു മുമ്പും ധൈര്യപ്പെടുത്തിയത്.

കാലവർഷം ദുരന്തമായി കേരളത്തെ പ്രഹരിച്ച ദിവസങ്ങളാണ് കടന്നുപോയത്. മഴ കുന്നുകളെ ഇടിച്ചിറക്കിയ ദിവസമായിരുന്നു അർജുനെ കാണാതായത്. അദ്ദേഹത്തിന്റെ മൃതദേഹം വീണ്ടെടുക്കുമ്പോഴും ഷിരൂരിൽ മഴയായിരുന്നു. ഇതിനിടെ പെരുമഴയിലും ഉരുൾപൊട്ടലിലും വയനാട്ടിലെ മുണ്ടക്കൈയിലും ചൂരൽമലയിലും കോഴിക്കോട് ജില്ലയിലെ വിലങ്ങാട്ടുമായി നിരവധി മനുഷ്യർ മരിച്ചു. 2018-ലെ പ്രളയം മുതലിങ്ങോട്ട് നാം കൈകോർത്തു നിന്നതുകൊണ്ടു മാത്രമാണ് ഇത്രയെങ്കിലും അതിജീവിക്കാനായത്. നമ്മളെഴുതിയ ചരിത്രമാണത്. പക്ഷേ, അതിന്റെ വരികൾക്കിടയിൽ പരേതരുടെ സങ്കീർത്തനമുണ്ട്; ഒരു മഴയത്ത് ഒലിച്ചുപോകാവുന്നത്ര ചെറിയ ആയുസിന്റെ മൺകൂടാരങ്ങളെക്കുറിച്ച് വെറുപ്പിന്റെയും വിദ്വേഷത്തിന്റെയും ഒഴുക്കിൽപ്പെട്ട സാഹോദര്യത്തെ വീണ്ടെടുക്കാൻ സമയം കുറവാണെന്ന്.

മലയാളികളുടെ മനസ്സിൽ ആഴ്ചകളായി ഉരുണ്ടുകൂടിയ ചോദ്യത്തിനാണ് ഇതോടെ ഉത്തരം ലഭിച്ചിരിക്കുന്നത്. അർജുന്റെ ജീവിതപങ്കാളിയുടെയും കുടുംബത്തിന്റെയും നൊമ്പരം കേരളമൊന്നാകെ ഏറ്റെടുത്തിരുന്നു. അർജുന്റെ ജീവിതവും മരണവും അനിശ്ചിതത്വമായി അവസാനിക്കരുതെന്ന് ഓരോ മലയാളിയും ആഗ്രഹിച്ചു, പ്രാർത്ഥിച്ചു. ആ പ്രാർത്ഥനയാണ് ഫലവത്തായിരിക്കുന്നത്. പക്ഷേ, തുണ നഷ്ടപ്പെട്ട കുടുംബത്തിന്റെ വേദന ഒടുങ്ങുന്നില്ല. അവർക്കു താങ്ങായി നാട് ഇനിയുമുണ്ടാകണം. ജീവസന്ധാരണാർത്ഥം മറുനാട്ടിൽപ്പോയി, പ്രകൃതിയുടെ അപ്രതീക്ഷിതക്ഷോഭത്തിനു മുൻപിൽ അറിയാതെ അകപ്പെട്ടുപോയ ആ ചെറുപ്പക്കാരൻ നാമോരോരുത്തരുടെയും സഹോദരനാണ്.

# ഇഎസ്എ: വസ്തുതകളും ആശങ്കകളും

റവ. ഡോ. മൈക്കിൾ പുളിക്കൽ സിഎംഐ

**2024** ജൂലൈ 31-ന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം പ്രസിദ്ധപ്പെടുത്തിയ പരിസ്ഥിതിദുർബല പ്രദേശങ്ങളുമായി (ഇഎസ്എ) ബന്ധപ്പെട്ട കരട് വിജ്ഞാപനം സംബന്ധിച്ച അഭിപ്രായങ്ങളും പരാതികളും സമർപ്പിക്കാനുള്ള സമയപരിധി സെപ്റ്റംബർ 28 വരെയാണ്. എന്നാൽ, 'കിഫ' എന്ന സംഘടനയുടെ ഹർജിയെത്തുടർന്ന് കേരളവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഒക്ടോബർ നാലുവരെ കേരള ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സത്യവാങ്മൂലങ്ങൾ ലഭിച്ചതിനുശേഷം കോടതി വാദം കേൾക്കും. ആദ്യ കരട് വിജ്ഞാപനം പ്രസിദ്ധീകരിച്ച് പത്തുവർഷങ്ങൾക്കുശേഷമാണ് ഇപ്പോഴത്തെ വിജ്ഞാപനം പ്രസിദ്ധീകരിച്ചിരിക്കുന്നത്. പൊതുവെയുള്ള വിലയിരുത്തലുകൾ പ്രകാരം, വിജ്ഞാപനത്തിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ച് പത്തു വർഷങ്ങൾ പിന്നിട്ടിരിക്കുന്നതിനാൽ ഇനിയൊരു കരടുവിജ്ഞാപനംകൂടി ഉണ്ടായിരിക്കാനുള്ള സാധ്യത വിരളമാണ്, അന്തിമവിജ്ഞാപനം മാസങ്ങൾക്കുള്ളിൽ പ്രതീക്ഷിക്കാം. അതേസമയം, കേരളത്തെ സംബന്ധിച്ച് ഏറെ ആശങ്കകളും ആശയക്കുഴപ്പങ്ങളും തുടരുന്ന സാഹചര്യമാണ് ഇപ്പോൾ നിലനിൽക്കുന്നത്.

പരിസ്ഥിതി ദുർബല പ്രദേശങ്ങളുടെ പ്രഖ്യാപനവുമായി ബന്ധപ്പെട്ട് 2013 മുതലുള്ള വലത്, ഇടത് സർക്കാരുകൾ നിർണായകമായ പല ഇടപെടലുകളും നടത്തിയിട്ടുള്ളത് അംഗീകരിക്കുമ്പോഴും ഇഎസ്എ വില്ലേജുകളിൽ ജീവിക്കുന്ന ജനങ്ങളുടെ ഇപ്പോഴും തുടരുന്ന ആശങ്കകൾ പരിഹരിക്കാനുള്ള ഉത്തരവാദിത്വം കേരള സർക്കാരിനുണ്ടെന്ന് ഓർമ്മിപ്പിക്കാതിരിക്കാനാകില്ല. 2018-ൽ കേരള സർക്കാർ വിശദമായ പഠനങ്ങളെത്തുടർന്ന് തയാറാക്കിയ പരിസ്ഥിതി ദുർബല പ്രദേശങ്ങളുടെ വിശദാംശങ്ങളും ജിയോ കോ-ഓർഡിനേറ്റ്സ് ഉൾപ്പെട്ട മാപ്പ് ഫയലുകളും നിർദേശങ്ങളും മന്ത്രിസഭാ തീരുമാനങ്ങളും അടങ്ങിയ റിപ്പോർട്ടും കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചിരുന്നുവെങ്കിലും അതുസംബന്ധിച്ച ഉത്തരവുകളോ സ്ഥിരീകരണങ്ങളോ കേന്ദ്ര മന്ത്രാലയത്തിൽനിന്ന് ഉണ്ടായിട്ടുള്ളതായി അറിവില്ല.

പുതിയ കരട് വിജ്ഞാപനം സംബന്ധിച്ച പരാതികളും നിർദേശങ്ങളും സമർപ്പിക്കാൻ ലഭിച്ച അറുപത് ദിവസ കാലയളവിനുള്ളിൽ സർക്കാരിന്റെ ഭാഗത്തുനിന്ന് വ്യക്തമായ മാർഗനിർദേശങ്ങളോ വിശദീകരണങ്ങളോ പ്രദേശവാസികൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ലഭിച്ചിരുന്നില്ല. ശരിയായ വിധത്തിൽ കേന്ദ്രമന്ത്രാലയത്തിനു മുന്നിൽ അഭിപ്രായങ്ങൾ സമർപ്പിക്കാനുള്ള ജനങ്ങളുടെ അവസരം നഷ്ടപ്പെടുത്തുകയാണ് സംസ്ഥാന സർക്കാർ ചെയ്തിട്ടുള്ളത്. സർക്കാർ തലത്തിലുള്ള ഏകോപനമില്ലായ്മയും അലംഭാവവും ഗുരുതരമായ വീഴ്ചതന്നെയാണ്.

സംസ്ഥാന സർക്കാർ 2018-ൽ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം അംഗീകരിക്കാത്തപക്ഷം 2013-14 കാലയളവിൽ തയാറാക്കപ്പെട്ട ഉമ്മൻ വി. ഉമ്മൻ കമ്മിറ്റി റിപ്പോർട്ട് പ്രകാരമുള്ള ഇഎസ്ഇ വില്ലേജ് ഭൂപ്രദേശങ്ങൾ അന്തിമ വിജ്ഞാപനത്തിൽ ഉൾപ്പെട്ടാൽ, 2018-ൽ കേരളസർക്കാർ സമർപ്പിച്ച പ്രൊപ്പോസലിൽ ഒഴിവാക്കപ്പെട്ട ജനവാസ മേഖലകളും ഇഎസ്എ ആയിമാറും. അത് അനേകം പൗരന്മാരുടെ മൗലികാവകാശങ്ങൾക്കു മേലുള്ള കടന്നുകയറ്റത്തിനും ജനവാസ മേഖലകളിലെ വികസനമുരടിപ്പിനും വഴിയൊരുക്കും.

2012-2013-ൽ ഗാഡ്ഗിൽ റിപ്പോർട്ട് ചർച്ചചെയ്യപ്പെട്ടു തുടങ്ങിയപ്പോൾ മുതലാണ് പശ്ചിമഘട്ട മലയോര മേഖലകൾ പരിസ്ഥിതിദുർബല പ്രദേശങ്ങൾ എന്ന നിലയിൽ വലിയ പ്രതിസന്ധികൾ ഭാവിയിൽ അഭിമുഖീകരിക്കേണ്ടിവരുമെന്ന ആശങ്ക പശ്ചിമഘട്ടത്തിന്റെ ഭാഗമായ കേരളത്തിലെ ജില്ലകളിൽ അധിവസിക്കുന്നവർക്ക് രൂപപ്പെട്ടുതുടങ്ങിയത്. ആദ്യം പ്രഫ. മാധവ് ഗാഡ്ഗിൽ അധ്യക്ഷനായ ഗാഡ്ഗിൽ കമ്മിറ്റിയും പിന്നീട്, ഡോ. കൃഷ്ണസ്വാമി കസ്തൂരിരംഗൻ അധ്യക്ഷനായ ഹൈലെവൽ വർക്കിംഗ് ഗ്രൂപ്പും തുടർന്ന്, ഹൈലെവൽ വർക്കിംഗ് ഗ്രൂപ്പിന്റെ റിപ്പോർട്ട് പഠിച്ച് കേരളത്തിന്റെ പശ്ചാത്തലത്തിൽ നിർദേശങ്ങൾ സമർപ്പിക്കാൻ കേരള ബയോഡൈവേഴ്സിറ്റി ബോർഡ് ചെയർമാൻ ആയിരുന്ന ഡോ. ഉമ്മൻ വി. ഉമ്മൻ കൺവീനറായ മൂന്നംഗ എക്സ്പേർട്ട് കമ്മിറ്റിയും നിയോഗിക്കപ്പെട്ടിരുന്നു. ഉമ്മൻ വി. ഉമ്മൻ കമ്മിറ്റി റിപ്പോർട്ടാണ് ഈ വിഷയത്തിലെ കേരള സർക്കാർ നിലപാടുകൾക്കും കേന്ദ്ര മന്ത്രാലയത്തിന്റെ കരട് വിജ്ഞാപനങ്ങൾക്കും ആധാരം.

123 വില്ലേജുകളിൽ പ്രത്യേകം കമ്മിറ്റികൾ രൂപീകരിച്ചു പഠനം നടത്തിയ ഉമ്മൻ വി. ഉമ്മൻ കമ്മിറ്റി 123 വില്ലേജുകളിലെ 9,993.70 ചതുരശ്ര കിലോമീറ്റർ പരിസ്ഥിതിലോല പ്രദേശമായി പരിമിതപ്പെടുത്തി പുനർനിർണയിച്ചു. അതിൽ 886.70 ചതുരശ്ര കിലോമീറ്റർ വനേതര പ്രദേശങ്ങളും ബാക്കി 9,107 ചതുരശ്ര കിലോമീറ്റർ റിസർവ് വനമേഖലയുമായി നിശ്ചയിച്ചത് ഉമ്മൻ വി. ഉമ്മൻ കമ്മിറ്റി റിപ്പോർട്ടിൽ സംഭവിച്ച പിഴവാണെന്ന് വിലയിരുത്തപ്പെടുന്നു. തുടർന്ന്, കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ ആദ്യ ഇഎസ്എ കരട് വിജ്ഞാപനം 2014-ൽ പ്രസിദ്ധീകരിച്ചപ്പോൾ അതിൽ ഉൾപ്പെടുത്തപ്പെട്ടിരുന്ന ഇഎസ്എ പ്രദേശം ഉമ്മൻ വി. ഉമ്മൻ കമ്മിറ്റി നിർദേശപ്രകാരമുള്ള 9,993.7 ചതുരശ്ര കിലോമീറ്റർ ആയിരുന്നു. പിന്നീട്, 2015, 2017, 2018, 2022, 2024 വർഷങ്ങളിലായി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം അഞ്ച് കരട് വിജ്ഞാപനങ്ങൾകൂടി പ്രസിദ്ധീകരിച്ചു. അവയിലും കേരളത്തിന്റെ പരിസ്ഥിതി ദുർബല പ്രദേശമായി പറഞ്ഞിരിക്കുന്നത് 9,993.70 ചതുരശ്ര കിലോമീറ്റർ തന്നെയാണ്.

ഇതിൽ ആറാമത്തേതും അവസാനത്തേതുമായ 2024 ജൂലൈ 31-ന് പ്രസിദ്ധീകരിച്ച കരട് വിജ്ഞാപനത്തിൽ മാത്രമാണ് കേരളത്തിന്റെ ഇഎസ്എ വില്ലേജുകളുടെ വിശദാംശങ്ങൾ ഉള്ളത്. ബാക്കി അഞ്ച് വിജ്ഞാപനങ്ങളിലും ഉമ്മൻ വി. ഉമ്മൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരളം സമർപ്പിച്ചിരിക്കുന്ന ഭേദഗതികൾ പൂർണമായി അംഗീകരിച്ചിരിക്കുന്നതിനാൽ കേരളത്തെ കരട് വിജ്ഞാപനത്തിൽ ഒഴിവാക്കിയിരിക്കുന്നു എന്നു വിശദീകരണമാണുള്ളത്. കേരളത്തിന്റെ ഇഎസ്എ പ്രദേശത്തിന്റെ ഉമ്മൻ കമ്മിറ്റി റിപ്പോർട്ടിലെ പരാമർശ പ്രകാരമുള്ള ആകെ അളവ് ആരംഭത്തിൽ സൂചിപ്പിച്ചിട്ടുണ്ടെങ്കിലും തുടർന്നുള്ള ഭാഗങ്ങളിൽ, സംസ്ഥാനങ്ങളുടെ പട്ടികയിൽ ഉൾപ്പെടെ കേരളത്തെക്കുറിച്ചുള്ള പരാമർശങ്ങളില്ല. വിശദാംശങ്ങൾ കേരള ബയോഡൈവേഴ്സിറ്റി ബോർഡിന്റെ വെബ്സൈറ്റിൽ ലഭ്യമാണ് എന്ന സൂചന മാത്രം ആദ്യ അഞ്ച് കരട് വിജ്ഞാപനങ്ങളിലും ആദ്യഭാഗത്ത് കാണാം. 2022-ൽ പ്രസിദ്ധീകരിച്ച അഞ്ചാം കരട് വിജ്ഞാപനത്തിലും കേരളത്തിന്റെ ഇഎസ്എ വില്ലേജ് വിശദാംശങ്ങൾ ഉൾപ്പെടുത്തപ്പെട്ടില്ല എന്നുള്ളത് ഗൗരവമായി കാണേണ്ടതുണ്ട്.

## ശമ്പളം നേരത്തേ നൽകിയത് ഗുരുതര വീഴ്ച

തിരുവനന്തപുരം: സെക്രട്ടേറിയറ്റിലെയും മുഖ്യമന്ത്രിയുടേത് ഉൾപ്പെടെ ചില മന്ത്രിമാരുടെ ഓഫീസുകളിലെയും ജീവനക്കാർക്ക് ശമ്പളം നേരത്തേ നൽകിയത് ഗുരുതരവീഴ്ചയെന്ന് ട്രഷറി ഡയറക്ടറുടെ റിപ്പോർട്ട്. ഒക്ടോബർ ഒന്നു മുതൽ നൽകേണ്ട സെപ്റ്റംബറിലെ ശമ്പളം സെപ്റ്റംബർ 26-ന് ചില ഉദ്യോഗസ്ഥരുടെ അക്കൗണ്ടിൽ എത്തിയിരുന്നു.

സെക്രട്ടേറിയറ്റിലെ സബ്ട്രഷറിയിൽ ശമ്പളബില്ലുകൾ പാസാക്കുന്നതിലുണ്ടായ വീഴ്ചയാണ് ശമ്പളം നേരത്തേ കിട്ടാൻ കാരണം. ഇതിന് ഉത്തരവാദിയായ സെക്രട്ടേറിയറ്റ് സബ്ട്രഷറി ഓഫീസർ ഷഫീഖിന്റെ പേരിൽ അച്ചടക്ക നടപടിക്ക് ട്രഷറി ഡയറക്ടർ വി. സാജൻ ധനവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. എ. ജയതിലകിന് ശിപാർശചെയ്തു. കേരള ഗസറ്റഡ് ഓഫീസേഴ്സ് അസോസിയേഷന്റെ ജില്ലാ ഭാരവാഹിയാണ് ഷഫീഖ്.

കേരളത്തിലെ ട്രഷറികളിൽ ഇത്തരത്തിൽ നേരത്തെയും സംഭവിച്ചിട്ടുണ്ടോയെന്ന് അന്വേഷിക്കാനും മാസത്തിൽ ഒന്നിലേറെ തവണ ശമ്പളംകിട്ടുന്ന തരത്തിൽ ട്രഷറി സംവിധാനത്തിൽ വീഴ്ചയുണ്ടോയെന്ന് പരിശോധിക്കാനും ധനമന്ത്രി കെ.എൻ. ബാലഗോപാൽ ട്രഷറി ഡയറക്ടറെ വിളിച്ചുവരുത്തി നിർദേശം നൽകി.

ട്രഷറി ഡയറക്ടർ, ഷഫീഖിൽനിന്ന് വിശദീകരണം എഴുതി വാങ്ങിയിട്ടുണ്ട്. ശമ്പള ബില്ലുകൾ നേരത്തേ പാസാക്കാറുണ്ട്. എന്നാൽ, അക്കൗണ്ടിങ് തീയതി ഒന്നാം തീയതിയായി ക്രമീകരിക്കും. അക്കൗണ്ടിങ് തീയതിയിലാണ് ജീവനക്കാരുടെ അക്കൗണ്ടുകളിൽ ശമ്പളം എത്തുക. സെക്രട്ടേറിയറ്റ് ട്രഷറിയിൽ അക്കൗണ്ടിങ് തീയതി രേഖപ്പെടുത്താൻ വിട്ടുപോയെന്നാണ് വിശദീകരണം.

Law Office of Sovmya George

IMMMIGRATION LAW FIRM



SERVICES:

Asylum
Cancellation of Removal
EB-1 | EB-2 | EB-3
EB-2 NIW
L-1A
Marriage-Based Green Card
Family-Based Green Card
U Visa
VAWA
U.S. Citizenship
Work Permit,
Re-entry Permit, etc.

*"We Handle Cases All Across the USA!"*
-Sovmya George, Esq.

Contact:
www.lawofficesg.com
call/text: 972-905-0948
sovmya.george@lawofficesg.com

Read our stellar reviews

K.O. JOSE & ASSOCIATES, INC.
*Certified Public Accountants*



K.O. JOSE, CPA

- Compilation
- Setup Small Business Corporations
- Personal & Business Income Taxes
- Free Electronic Filing
- Non-Profit Tax Exemption from IRS
- Install Accounting Packages
- Retirement and Estate Planning

Tel: 847-724-3020 • Cell: 847-833-6038

CPA SM
America Counts on CPAs

taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com

# SEEKING LEAD PASTOR

**LifeStream Church in Franklin, TN seeks a passionate, committed, mission-oriented, and excellent communicator of God's word with good English-speaking skills to be their Lead Pastor**

LifeStream Church has been in Franklin, TN for 14 years and ministering to the South Asian population here. Recently, our community was blessed with a facility in Franklin, TN. The location is prime, equipped with a great video/audio setup to support ministry both inside and outside of the church. Our community is a multilingual and interdenominational group, mainly from Kerala, Andhra, and Tamil Nadu, with a current attendance of about 80 people. Our church believes and practices all the fundamental doctrines of the Bible, including believers' baptism and the active work of the Holy Spirit. Church has a team of Ministry Leaders for different focus areas such as Kids Ministry, Praise and Worship, Media, men and women fellowships, and Cell Group Leaders, supporting different ministry goals. The Lead Pastor will also be supported by an Associate Pastor in all spiritual activities, as needed. All of our services are conducted in English, except for a few Indian language songs.

Candidate should be a US Citizenship or Green Card holder. Previous Pastoral experience of at least 5 years as a Lead Pastor or Associate/Youth Pastor is required. Experience with ministry among multi-lingual and inter-denominational communities along with proficiency in multiple Indian languages will be an added advantage. Must be married and willing to relocate to Franklin, TN as a family. We prefer individuals between 35 to 60 years old since the community is a mix of young adults and the older generation. Most importantly, regardless of the above preferences, if the Holy Spirit prompts you to respond, we would love to hear from you on or before October 26, 2024.

Please forward us your resume at **lifestreamchurchtn@gmail.com** which includes your testimonial, highlights of your current and previous ministries, and the reason why you believe God is leading you to LifeStream Church.

Franklin is 20 min away from Nashville, the capital city of Tennessee, popularly known as Music City. Nashville is the 10th fastest-growing metropolitan city in the US with a current population of more than 2 million. Franklin and its surrounding cities are heavily populated with Indians (8,000+ families) presenting a great opportunity for evangelistic work.

**Please use any of the following means to get more information about the church, ministry, and its culture.**

| | |
|---|---|
| Email: | lifestreamchurchtn@gmail.com |
| Website: | www.lifestreamchurchtn.com |
| Facebook: | @Lifestreamtn |
| YouTube: | @LifeStreamChurchTN |
| Instagram: | @lifestreamchurch_tn |

# ഇടവേള ബാബുവിനെയും മുകേഷിനെയും അറസ്റ്റുചെയ്ത് ജാമ്യത്തിൽ വിട്ടു

കൊച്ചി: നടിയെ പീഡിപ്പിച്ചെന്ന കേസിൽ പ്രതിയായ നടൻ ഇടവേള ബാബുവിനെ പ്രത്യേക അന്വേഷണ സംഘം സെപ്റ്റംബർ 25-ന് അറസ്റ്റ് ചെയ്തു ജാമ്യത്തിൽ വിട്ടു. എറണാകുളം പ്രിൻസിപ്പൽ സെഷൻസ് കോടതി ബാബുവിനു മുൻകൂർ ജാമ്യം അനുവദിച്ചിരുന്നു. രാവിലെ 10-നു മറൈൻ ഡ്രൈവിലെ തീരദേശ പോലീസ് ആസ്ഥാനത്തു വിളിച്ചു വരുത്തിയ ബാബുവിനെ എഐജി ജി. പൂങ്കുഴലിയുടെ നേതൃത്വത്തിൽ ഒരു മണിവരെ ചോദ്യം ചെയ്ത ശേഷമാണ് അറസ്റ്റ് രേഖപ്പെടുത്തിയത്. തുടർന്ന് വൈദ്യ പരിശോധനയ്ക്കു ശേഷം ബാബുവിനെ വിട്ടയച്ചു.

നടനും എംഎൽഎയുമായ എം. മുകേഷിനെതിരെ പരാതി നൽകിയ അതിജീവിത തന്നെയാണ് ഇടവേള ബാബുവിനെതിരെയും പരാതി നൽകിയത്. നടിയെ പീഡിപ്പിച്ചെന്ന കേസിൽ പ്രതിയായ നടനും സിപിഎം എംഎൽഎയുമായ എം. മുകേഷിനെ പ്രത്യേക അന്വേഷണ സംഘം മൂന്ന് മണിക്കൂർ



ചോദ്യംചെയ്തശേഷം അറസ്റ്റ് ചെയ്തു. മുൻകൂർ ജാമ്യമുള്ളതിനാൽ അറസ്റ്റ് രേഖപ്പെടുത്തിയശേഷം വിട്ടയച്ചു. അറസ്റ്റിനുശേഷം എറണാകുളം ജനറൽ ആശുപത്രിയിൽ വൈദ്യപരിശോധന നടത്തി.

മുകേഷിനെ എറണാകുളം മറൈൻ ഡ്രൈവിലെ തീരദേശ പോലീസ് ആസ്ഥാനത്തു വിളിച്ചുവരുത്തിയാണ് എഐജി ജി. പൂങ്കുഴലിയുടെ നേതൃത്വത്തിൽ ചോദ്യംചെയ്തത്. ബലാൽസംഗക്കുറ്റവും സ്ത്രീത്വത്തെ അപമാനിച്ച കുറ്റവുമാണു ചുമത്തിയിട്ടുള്ളത്.



അഭിഭാഷകൻ ജോ പോളിനൊപ്പമാണ് മുകേഷ് ഹാജരായത്. നടി ഒരു ലക്ഷം രൂപ ആവശ്യപ്പെട്ടതു നൽകാത്തതിലുള്ള വിരോധമാണ് പരാതിക്കു കാരണമെന്ന വാദം മുകേഷ് ആവർത്തിച്ചെന്നാണു വിവരം. മാധ്യമങ്ങളോടു പ്രതികരിക്കാൻ വിസമ്മതിച്ചു.

സിനിമയിൽ അവസരം വാഗ്ദാനം ചെയ്ത് മരടിലെ വില്ലയിലും ഒറ്റപ്പാലത്തു ഷൂട്ടിങ് സ്ഥലത്തും കാറിൽ കൊണ്ടുപോയി പീഡിപ്പിക്കാൻ ശ്രമിച്ചെന്നാണു കേസ്. നടിയുടെ രഹസ്യമൊഴി മജിസ്ട്രേട്ട് രേഖപ്പെടുത്തിയിരുന്നു.

മുകേഷിനെതിരെ വടക്കാഞ്ചേരി പോലീസ് രജിസ്റ്റർചെയ്ത പീഡനക്കേസിലും എറണാകുളം പ്രിൻസിപ്പൽ സെഷൻസ് ജഡ്ജി ഹണി എം. വർഗീസ് മുൻകൂർ ജാമ്യം അനുവദിച്ചു. ഇരുകേസുകളിലും പരാതിക്കാരി ഒരാൾ തന്നെയാണ്. വടക്കാഞ്ചേരി കേസിൽ മുൻകൂർ ജാമ്യമെടുക്കാതെ പ്രത്യേക അന്വേഷണ സംഘത്തിന്റെ മുൻപാകെ ഹാജരായാൽ അറസ്റ്റുണ്ടാകുമോയെന്നു മുകേഷിനു ഭയമുണ്ടായിരുന്നു. ഈ സാഹചര്യത്തിലാണ് അന്വേഷണ സംഘം ചോദ്യംചെയ്യും മുൻപേ ഈ കേസിലും മുൻകൂർ ജാമ്യമെടുത്തത്.

## ഹരിണി അമരസൂര്യ ശ്രീലങ്കൻ പ്രധാനമന്ത്രി

കൊളംബോ: ശ്രീലങ്കയുടെ പുതിയ പ്രധാനമന്ത്രിയായി ഡോ. ഹരിണി അമരസൂര്യ (54) അധികാരമേറ്റു. പ്രസിഡണ്ടായി അനുര കുമാര ദിസനായകെ സ്ഥാനമേറ്റതിനു പിന്നാലെയാണ് ദ്വീപുരാജ്യത്തിന്റെ 16-ാമത്തെ പ്രധാനമന്ത്രിയായി ഹരിണി സത്യപ്രതിജ്ഞ ചെയ്തത്. ദിസനായകെയുടെ നേതൃത്വത്തിലുള്ള നാഷണൽ പീപ്പിൾസ് പവർ (എൻപിപി) സഖ്യത്തിന്റെ ഭാഗമായ ഹരിണിക്ക് നീതി, വ്യവസായം, ശാസ്ത്രം, സാങ്കേതികവിദ്യ, ആരോഗ്യം, നിക്ഷേപം തുടങ്ങിയ വകുപ്പുകളുടെ ചുമതലകളുമുണ്ട്.

സിരിമാവോ ബന്ദാരനായികെയ്ക്കും ചന്ദ്രിക കുമാര തുംഗയ്ക്കും ശേഷം ശ്രീലങ്കൻ പ്രധാനമന്ത്രിയാകുന്ന മൂന്നാമത്തെ വനിതയാണു ഹരിണി അമരസൂര്യ. 1970 മാർച്ച് ആറിനാണു ജനനം. സോഷ്യോളജിയിൽ ബിഎ (ഓണേഴ്സ്)യും നരവംശശാസ്ത്രത്തിൽ എംഎയും നേടിയ ഇവർ എഡിൻബർഗ് സർവകലാശാലയിൽനിന്ന് പിഎച്ച്ഡിയും കരസ്ഥമാക്കിയിട്ടുണ്ട്. തുടർന്ന് യൂണിവേഴ്സിറ്റി ലക്ചററായി ജോലിചെയ്തു. സാമൂഹികപ്രവർത്തക കൂടിയായ ഹരിണി 2020-ലാണ് എൻപിപി ദേശീയ സഖ്യത്തിലൂടെ പാർലമെന്റംഗമായത്.



അക്കാദമിക പശ്ചാത്തലത്തിൽനിന്ന് പ്രധാനമന്ത്രി സ്ഥാനത്തെത്തുന്ന ശ്രീലങ്കയിലെ ആദ്യ രാഷ്ട്രീയക്കാരിയാണ് ഇവർ. കഴിഞ്ഞ കാൽ നൂറ്റാണ്ടോളമായി ഇന്ത്യയിൽ വനിതാ പ്രധാനമന്ത്രി ഉണ്ടായിട്ടില്ല. മൂന്നുതവണ പ്രധാനമന്ത്രിയായ ബന്ദാരനായികെ നവംബർ 1994 മുതൽ 2000 വരെയാണ് അവസാനം ഈ സ്ഥാനം അലങ്കരിച്ചത്.

## ഇന്ത്യയുടെ ഒരു പ്രദേശത്തെയും 'പാകിസ്താൻ' എന്ന് വിളിക്കരുത്: സുപ്രീംകോടതി

ന്യൂഡൽഹി: ഇന്ത്യയുടെ ഒരു പ്രദേശത്തെയും 'പാകിസ്താൻ' എന്ന് വിളിക്കരുതെന്നും അത് ഇന്ത്യയുടെ അഖണ്ഡതയ്ക്ക് എതിരാണെന്നും സുപ്രീംകോടതി. ഏതെങ്കിലും സമുദായത്തെക്കുറിച്ച് മുൻവിധിയുണ്ടാക്കുന്ന തരത്തിലുള്ള പരാമർശങ്ങൾ ജഡ്ജിമാർ ഒഴിവാക്കണമെന്നും സുപ്രീംകോടതി നിർദേശിച്ചു.

കർണാടക ഹൈക്കോടതി ജഡ്ജിയുടെ വിവാദപരാമർശങ്ങളിൽ ആശങ്ക രേഖപ്പെടുത്തിക്കൊണ്ടാണ് ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡ് അധ്യക്ഷനായ അഞ്ചംഗബെഞ്ച് ഇക്കാര്യം വ്യക്തമാക്കിയത്. അതേസമയം, വിവാദ പരാമർശങ്ങൾ നടത്തിയ ജസ്റ്റിസ് വേദവ്യാസാചാർ ശ്രീശാനന്ദയുടെ മാപ്പപേക്ഷ സ്വീകരിച്ച സുപ്രീംകോടതി, ഇതുസംബന്ധിച്ച് സ്വമേധയായെടുത്ത കേസ് തീർപ്പാക്കി. കേസ് പരിഗണിക്കുന്നതിനിടെ ബെംഗളൂരുവിലെ മുസ്‌ലിം ഭൂരിപക്ഷമുള്ള ഒരു മേഖലയെ ജസ്റ്റിസ് ശ്രീശാനന്ദ 'പാകിസ്താൻ' എന്ന് വിശേഷിപ്പിച്ചതാണ് വിവാദമായത്.

## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പിലെ ക്രമക്കേടുകൾ നീക്കുന്നു

ആലപ്പുഴ: ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പിലെ വ്യാപക ക്രമക്കേടുകൾ പുറത്തുവരാൻ തുടങ്ങിയതോടെ, നടന്ന ഇടപാടുകൾ ക്രമപ്പെടുത്താൻ നെട്ടോട്ടം. വിവിധ സെക്ഷനുകളിൽ ഫയൽ നീക്കം തകൃതിയായി. തുക അനുവദിച്ച ഇടപാടുകളിൽ രേഖകൾ ക്രമപ്പെടുത്താനും അന്വേഷണത്തിനു മുൻപേ കഴിയുന്നത്ര തുക അനുവദിക്കാനുമാണു ശ്രമം.

നവകേരള സദസ്സുമായി ബന്ധപ്പെട്ട അച്ചടി, വീഡിയോ ഡോക്യുമെന്റേഷൻ, പരസ്യ പ്രചാരണം തുടങ്ങിയവയുടെ ബിൽ തുക പാസാക്കാനുള്ള ഫയലുകൾ അന്തിമ ഉത്തരവിനായി പിആർഡി ഡയറക്ടർക്കു മുന്നിലെത്തി. മുഖ്യമന്ത്രിയുടെ ഓഫീസിലെ ഒരു പ്രമുഖന്റെ മകന്റെ സ്ഥാപനം നവകേരള സദസ്സിന്റെ ലൈവ് സ്ട്രീമിങ് നടത്തിയ വകയിൽ സമർപ്പിച്ച വൻതുകയ്ക്കുള്ള ബില്ലുകളും കൂട്ടത്തിലുണ്ട്.

ടെൻഡർ നടപടി മറികടക്കാൻ കോസ്റ്റ് കമ്മിറ്റിയുടെ അംഗീകാരം നേടിയാണു ബില്ലുകൾ ഡയറക്ടർക്കു മുന്നിലെത്തിയത്. ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ആരോപണം നേരിടുന്നയാളും ഈ കോസ്റ്റ് കമ്മിറ്റിയിലുണ്ട്. മറ്റ് അംഗങ്ങൾ വകുപ്പിനു പുറത്തുനിന്നുള്ളവരാണ്. ക്രമക്കേടുകൾ ബോധ്യപ്പെട്ടതിനെ തുടർന്നു നേരത്തെ ബില്ലുകൾ തടഞ്ഞുവെച്ച വകുപ്പിലെ ഉന്നതൻ സമ്മർദത്തെത്തുടർന്നു വഴങ്ങിയെന്നാണു സൂചന.

പിആർഡിയിൽ ആരോപണം നേരിടുന്ന ഒരു ഉന്നത ഉദ്യോഗസ്ഥൻ സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ തലസ്ഥാന നഗരത്തിൽ രണ്ട് വർഷം മുൻപ് ഫ്ളാറ്റ് വാങ്ങിയതു ക്രമപ്പെടുത്തി അനുമതി നേടാനുള്ള അപേക്ഷയും ഇപ്പോൾ വന്നവയുടെ കൂട്ടത്തിലുണ്ട്. ഗവ. ഉദ്യോഗസ്ഥർ സ്വത്തുവിവരം സംബന്ധിച്ച പത്രിക വർഷംതോറും ഓഫീസ് മേധാവിക്കോ വകുപ്പ് തലവനോ സമർപ്പിക്കണമെന്നാണു ചട്ടം. ഈ പത്രികയിൽ ഉദ്യോഗസ്ഥൻ ഫ്ളാറ്റിന്റെ വിവരം വെളിപ്പെടുത്തിയിരുന്നില്ല.

ഇതേപ്പറ്റി വിവിധ തലങ്ങളിൽനിന്നു പരാതി വന്നതോടെയാണു മുൻകാല പ്രാബല്യത്തോടെ അനുമതി തേടി അപേക്ഷ നൽകിയിരിക്കുന്നത്.


HEATING & AIR CONDITIONING

Honest Reliable Professional

Lifetime Comfort, Inc
HEATING, AIR CONDITIONING AND ENERGY MANAGEMENT

Services at Reasonable Rates
847-924-4277
LIFETIME COMFORT. INC

Repairs • Maintenance • Installation
Air Conditioners • Furnaces • Boilers
Water Heaters • Humidifiers




• Honest • Reliable
• Licensed • Insured • Bonded

Contact: Eby Elakkatt
16 years of experience
Forlifetimecomfort@gmail.com

We Offer FREE Second Opinion

PINNACLE MORTGAGE
MAKING YOUR DREAMS COME TRUE



George Kurian
Mortgage Specialist
NMLS ID 220917

1325 Wiley Rd Suite 160
Schaumburg, IL 60173
NMLS ID 2278494 Lic # MB.6761681
8473408708
avicote2@gmail.com
http://pinnacle.mortgage

"Licensed to originate Mortgage both in Illinois and Georgia"


B&M
AUTO COLLISION CTR
Anish Eapen and Bob Trytko want to wish you a Happy New Year
Fast and EFFICIENT
Quality REPAIR
WE WORK WITH ALL INSURANCE COMPANIES, CALL ANISH EAPEN @ 773-263-9863
4440 West Addison
Chicago, IL 60641
Tel: 773-685-3200
Fax: 773-685-7388
www.bmautocollision.com


കൈരളി ടി. വി.
KAIRALI THE MALAYALAM CHANNEL
ഒരു ജനതയുടെ ആത്മാവിഷ്ക്കാരം
എന്നും ജനങ്ങളോടൊപ്പം
KAIRALI
KAIRALI NEWS
WE
ARABIA
Mammootty
Chairman, Kairali TV
John Brittas
Managing Director, Kairali TV
+VE VIBES @INDIANA
Jose Kadapuram
Director in USA
Tel: 914 954 9586
email: kairalitvny@gmail.com
Jose Plackatt,
Director - Production
Tel: 972 839 9080
AMERICAN CAFE
Call:1855-734-0444
Time: SUNDAY - 9.00PM to 10.00PM.
Eastern time zone (New York)
AMERICAN FOCUS
Time: SUNDAY 8.30PM to 9.00PM
Eastern time zone (New York)
KAIRALI NEWS USA
Time: SATURDAY 8.30PM to 9.00PM
Eastern time zone (New York)
PRODUCTION TEAM
New York:- Binu Thomas Tel: 516 322 3919.
New York:- Jacob Manuel Tel: 516 418 8406
Houston:- Abyson Abraham Tel: 914 439 6715.
Chicago:- Dominic Chollampel Tel: 847 436 6199
Pennsylvania:- Giji, Tel: 215 820 2125.
American Cafe
AMERICAN Focus
USA WEEKLY NEWS
KAIRALI
dish NETWORK
Tel:1-888-605-7572
WATCH LIVE MALAYALAM CHANNELS 1 (888) 363-1777
sling മലയാളം TELEVISION

# പിണറായിക്കും സിപിഎമ്മിനുമെതിരെ അൻവർ

നിലമ്പൂർ: മുഖ്യമന്ത്രി പിണറായി വിജയനെതിരെ യുദ്ധപ്രഖ്യാപനം നടത്തി പി.വി. അൻവർ എംഎൽഎ. മുഖ്യമന്ത്രി പൂർണ പരാജയമാണെന്നും ആഭ്യന്തരവകുപ്പ് ഒഴിയണമെന്നും അൻവർ ആവശ്യപ്പെട്ടു. സിപിഎമ്മിന്റെ വിലക്ക് ലംഘിച്ച് നിലമ്പൂരിൽ മാധ്യമങ്ങൾക്കു മുന്നിൽ പരസ്യപ്രതികരണവുമായി എത്തുകയായിരുന്നു അൻവർ. ഈയിടെ സിപിഎം സംസ്ഥാന സെക്രട്ടേറിയറ്റിൽ മുഖ്യമന്ത്രിയുടെ പൊളിറ്റിക്കൽ സെക്രട്ടറി പി. ശശിക്കു മുഖ്യമന്ത്രിയുടെയും സിപിഎമ്മിന്റെയും ക്ലീൻചിറ്റ് ലഭിച്ചതും അൻവറിനു മുന്നറിയിപ്പ് നൽകിയതുമാണ് വിലക്കു മറികടന്ന് മുഖ്യമന്ത്രിക്കെതിരെ ആഞ്ഞടിക്കാൻ അൻവറിനെ പ്രേരിപ്പിച്ചത്.


നിലമ്പൂരിൽ നടത്തിയ വാർത്താസമ്മേളനത്തിൽ പി.വി. അൻവർ സംസാരിക്കുന്നു.

മുഖ്യമന്ത്രിക്കെതിരെ അതീവഗുരുതര വിഷയങ്ങളാണ് അൻവർ വെട്ടിത്തുറന്നു പറഞ്ഞത്. "എന്റെ പരാതിയിൽ മുഖ്യമന്ത്രി നടപടിയെടുക്കുമെന്നും വിശ്വാസമുണ്ടായിരുന്നു. എന്നാൽ എഡിജിപി എം.ആർ. അജിത്കുമാർ എഴുതിക്കൊടുക്കുന്ന തിരക്കഥ വായിക്കുകയാണ് അദ്ദേഹം ചെയ്യുന്നത്. ഇപ്പോൾ മുഖ്യമന്ത്രിയിൽ പൂജ്യം വിശ്വാസമാണ്. മരംമുറിക്കേസും എഡിജിപിക്കെതിരായ അന്വേഷണവും ശരിയായ ദിശയിലല്ല. സ്വർണക്കടത്തുകാർക്ക് പോലീസ് കൂട്ടുനിൽക്കുന്നു"- അൻവർ പറഞ്ഞു.

"ആരോപണങ്ങൾ പരിശോധിക്കുന്നുണ്ടെന്ന് പാർട്ടി പറഞ്ഞതു വിശ്വസിച്ചു. അതിനാൽ നിർദേശം പാലിച്ചു. എന്നാൽ അന്വേഷണം ശരിയായ ദിശയിലല്ല നടക്കുന്നതെന്നു ബോധ്യമായി. റിദാൻ വധക്കേസിലും പോലീസ് നടത്തിയ അന്വേഷണം ശരിയല്ല. പാർട്ടിയിലായിരുന്നു എന്റെ പ്രതീക്ഷ മുഴുവനും. കാര്യങ്ങൾ അന്വേഷിക്കട്ടെ എന്നുപോലും പാർട്ടി സെക്രട്ടറി പറഞ്ഞില്ല. എല്ലാ ഉറപ്പുകളും പാർട്ടി ലംഘിച്ചു. പാർട്ടിയിലെ സാധാരണക്കാർക്കൊപ്പം പ്രവർത്തിച്ചാണ് ഇവിടെവരെയെത്തിയത്. എന്നാൽ, അവരുടെ വിഷയങ്ങൾ പരിശോധിക്കാൻ പാർട്ടി തയാറല്ല. പൊളിറ്റിക്കൽ സെക്രട്ടറിക്കെതിരായ ആരോപണത്തിൽനിന്നു മാറാൻ ഉദ്ദേശിക്കുന്നില്ല."

പി. ശശിക്കെതിരെ അന്വേഷണം നടത്തിയില്ലെന്നു മാത്രമല്ല, തന്നെ അപമാനിക്കുന്ന രീതിയിൽ പാർട്ടി സെക്രട്ടറിയും മുഖ്യമന്ത്രിയും പ്രസ്താവന നടത്തി. മുഖ്യമന്ത്രി കള്ളക്കടത്തുകാരിൽ ഒരാളായി തന്നെ ചിത്രീകരിച്ചു. എന്നെ ചതിക്കുകയായിരുന്നു ആ മനുഷ്യൻ. ഇത് എനിക്ക് വല്ലാത്ത ഡാമേജുണ്ടാക്കി. അദ്ദേഹത്തെ തിരുത്താൻ പാർട്ടി തയാറായില്ല. അടിമത്തമാണു പാർട്ടിയിൽ. പാർട്ടി തനിക്കു നൽകിയ ഉറപ്പുകളെല്ലാം ലംഘിക്കപ്പെട്ടു. ഇനി വിശ്വാസം കോടതിയിലാണെന്നും താൻ ഹൈക്കോടതിയെ സമീപിക്കുമെന്നും അൻവർ പറഞ്ഞു.

തൃശൂർ പൂരം എഡിജിപിയെക്കൊണ്ട് കലക്കിയത് ആരാണെന്ന ചോദ്യത്തിന്, അത് പകൽപോലെ വ്യക്തമല്ലേ എന്നായിരുന്നു മറുപടി. സിപിഎമ്മിനും പ്രവർത്തകർക്കും ഒപ്പമാണു താൻ. പാർട്ടിയെ നശിപ്പിക്കാൻ ശ്രമിക്കുന്ന പുഴുക്കുത്തുകൾക്കെതിരെയാണു പോരാട്ടം. കോടിയേരി ബാലകൃഷ്ണൻ ഉണ്ടായിരുന്നെങ്കിൽ തനിക്ക് ഇങ്ങനെ പത്രസമ്മേളനം നടത്തേണ്ട ഗതി വരില്ലായിരുന്നു. അദ്ദേഹം മരണപ്പെട്ട സമയത്ത് വിലാപയാത്ര നടത്തിയില്ല. തിരുവനന്തപുരം എകെജി സെന്റർ മുതൽ കണ്ണൂർ വരെയുള്ള സഖാക്കൾക്ക് അന്ത്യോപചാരം അർപ്പിക്കാൻ കഴിഞ്ഞില്ല. പിറ്റേദിവസം മുഖ്യമന്ത്രിക്കു വിദേശയാത്രയ്ക്കു പോകേണ്ടതിനാലാണ് ഇത്തരമൊരു ക്രമീകരണം നടത്തിയത്. ഇതു സഖാക്കളിലുണ്ടാക്കിയ വേദന ഇപ്പോഴും മാറിയിട്ടില്ലെന്ന് അൻവർ പറഞ്ഞു.

സിപിഎം സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻ നിസഹായനാണെന്ന് അൻവർ പറഞ്ഞു. പാർട്ടിയെയും ഭരണത്തെയും നിയന്ത്രിക്കുന്നത് ഉപജാപക സംഘമാണ്. ഈ സംഘമാണു മുഖ്യമന്ത്രിയെ നിയന്ത്രിക്കുന്നത്. മുതിർന്ന നേതാക്കൾക്കുപോലും പാർട്ടിയിൽ അഭിപ്രായം പറയാൻ അവസരമില്ല.

പാർലമെന്ററി പാർട്ടി അംഗത്വത്തിൽനിന്ന് പുറത്താക്കുമോയെന്ന ചോദ്യത്തിന്, സ്വതന്ത്രനായ താൻ ഇപ്പോൾ സെക്യൂരിറ്റിയുടെ റോളിലാണ് ഉള്ളതെന്നും അവിടെനിന്നു പുറത്താക്കിയാൽ റോഡിലിറങ്ങി നിൽക്കുമെന്നും താൻ എംഎൽഎ സ്ഥാനം രാജിവെക്കുമെന്ന മോഹം ആർക്കും വേണ്ടെന്നും ഈ നിയമസഭയുടെ കാലാവധി കഴിയുംവരെ എംഎൽഎ സ്ഥാനത്ത് ഉണ്ടാകുമെന്നും അൻവർ പറഞ്ഞു.

# ഗാന്ധിചിത്രമുള്ള സ്റ്റാമ്പുകൾ ഇല്ലാതാകുന്നു

കണ്ണൂർ: പോസ്റ്റ് ഓഫീസുകളിൽ ഗാന്ധിചിത്രങ്ങളുള്ള സ്റ്റാമ്പുകൾ ഇല്ലാതാകുന്നു. ഒക്ടോബർ രണ്ടിന് ഗാന്ധിജയന്തിയുമായി ബന്ധപ്പെട്ട പരിപാടികളുടെ ക്ഷണക്കത്തുകളിൽ ഗാന്ധിചിത്രമുള്ള സ്റ്റാമ്പ് പതിക്കാനെത്തിയവർക്ക് ലഭിച്ചത് നിരാശകലർന്ന മറുപടി.

നൂറിലധികം രാജ്യങ്ങൾ മഹാത്മാഗാന്ധിയുടെ മുഖവും ആശയങ്ങളും അടങ്ങിയ തപാൽ സ്റ്റാമ്പുകൾ അച്ചടിച്ചിറക്കിയിട്ടുണ്ട്. ഗാന്ധിജിയുമായി ബന്ധപ്പെട്ട് സ്വാതന്ത്ര്യസമരത്തിന്റെ വിവിധ ഏടുകൾ ചിത്രീകരിച്ചിറക്കിയ സ്റ്റാമ്പുകളും ഓർമയിലേക്ക് മായുകയാണ്.




ബാലഗംഗാധര തിലകൻ, എ.ബി. വാജ്പേയി, എം.എസ്. സുബ്ബലക്ഷ്മി, ശ്രീനിവാസ രാമാനുജൻ, രാജേന്ദ്ര പ്രസാദ്, ഛത്രപതി ശിവജി, എ.പി.ജെ. അബ്ദുൾ കലാം, രവീന്ദ്രനാഥ ടാഗോർ എന്നിവരുടെ ചിത്രങ്ങളുമായുള്ള സ്റ്റാമ്പുകളാണ് ഇപ്പോൾ പോസ്റ്റ് ഓഫീസുകളിലുള്ളത്.

ഗാന്ധിജിയുടെയും ജവാഹർലാൽ നെഹ്റുവിന്റെയും സ്റ്റാമ്പുകൾ എവിടെയെങ്കിലും വിറ്റുപോകാതെയുണ്ടെങ്കിൽ മാത്രം ലഭിക്കുമെന്നതാണ് നിലവിലെ സ്ഥിതി. മുൻ പ്രധാനമന്ത്രിമാരായ ഇന്ദിരാഗാന്ധിയുടെയും രാജീവ് ഗാന്ധിയുടെയും ചിത്രങ്ങളടങ്ങിയ സ്റ്റാമ്പുകൾ 2015-ൽ പിൻവലിച്ചിരുന്നു.

2008-ൽ ആധുനിക ഇന്ത്യയുടെ ശില്പികൾ എന്ന പരമ്പരയിൽ യുപിഎ സർക്കാർ പുറത്തിറക്കിയ സ്റ്റാമ്പുകളാണ് പിൻവലിച്ചത്.

അവയ്ക്ക് പകരം ദീൻദയാൽ ഉപാധ്യായ, ജയപ്രകാശ് നാരായൺ, ശ്യാമ പ്രസാദ് മുഖർജി, രാം മനോഹർ ലോഹ്യ എന്നിവരുടെ ചിത്രങ്ങളുള്ള സ്റ്റാമ്പുകളാണ് ഇറക്കിയത്. മഹാത്മാഗാന്ധി, നെഹ്റു, മദർ തെരേസ, ബി.ആർ. അംബേദ്കർ എന്നിവരുടെ സ്റ്റാമ്പുകൾ അന്ന് നിലനിർത്തിയിരുന്നു.

മഹാത്മാഗാന്ധി, നെഹ്റു, ഇന്ദിര, രാജീവ് സ്മരണകൾ തുടച്ചുനീക്കാനുള്ള രഹസ്യനീക്കമാണ് നടക്കുന്നതെന്ന് കാനന്നൂർ ഫിലാറ്റലിക് ക്ലബ് സ്ഥാപക സെക്രട്ടറി മുഹമ്മദ് റഷീദ് വട്ടപ്പൊയിൽ പറഞ്ഞു.

# ഹേമ കമ്മിറ്റി റിപ്പോർട്ട് പൂഴ്ത്തിവെച്ചതിൽ കോടതിയുടെ രൂക്ഷവിമർശനം

കൊച്ചി: ഹേമ കമ്മിറ്റി റിപ്പോർട്ട് പൂഴ്ത്തിവെച്ചതിൽ സർക്കാരിന് ഹൈക്കോടതിയുടെ രൂക്ഷവിമർശനം. സർക്കാർ നിഗൂഢ നിശബ്ദതയാണു പുലർത്തിയതെന്ന് ഹൈക്കോടതി ചൂണ്ടിക്കാട്ടി. ഹൈക്കോടതിയുടെ ഇടപെടൽകൊണ്ടു മാത്രമാണ് റിപ്പോർട്ട് വെളിച്ചം കണ്ടത്. തുടർന്ന് റിപ്പോർട്ടിൽ പരാമർശിക്കുന്നവർക്കെതിരെ നടപടിയെടുക്കാൻ സർക്കാർ പ്രത്യേക അന്വേഷണസംഘത്തെ നിയോഗിച്ചു. പക്ഷേ ഇരകളുടെ പ്രത്യേക പരാതികൾ വേണ്ടിവന്നു.

റിപ്പോർട്ട് സൂക്ഷിച്ചുവെച്ചതിലെ നിയമവശങ്ങൾ ഡിവിഷൻബെഞ്ച് പരിശോധിക്കുന്നതിനാൽ അതിലേക്കു കടക്കുന്നില്ലെന്ന് സിദ്ദിഖിന്റെ മുൻകൂർ ജാമ്യം തള്ളിയ ഉത്തരവിൽ ജസ്റ്റിസ് ഡയസ് പറഞ്ഞു. എന്നാൽ, റിപ്പോർട്ട് പുറത്തുവിടണമെന്ന ഹൈക്കോടതി ഉത്തരവാണ് ഈ കേസിലെ അതിജീവിതയെപ്പോലെ പല ഇരകൾക്കും മുന്നോട്ടു നീങ്ങാനുള്ള തന്റേടം നൽകിയതെന്നും കോടതി പറഞ്ഞു. ഇരയുടെ സ്വഭാവം സംബന്ധിച്ചു പരാമർശം നടത്തിയ സിദ്ദിഖിന്റെ അഭിഭാഷകന്റെ വാദത്തെയും കോടതി വിമർശിച്ചു. തുറന്നു സംസാരിച്ചതിന്റെയും മറ്റും പേരിൽ ഒരു വനിതയെ കുറ്റപ്പെടുത്തുന്നത് അവരെ നിശബ്ദമാക്കാനുള്ള തന്ത്രമായി കരുതണം.

നിയമവാഴ്ചയെന്ന പരമാധികാരത്തെ അവമതിക്കുന്നതിനു തുല്യമാണിത്. പീഡനത്തെ എതിർത്തപ്പോൾ, ഇതു പുറത്തുപറഞ്ഞാൽ ആരും വിശ്വസിക്കില്ലെന്നും എന്നെ സംബന്ധിച്ച് നീ വട്ടപ്പൂജ്യമാണെന്നും സിദ്ദീഖ് പറഞ്ഞതായും യുവതിയുടെ മൊഴിയിലുണ്ട്. സ്ത്രീ, ഉന്നതയായാലും താഴേത്തട്ടിലായാലും സമൂഹം അവരുടെ അന്തസ് മാനിക്കണമെന്നു ബൽക്കിസ് കേസിൽ സുപ്രീംകോടതി പറഞ്ഞിട്ടുണ്ടെന്നും കോടതി ചൂണ്ടിക്കാട്ടി.


BIJU JAMES
Mortgage Loan Originator
NMLS# 2023450
bijujamescitywide@gmail.com
(847) 471 4423
- Pre Approvals in minutes !!!
- Low Down Payments for Qualified Customers
Illinois Residential Mortgage Licensee


Citywide Mortgage of America Corp.
Offiece: (773) 202-2600, Fax: (773) 202 2605
NMLS (Office)# 255253
Visit: www.citywidema.com
4323 W Irving Park 1B, Chicago,
Illinois 60641

വഴിത്താരകൾ
കേരളാ എക്സ്പ്രസ് KERALA EXPRESS
Weekly Newspaper National Edition from Chicago
കേരളാ എക്സ്പ്രസ്സിലെ ശ്രദ്ധേയമായ പംക്തി
നിങ്ങളുടെ ജീവിതം ഞങ്ങളോട് പറയാൻ താല്പര്യമുണ്ടോ?
വെറും ജീവിതമല്ല കേട്ടോ,
മറ്റുള്ളവർക്ക് വേണ്ടി മാറ്റിവെച്ച ജീവിതം,
മാതൃകയാക്കാവുന്ന ജീവിതം,
ഉണ്ടെങ്കിൽ മുഖത്ത് നോക്കി നിങ്ങളുടെ കഥ പറയാം
ഇതാ ഒരു സുവർണ്ണാവസരം..!
കേരളാ എക്സ്പ്രസിന്റെ 'വഴിത്താരകൾ' എന്ന പംക്തിയിലൂടെ
ഇനി ലോകം നിങ്ങളെ അറിയട്ടെ
വിശദവിവരങ്ങൾക്കായി കേരള എക്സ്പ്രസ്സ് എക്സിക്യൂട്ടീവ് എഡിറ്റർ ജോസ് കണിയാലിയുമായി (630)728-7956 ബന്ധപെടുക.

# അർജുന് വീട്ടുവളപ്പിൽ അന്ത്യവിശ്രമം

കോഴിക്കോട്: ഗംഗാവലിപ്പുഴയുടെ ആഴങ്ങളിൽനിന്ന് 72-ാം നാളിൽ അർജുന്റെ മൃതദേഹം ട്രക്കിന്റെ കാബിനിൽ കുടുങ്ങിയ നിലയിൽ കണ്ടെത്തി. മലയിടിച്ചിലിൽ അകപ്പെട്ട അർജുന്റെ ട്രക്ക് പുഴയുടെ അടിത്തട്ടിൽ 12 മീറ്റർ ആഴത്തിൽ മണ്ണിൽ പൂണ്ടുകിടക്കുകയായിരുന്നു.

72 ദിവസമായി മലയാളികളെയൊന്നാകെ ആശങ്കയുടെയും ആകാംക്ഷയുടെയും മുൾമുനയിലാക്കിയ ചോദ്യങ്ങൾക്കാണ് സെപ്റ്റംബർ 25-ന് ഉച്ച കഴിഞ്ഞ് മൂന്നോടെ ഷിരൂർ ഗംഗാവലിപ്പുഴ ഉത്തരം നൽകിയത്. മനുഷ്യരും യന്ത്രസംവിധാനങ്ങളും ചേർന്നു നടത്തിയ അതീവ ദുഷ്കരമായ തെരച്ചിലിലാണ് കോഴിക്കോട് വേങ്ങേരി കണ്ണാടിക്കൽ മൂരാടിക്കുഴിയിൽ പ്രേമന്റെ മകൻ അർജുന്റെ (30) മൃതദേഹഭാഗങ്ങൾ ഉൾപ്പെടെ ലോറി കണ്ടെത്തിയത്. കാർവാറിലെ ആശുപത്രിയിൽനിന്ന് ഡിഎൻഎ പരിശോധനയ്ക്ക് ശേഷം മൃതദേഹം കോഴിക്കോട്ടെ അർജുന്റെ വീട്ടിലെത്തിച്ചു.

അർജുന് ആദരമർപ്പിക്കാൻ കണ്ണാടിക്കലിലേക്ക് നൂറുകണക്കിനാളുകൾ എത്തിയിരുന്നു. വീട്ടിനുള്ളിൽ കുടുംബം അർജുന് അന്ത്യാഞ്ജലി അർപ്പിച്ചശേഷം മൃതദേഹം മുറ്റത്തെ പന്തലിൽ പൊതുദർശനത്തിന് വെച്ചു. ഒരു കിലോമീറ്ററോളം നീളത്തിലാണ് അന്ത്യാഞ്ജലി അർപ്പിക്കാനെത്തിയവരുടെ നിര നീണ്ടത്. തുടർന്ന് സംസ്കാരം വീട്ടുവളപ്പിൽ നടത്തി.

സെപ്റ്റംബർ 27-ന് രാത്രി മുതൽ കണ്ണാടിക്കൽ നിവാസികൾ അർജുന്റെ





മൃതദേഹം എത്തുന്നതും കാത്ത് ഉറക്കമൊഴിച്ച് കാത്തിരിക്കുകയായിരുന്നു. പുലർച്ചെ മുതൽ കണ്ണാടിക്കൽ അങ്ങാടിയിൽ ആളുകൾ കാത്തുനിന്നു. 28-ന് രാവിലെ എട്ട് മണിയോടെ മൃതദേഹം എത്തുമെന്നാണ് അറിയിച്ചിരുന്നതെങ്കിലും രാവിലെ ആറ് മുതൽ തന്നെ ആളുകൾ കവലയിൽ എത്തിയിരുന്നു. 8.15-ന് മൃതദേഹം കണ്ണാടിക്കൽ എത്തിയപ്പോഴേക്കും നൂറുകണക്കിനാളുകളാണ് തടിച്ചുകൂടിയത്. തുടർന്ന് ആംബുലൻസിന് പിന്നാലെ ആളുകൾ വിലാപയാത്രയായി കണ്ണാടിക്കലിലെ വീട്ടിലേക്ക് നടന്നു. റോഡിനിരുവശവും സ്ത്രീകളും കുട്ടികളും കാത്തുനിന്നു. സ്ത്രീകളും പ്രായമായ അമ്മമാരും വിതുമ്പിക്കരഞ്ഞു. സ്വന്തം മകനെ നഷ്ടപ്പെട്ടതിന്റെ വേദന അവരുടെ മുഖത്ത് നിഴലിച്ചു. ജനക്കൂട്ടം അർജുന്റെ ചിത്രം അടങ്ങിയ ബാഡ്ജ് ധരിച്ച് ആംബുലൻസ് എത്തുന്നതും കാത്തിരുന്നു. എല്ലാവർക്കും പറയാനുണ്ടായിരുന്നത് അർജുന്റെ സഹജീവി സ്നേഹത്തെക്കുറിച്ചായിരുന്നു. പ്രളയ സമയത്തെ അർജുന്റെ പ്രവർത്തനങ്ങൾ പലരും ഓർത്തെടുത്തു. അർജുൻ മടങ്ങിവരുമെന്ന് പ്രതീക്ഷിച്ചിരുന്നവർ ഓർമകളിൽ വിങ്ങിപ്പൊട്ടി.

വീടിന് സമീപത്തെത്തിയപ്പോൾ പോലീസിന് ആളുകളെ നിയന്ത്രിക്കേണ്ടി വന്നു. തുടർന്ന് കുറച്ച് ആളുകളെ മാത്രമായി കടത്തിവിടാൻ തുടങ്ങി. വീടും പരിസരവുമെല്ലാം ഇതിനകംതന്നെ ആളുകളെക്കൊണ്ട് തിങ്ങി നിറഞ്ഞു. നാട്ടുകാരുടെ പ്രിയപ്പെട്ട അർജുന്റെ മൃതദേഹം ഒരു നോക്കുകാണാനുള്ള ആഗ്രഹത്തോടെ രാവിലെ മുതൽ കാത്തുനിൽക്കുകയായിരുന്നു അവർ. രാവിലെ ജില്ലാ അതിർത്തിയായ അഴിയൂരിൽ കേരള സർക്കാരിന്റെ പ്രതിനിധിയായി മന്ത്രി എ.കെ. ശശീന്ദ്രന്റെ നേതൃത്വത്തിലാണ് മൃതദേഹം ഏറ്റുവാങ്ങിയത്. മുങ്ങൽ വിദഗ്ധൻ ഈശ്വർ മാൽപെയും കാർവാർ എംഎൽഎ സതീഷ് സെയിലും മൃതദേഹത്തെ അനുഗമിച്ചു. സംസ്കാരത്തിനു ശേഷം തൊട്ടടുത്ത വയലിൽ അനുശോചന യോഗവും നടത്തി. നാട്ടിലെ വിവിധ രാഷ്ട്രീയപാർട്ടി പ്രതിനിധികൾ, സാംസ്കാരിക സാമൂഹിക പ്രവർത്തകർ, ക്ഷേത്രപ്രതിനിധികൾ, പള്ളിക്കമ്മിറ്റി പ്രതിനിധികൾ തുടങ്ങി എല്ലാവരും അർജുന്റെ ഓർമകളിൽ ഒത്തുചേർന്നു.

അർജുന്റെ സഹോദരി അഞ്ജുവിന്റെ ഭർത്താവ് ജിതിനും ലോറി ഉടമ മനാഫുമാണ് ലോറി കണ്ടെടുക്കുമ്പോൾ ഷിരൂരിലുണ്ടായിരുന്നത്. ദൗത്യത്തിന് തുടക്കം മുതൽ നേതൃത്വം നൽകിയ കാർവാർ എംഎൽഎ സതീഷ് കൃഷ്ണ സെയിലും ജില്ലാ പോലീസ് മേധാവി പി. നാരായണയുമാണ് ലോറി കണ്ടെടുത്ത കാര്യം ആദ്യം സ്ഥിരീകരിച്ചത്. റിട്ട. മേജർ ജനറൽ ഇന്ദ്രബാലന്റെ നേതൃത്വത്തിലുള്ള സംഘം ഡ്രോൺ പരിശോധനയിലൂടെ ലോഹ സാന്നിധ്യം തിരിച്ചറിഞ്ഞ് അടയാളപ്പെടുത്തിയ രണ്ടാമത്തെ പോയിന്റിൽനിന്നാണ് ലോറി കണ്ടെടുത്തത്. മറ്റു പോയിന്റുകളിൽ ഡ്രഡ്ജിംഗ് നടത്തിയപ്പോൾ ദുരന്തത്തിൽ തകർന്ന ഗ്യാസ് ടാങ്കർ, ലോറിയുടെയും വൈദ്യുതി ടവറിന്റെയും ഭാഗങ്ങളും മരിച്ച ഹോട്ടലുടമ ലക്ഷ്മൺ നായിക്കിന്റെ സ്കൂട്ടറും ഹോട്ടലിന്റെ റൂഫിംഗ് ഷീറ്റുകളും കണ്ടെടുത്തിരുന്നു.

## നടിയെ ആക്രമിച്ച കേസ്: ദിലീപ് ഉൾപ്പെടെയുള്ളവർ ഹാജരായി

കൊച്ചി: നടിയെ ആക്രമിച്ച കേസിൽ നടൻ ദിലീപ് ഉൾപ്പെടെയുള്ള പ്രതികൾ വിചാരണക്കോടതിയിൽ ഹാജരായി. ഒന്നാംപ്രതിയായ എൻ.എസ്. സുനിലെന്ന പൾസർ സുനി, രണ്ടാം പ്രതി മാർട്ടിൻ ആന്റണി, മൂന്നാംപ്രതി ബി. മണികണ്ഠൻ, നാലാം പ്രതി വി.പി. വിജീഷ്, ആറാംപ്രതി പ്രദീപ്, എട്ടാം പ്രതി പി. ഗോപാലകൃഷ്ണനെന്ന ദിലീപ്, ഒൻപതാം പ്രതി സനിൽകുമാർ, പതിനഞ്ചാം പ്രതി ശരത് ജി. നായർ എന്നിവരാണ് ഹാജരായത്. അഞ്ചും ഏഴും പ്രതികൾ ഹാജരായിരുന്നില്ല. വിചാരണ നടപടികളുടെ ഭാഗമായാണ് പ്രതികൾ ഹാജരായത്. കേസിൽ പ്രോസിക്യൂഷൻ സാക്ഷികളുടെ വിസ്താരം പൂർത്തിയായിരുന്നു. ഇനി പ്രതിഭാഗം സാക്ഷികളുടെ വിസ്താരവും വാദവുമെല്ലാമാണ് നടക്കേണ്ടത്. ഇതിനിടെ കേസുമായി ബന്ധപ്പെട്ട നിയമപ്രശ്നം ചൂണ്ടിക്കാണിച്ച് പ്രോസിക്യൂഷൻ വിചാരണക്കോടതിയിൽ ഹർജി നൽകിയിട്ടുണ്ട്. കേസിൽ പ്രോസിക്യൂഷൻ സാക്ഷികളുടെ വിസ്താരം പൂർത്തിയായശേഷം പ്രതി ചേർക്കപ്പെട്ടയാൾക്ക് ക്രോസ് വിസ്താരത്തിന് നിയമപരമായ അവകാശമുണ്ടെന്ന് പ്രോസിക്യൂഷൻ ചൂണ്ടിക്കാട്ടി. സാക്ഷികളെ വിസ്തരിക്കേണ്ടതില്ലെങ്കിൽ അത് രേഖകളുടെ ഭാഗമാക്കണമെന്നാണ് ഹർജിയിൽ ആവശ്യപ്പെടുന്നത്. കേസ് നടപടികളെ പിന്നീടത് ബാധിക്കാതിരിക്കാനാണ് ഈ ആവശ്യം ഉന്നയിച്ചിരിക്കുന്നത്.

## ശബരിമല വിമാനത്താവളം: ജപ്തി ഒഴിവാക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ

കോട്ടയം: ശബരിമല വിമാനത്താവളത്തിനായി ഏറ്റെടുക്കാൻ തീരുമാനിച്ചിരിക്കുന്ന സ്ഥലം എത്രയും വേഗം ഏറ്റെടുത്ത് വസ്തു ഉടമയുടെ പേരിലുള്ള ജപ്തി നടപടി ഒഴിവാക്കണമെന്നു മനുഷ്യാവകാശ കമ്മീഷൻ റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിക്കു നിർദേശം നൽകി. ഉടൻ നഷ്ടപരിഹാരം അനുവദിക്കാത്ത പക്ഷം ചെറുവള്ളി കരിക്കത്തൂർ സെന്റർ സ്വദേശിനിയുടെ വസ്തു, ബാങ്ക് ജപ്തി ചെയ്യാൻ സാധ്യതയുണ്ടെന്നു കമ്മീഷൻ ജുഡീഷ്യൽ അംഗം കെ. ബൈജുനാഥ് ഉത്തരവിൽ ചൂണ്ടിക്കാട്ടി. 'കോട്ടയം കളക്ടർ ആവശ്യമായ ഇടപെടൽ നടത്തണം. കേരള ബാങ്ക് കരിക്കത്തൂർ ശാഖാ മാനേജർ പരാതി അനുഭാവപൂർവം പരിഗണിക്കണം. സ്വീകരിച്ച നടപടികൾ റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി രണ്ടു മാസത്തിനകം അറിയിക്കണം' - കമ്മീഷൻ വ്യക്തമാക്കി. കേരള ബാങ്ക് കരിക്കത്തൂർ ശാഖയിൽനിന്നു പരാതിക്കാരിയായ ലിജൻ മാത്യു 20 ലക്ഷം രൂപ ഭവന വായ്പയെടുത്തിരുന്നു. ഭർത്താവ് മരിച്ചതോടെ തിരിച്ചടവ് മുടങ്ങി. മൊത്തം 23.90 ലക്ഷം രൂപയാണു തിരിച്ചടയ്ക്കാനുള്ളത്. ബാങ്ക് മാനേജറുടെയും പരാതിക്കാരിയുടെയും വാദം നേരിൽ കേട്ടശേഷമാണ് കമ്മീഷന്റെ ഉത്തരവ്.



# ആർച്ച്ബിഷപ് കുര്യാക്കോസ് കുന്നശ്ശേരി അവാർഡ് ഡോ. മാത്യു പാറയ്ക്കലിന്

കോട്ടയം: കോട്ടയം അതിരൂപതയുടെ പ്രഥമ മെത്രാപ്പോലീത്ത മാർ കുര്യാക്കോസ് കുന്നശ്ശേരിയുടെ സ്മരണാർത്ഥമുള്ള ആർച്ച്ബിഷപ് കുര്യാക്കോസ് കുന്നശ്ശേരി ഫൗണ്ടേഷന്റെ




പൊതുജന സേവനത്തിലെ മികവിനുള്ള ഈ വർഷത്തെ അവാർഡ് പ്രമുഖ ഡോക്ടറും കോട്ടയം മെഡിക്കൽ കോളജ് മെഡിസിൻ വിഭാഗം മുൻ മേധാവിയുമായ ഡോ. മാത്യു പാറയ്ക്കലിന് സമ്മാനിച്ചു. ദർശന ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ ആന്ധ്രാപ്രദേശ് ഗവർണർ ജസ്റ്റിസ് എസ്. അബ്ദുൾ നസീർ പ്രശസ്തിപത്രവും 50,000 രൂപയുടെ പുരസ്കാരം അടങ്ങുന്ന അവാർഡും സമ്മാനിച്ചു. ആർച്ച്ബിഷപ് കുര്യാക്കോസ് കുന്നശ്ശേരി സാമൂഹിക പ്രതിബദ്ധതയും ദീർഘവീക്ഷണവുമുള്ള ഇടയശ്രേഷ്ഠനായിരുന്നുവെന്നും പാവങ്ങളോട് കരുണയും സാമൂഹിക പ്രതിബദ്ധതയും കൈമുതലാക്കി സഭയെ നയിച്ച മേലദ്ധ്യക്ഷനായിരുന്നെന്നും ഗവർണർ പ്രതിപാദിച്ചു. ഈ അവാർഡ് നല്കിയതിൽ താൻ അതിയായ സന്തോഷവാനാണെന്നും സാമ്പത്തിക നേട്ടങ്ങളെ നോക്കിപ്പോയിരുന്നെങ്കിൽ അദ്ദേഹം ഇപ്പോൾ ഒരു മെഡിക്കൽ കോളജിന് ഉടമയായിരിക്കുമെന്നും സാമൂഹിക പ്രതിബദ്ധതയും മനുഷ്യന്റെ ആരോഗ്യത്തിനോടും നിരാലംബരായ രോഗികളോടുമുള്ള അദ്ദേഹത്തിന്റെ ശ്രദ്ധയും പ്രശംസനീയമാണെന്നും അദ്ദേഹം പറഞ്ഞു.

ആർച്ച്ബിഷപ് കുര്യാക്കോസ് കുന്നശ്ശേരി ഫൗണ്ടേഷൻ ചെയർമാൻ ജസ്റ്റിസ് സിറിയക് ജോസഫ് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ കോട്ടയം അതിരൂപത മെത്രാപ്പോലീത്ത മാർ മാത്യു മൂലക്കാട്ട് അനുസ്മരണ പ്രഭാഷണം നടത്തി. ചങ്ങനാശേരി അതിരൂപതയുടെ നിയുക്ത മെത്രാപ്പോലീത്ത മാർ തോമസ് തറയിലും കോട്ടയം അതിരൂപത സഹായമെത്രാൻ ഗീവർഗീസ് മാർ അപ്രേമും വിശിഷ്ടാതിഥികളായിരുന്നു. തന്റെ മുന്നിൽ എത്തുന്ന ഓരോ രോഗിയെയും തികച്ചും അനുകമ്പയോടെ കാണുന്ന ഒരു വ്യക്തിയാണ് ഡോ. മാത്യു എന്നും ഒരു ഡോക്ടറുടെ യഥാർത്ഥ കടമ അദ്ദേഹത്തിന് അക്ഷരാർത്ഥത്തിൽ നിറവേറ്റാൻ സാധിച്ചുവെന്നും ജസ്റ്റിസ് സിറിയക് ജോസഫ് തന്റെ പ്രസംഗത്തിൽ പറഞ്ഞു. ഇത്രയും ഉചിതനായ ഒരു വ്യക്തിയെ അവാർഡിനായി തെരഞ്ഞെടുത്തതിൽ ഫൗണ്ടേഷൻ അംഗങ്ങൾ അഭിനന്ദനങ്ങൾ അർഹിക്കുന്നു എന്ന് ആർച്ച്ബിഷപ് മാർ മാത്യു മൂലക്കാട്ട് രേഖപ്പെടുത്തി. ഫൗണ്ടേഷൻ ട്രസ്റ്റിയും മുൻ അംബാസിഡറുമായ ടി.പി. ശ്രീനിവാസൻ ഐഎഫ്എസിനെ 80-ാം ജന്മദിനം ആഘോഷിക്കുന്ന വർഷത്തിൽ അദ്ദേഹത്തിന്റെ സാമൂഹിക സേവനങ്ങളെ മുൻനിർത്തി ചടങ്ങിൽ ആദരിച്ചു. ടി.പി. ശ്രീനിവാസനെപ്പോലെ ഒരു വ്യക്തി ആർച്ച്ബിഷപ് കുര്യാക്കോസ് കുന്നശ്ശേരി ഫൗണ്ടേഷന്റെ ട്രസ്റ്റിയായി പ്രവർത്തിക്കുന്നതിൽ ഓരോ അംഗത്തിനും അതിയായ അഭിമാനമുണ്ടെന്ന് ഫൗണ്ടേഷൻ മാനേജിംഗ് ട്രസ്റ്റി മുൻ എംപി തോമസ് ചാഴികാടൻ അഭിപ്രായപ്പെട്ടു. ഫൗണ്ടേഷൻ ഭാരവാഹിത്വത്തിലൂടെ പുതിയ കാര്യങ്ങൾ പഠിക്കുവാനും പുതിയ ബന്ധങ്ങൾ സ്ഥാപിക്കുവാനും കഴിഞ്ഞുവെന്ന് ടി.പി. ശ്രീനിവാസൻ തന്റെ മറുപടി പ്രസംഗത്തിൽ പറഞ്ഞു.

ട്രസ്റ്റിമാരായ കടുത്തുരുത്തി എംഎൽഎ അഡ്വ. മോൻസ് ജോസഫ്, ഷെവ. അഡ്വ. ജോയി ജോസഫ് കൊടിയന്തറ, സംഘാടകരായ ഡോ. ജോസഫ് സണ്ണി കുന്നശ്ശേരി, സിറിയക് ചാഴികാടൻ എന്നിവർ ചടങ്ങിൽ സംസാരിച്ചു.

# സാഹിത്യവേദി ഒക്ടോബർ 4-ന്


ചിക്കാഗോ: സാഹിത്യവേദിയുടെ അടുത്ത സമ്മേളനം ഒക്ടോബർ 4-ന് വെള്ളിയാഴ്ച ചിക്കാഗോ സമയം വൈകുന്നേരം 7.30-ന് സൂം വെബ് കോൺഫറൻസ് വഴിയായി കൂടുന്നതാ



ണ്. (Zoom Meeting Link https://us02web.zoom.us/j/81475259178 Passcode: 2990 Meeting ID: 814 7525 9178)

ഇടശ്ശേരിക്കവിതകളിലെ ദ്വന്ദ്വശില്പങ്ങൾ എന്ന വിഷയത്തിൽ മഹാകവി ഇടശ്ശേരിയുടെ മകനും വിഖ്യാത പരിഭാഷകനുമായ അശോകകുമാർ ഇടശ്ശേരി പ്രബന്ധം അവതരിപ്പിക്കുന്നതാണ്. അദ്ദേഹം കോഴിക്കോട് റീജിയണൽ എഞ്ചിനീയറിംഗ് കോളജിൽ നിന്നും എഞ്ചിനീയറിങ്ങിൽ ബിരുദമെടുത്ത് ഇന്ത്യ, ദുബായ്, ബഹ്റിൻ എന്നിവിടങ്ങളിൽ ജോലി ചെയ്തതിനു ശേഷം തൃശൂരിൽ സ്ഥിരതാമസമാക്കിയിരിക്കുന്നു. മഹാകവിയുടെ മിക്ക ലേഖനങ്ങളും ഏതാനും ചെറുകഥകളും കവിതകളും ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഇ. ഹരികുമാർ, കുട്ടിക്കൃഷ്ണ മാരാർ, എസ്. വി. വേണുഗോപൻ നായർ തുടങ്ങിയവരുടെ നിരവധി ലേഖനങ്ങളും ചെറുകഥകളും ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട്. കേരള സാഹിത്യ അക്കാഡമിയുടെ 'മലയാളം ലിറ്ററി സർവ്വേ', കേന്ദ്ര സാഹിത്യ അക്കാദമിയുടെ 'ഇന്ത്യൻ ലിറ്ററേറ്റർ' എന്നീ പ്രസിദ്ധീകരണങ്ങളിൽ അദ്ദേഹത്തിന്റെ പരിഭാഷകൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. www.edasseri.org എന്ന വെബ്സൈറ്റിൽ മിക്ക പരിഭാഷകളും ലഭ്യമാണ്.

ഒരു പൊതുവിശകലനത്തിൽ താഴെപ്പറയുന്ന ദ്വന്ദ്വങ്ങളുടെ പ്രവർത്തനം ഇടശ്ശേരിക്കവിതകളിൽ ദൃശ്യമാകുന്നു എന്ന് എം.പി ശങ്കുണ്ണി നായർ നിരീക്ഷിച്ചിട്ടുണ്ട്. ഗ്രാമവും നഗരവും വ്യക്തിയും സമൂഹവും എഴുത്തുകാരന്റെ യുക്തിവിധുരമായ സ്വപ്നലോകവും യുക്തിഭദ്രമെന്ന് അഭിമാനിക്കുന്ന അക്ഷരലോകവും, കൃഷീവല സമൂഹവും കുലീനസമൂഹവും പഴയ തലമുറയും പുതിയ തലമുറയും, ഗ്രാമകേന്ദ്രിത ഉല്പാദന വിപണനവും യന്ത്രവൽകൃത ഉല്പാദന വിപണനവും അന്യോന്യവിരുദ്ധമാകാൻ പാടില്ലാത്തതാണെങ്കിലും ഇന്ന് ഏറെക്കുറെ വിരുദ്ധമായിക്കഴിഞ്ഞിട്ടുള്ള പരിസ്ഥിതിയും വികസനവും. ഒന്നുകൂടി ആഴത്തിൽ ഇറങ്ങിയാലോ? അവിടെ കാണാം മറ്റുചില ദ്വന്ദ്വങ്ങൾ. മനുഷ്യജീവിതത്തിൽ ദ്വന്ദ്വങ്ങൾ എപ്രകാരം വർത്തിക്കുന്നു എന്നത്




1940 (ഒരുപക്ഷേ അതിനു മുൻപ് മുതൽക്ക്) 1968 വരെയുള്ള വർഷങ്ങളിൽ ഇടശ്ശേരിയുടെ ചിന്തയ്ക്ക് നിരന്തരം വിധേയമായിട്ടുള്ളതും ഇടശ്ശേരിയുടെ കവിതകളിൽ ആവർത്തിച്ചു വിഷയമായിട്ടുള്ളതുമാണ്.

(ശേഷം 24-ാം പേജിൽ)

FAMILY DENTAL Practice
9709 N. Milwaukee Ave, Glenview, Il-60025, (Northwest Corner of Milwaukee & Greenwood
Office: (847) 581-1418,
Fax: (847) 581-1445

GENERAL DENTIST, IMPLANT, ORTHODONTIC TREATMENT, GUM SURGERY, WISDOM TOOTH EXTRACTIONS
- WHITENING, VENEERS, BONDING, ROOT CANALS, GUM DISEASE, CLEANING, WHITE FILLINGS, DENTURES/PARTIALS, RELINE, CROWNS, BRIDGES, INTRA-ORAL CAMERA DIGITAL IMAGE, STATE OF THE ART STERILIZATION SYSTEM
- ORTHODONTICS (BRACES & INVISALIGN) for Children and Adult
- DISCOUNTS AVAILABLE

Dr. Susan Edukutharayil
B.D.S, D.D.S
(University of Illinois Graduate)
Practicing Dentistry in Chicago land area for the past 25 years!!
www.MyDentistToday.com

ACHIEVE REAL ESTATE GROUP, INC.
For All Your Real Estate Needs Please Call ...
THOMAS KURUVILLA KARIKULAM
Real Estate Broker
1-847-219-6050
834 Rand Rd Mount Prospect IL 60056

FULL TIME REALTOR

# WHAT IS A U VISA AND WHO QUALIFIES FOR ONE?

USCIS gives the option of applying for a U visa which will eventually allow one to apply for their green card. Congress started offering the U nonimmigrant visa in 2000 and since then, it has helped countless number of people who have been a victim of a qualifying crime. The U visa was created for victims of certain crimes who have suffered mental or physical abuse and are helpful to law enforcement or government officials in the investigation or prosecution of criminal activity *(USCIS.gov, Victims of Criminal Activity: U Nonimmigrant Status).* Generally, once granted a U visa and after being on a U visa status for three (3) years, one can apply for their green card.

To be eligible to apply for a U visa, one must have been a victim of a qualifying criminal activity. Not all crimes qualify for a U visa. Please visit the USCIS website to obtain a full list qualifying criminal activity. On that list, the following crimes can be found: abduction, abusive sexual conduct, blackmail, extortion, kidnapping, murder, hostage, rape, stalking, trafficking, torture, sexual assault, perjury, manslaughter, obstruction of justice, among others. Along with that, the victim must have suffered substantial physical or mental abuse as a result of being a victim. The victim must have information about the criminal activity. The victim is, was, or will be likely to be helpful to law enforcement in the investigation and/or prosecution of the crime. The crime must have occurred in the U.S.A. or violated U.S. law. Lastly, the victim must be admissible to the U.S.A.

The application process entails filing form I-918, Petition for U Nonimmigrant Status, Form I-918 Supplemental B, U Nonimmigrant Status Confirmation (which needs to be signed by an authorized official of law enforcement), and supporting evidence to USCIS. Supporting evidence may include a personal statement from the victim and from any witnesses to the crime, photographs, news articles, receipts, medical records, among other documents. The processing times for a U visa is approximately 60 months as of today due to the high volume of applicants for this type of visa. Please also keep in mind there is a 10,000 cap per year for U visas. Therefore, it is recommended to apply as soon as possible so your case can be reviewed and considered sooner.

It can be difficult for a victim of a crime to have to recount the hurtful events they endured and put together a case. It is strongly recommended that one hire an Immigration Attorney to help with their case and let the Attorney handle the logistics and filings so you can take a rest and work on recovering. You can contact the Law Office of Sovmya George, PLLC to discuss your case with Attorney George and learn more about the U visa and whether it would be a good option for you. We are happy to help you, and remember, you are not alone in your immigration case!



**Sovmya George, Esq.**
**Attorney/Founder**
**Law Office of Sovmya George, PLLC**
**T: 972.905.0948**
**www.lawofficesg.com**

## പിറവം വാർഷിക സംഗമം ഒക്ടോബർ 6–ന് കേരളാ സെന്ററിൽ

ന്യൂയോർക്ക്: പിറവം നേറ്റീവ് അസോസിയേഷന്റെ വാർഷിക സംഗമം ന്യൂയോർക്കിലെ കേരളാ സെന്റർ ഓഡിറ്റോറിയത്തിൽ വെച്ച് (1824 FAIRFAX ST. ELMONT NEWYORK 11003) ഒക്ടോബർ 6–ന് ഞായറാഴ്ച വൈകിട്ട് 5–ന് വിപുലമായ പരിപാടികളോടെ ആഘോഷിക്കുന്നു. അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽ താമസിക്കുന്ന പിറവത്തും പരിസരത്തുമുള്ള സ്നേഹിതരുടെ ഒരു കൂട്ടായ്മയാണ് ഈ കുടുംബസംഗമം. 29 വർഷങ്ങൾ പിന്നിട്ട അസോസിയേഷൻ പിറവം നിവാസികളുടെ ഒരു സൗഹൃദ സംഗമമാണ്. ഫാ. ചെറിയാൻ നീലാങ്കൽ എപ്പിസ്കോപ്പാ രക്ഷാധികാരിയായുള്ള സംഗമത്തിന്റെ പ്രസിഡണ്ട് മാത്യൂസ് പെരിങ്ങാമലയുടെ നേതൃത്വത്തിൽ വാർഷിക സംഗമത്തിന്റെ വിജയത്തിനായി പ്രവർത്തിക്കുന്നു.

പിറവത്തും പരിസരത്തും പലവിധത്തിലുള്ള ചാരിറ്റി പ്രവർത്തനങ്ങൾ നടത്താൻ ഇക്കാലയളവിൽ പിറവം സംഗമത്തിനു കഴിഞ്ഞിട്ടുണ്ട്. പിറവം നിവാസികളായ സ്നേഹിതർ എല്ലാവരും കുടുംബസമേതം ഈ വാർഷിക സംഗമത്തിൽ പങ്കെടുക്കാൻ പ്രിയപ്പെട്ടവരെ ക്ഷണിക്കുന്നു. 'പിറവത്ത് എന്തുണ്ട് വിശേഷം' പരിപാടിക്കു പുറമെ കുട്ടികളുടെ വിവിധ കലാപരിപാടികൾ ഉണ്ടായിരിക്കും. സ്നേഹവിരുന്നോടെ പരിപാടികൾ സമാപിക്കും.

കൂടുതൽ വിവരങ്ങൾക്ക്: മാത്യൂസ് പെരിങ്ങാമല 516 728 7695, ഷാജി 516 312 5042.

## തീരദേശ നിയന്ത്രണ ഇളവ്: കേരള പദ്ധതിയ്ക്ക് കേന്ദ്രത്തിന്റെ അംഗീകാരം

ന്യൂഡൽഹി: തീരദേശ നിയന്ത്രണ മേഖലാ നിയമത്തിൽ (സിആർസെഡ്) ഇളവിനുള്ള കേരള സർക്കാരിന്റെ പദ്ധതിക്ക് ദേശീയ തീരദേശ പരിപാലന അതോറിറ്റിയുടെ അംഗീകാരം. കേരളത്തിലെ 66 ഗ്രാമപഞ്ചായത്തുകളെ സിആർസെഡ് മൂന്നിൽനിന്നു താരതമ്യേന നിയന്ത്രണം കുറഞ്ഞ രണ്ടാം വിഭാഗത്തിലേക്കു മാറ്റുന്നതിന് കേന്ദ്ര വനം–പരിസ്ഥിതി–കാലാവസ്ഥാ വ്യതിയാന വകുപ്പിനു കീഴിലുള്ള ദേശീയ അതോറിറ്റിയുടെ സെപ്റ്റംബർ 26–ന് ചേർന്ന യോഗത്തിലാണ് അംഗീകാരം നൽകിയത്.

ആണവ ധാതുശേഖരമുള്ള (ആറ്റമിക് മിനറൽ) അമ്പലപ്പുഴ വടക്ക്, തെക്ക്, ചിറയിൻകീഴ്, കരുംകുളം, കോട്ടുകാൽ, വെങ്ങാനൂർ ഗ്രാമപഞ്ചായത്തുകളിൽ സിആർസെഡ് മൂന്നിലെ വ്യവസ്ഥകൾ ബാധകമാകും. കേരളം സമർപ്പിച്ച പ്ലാനിന് അംഗീകാരം ലഭിച്ചതിനാൽ ശേഷിച്ച 66 പഞ്ചായത്തു പ്രദേശങ്ങളിൽ നിലവിലുള്ള എഫ്ഐആർ, എഫ്എസ്ഐ ഇളവുകൾ ലഭ്യമാകുമെന്ന് ഡൽഹിയിലെ കേരളത്തിന്റെ ചുമതലയുള്ള പ്രഫ. കെ.വി. തോമസ് അറിയിച്ചു. 2019–ലെ കേന്ദ്ര തീരദേശ നിയന്ത്രണമേഖലാ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിലാണു കേരളം പദ്ധതി തയാറാക്കിയത്.

2011–ലെ സെൻസസ് പ്രകാരം ജനസംഖ്യാസാന്ദ്രത കണക്കിലെടുത്ത് ഒരു ചതുരശ്ര കിലോമീറ്ററിൽ 2,161 പേരോ കൂടുതലോ ഉള്ള പ്രദേശങ്ങൾ വികസിതമായി കണക്കാക്കി സിആർസെഡ് മൂന്ന് ബി വിഭാഗത്തിലും അതിൽ കുറഞ്ഞ ജനസംഖ്യയുള്ള പ്രദേശങ്ങളെ സിആർസെഡ് മൂന്ന് എ വിഭാഗത്തിലുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

ഇതിൽ ആദ്യവിഭാഗത്തിലെ പഞ്ചായത്തുകളിൽ കടലിന്റെ വേലിയേറ്റ രേഖയിൽനിന്ന് 200 മീറ്റർ വരെ വികസന, നിർമാണ ജോലികൾ പാടില്ലാത്തവയായി തുടരും. നേരത്തേ ഇതേ ഗണത്തിലായിരുന്ന ജനസംഖ്യ കുറഞ്ഞ എ വിഭാഗത്തിലെ പ്രദേശങ്ങളിൽ ഈ നിയന്ത്രണം 50 മീറ്ററാക്കി കുറച്ചിട്ടുണ്ട്.

ഉൾനാടൻ ജലാശയങ്ങളുടെ സിആർസെഡ് മൂന്ന് വിഭാഗത്തിൽ വേലിയേറ്റ രേഖയിൽനിന്നുള്ള ദൂരപരിധി 100 മീറ്ററിൽനിന്ന് 50 മീറ്ററായും കുറയും. തുറമുഖത്തിന്റെ ഭാഗമായി പ്രഖ്യാപിച്ച പ്രദേശങ്ങളിൽ വികസനരഹിത മേഖല ബാധകമല്ല.

1991–നു മുമ്പു നിർമിച്ച ബണ്ടുകൾ, സ്ലൂയിസ് ഗേറ്റുകൾ നിലവിലുള്ളിടത്തെ വേലിയേറ്റരേഖ നിജപ്പെടുത്തിയാണു കേരളത്തിന്റെ തീരദേശ പരിപാലന പ്ലാനിന് അംഗീകാരം നൽകിയത്. 2021 നവംബർ 26–ലെ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ ഭേദഗതി ഉത്തരവു പ്രകാരമാണിത്.





Citywide Mortgage of America Corp.
Servicing Illinois, Florida, California, and Indiana

**Joseph Mullappallil**
Mortgage Broker/Owner
joemcitywide@gmail.com
773-908-8296

**Jeremy Karedan**
Mortgage Broker/Owner
jeremy@citywidema.com
773-202-2600

We can provide you a PRE-APPROVAL IN MINUTES
Purchase
Jumbo Loan
Refinance
Cashout
WWW.CITYWIDEMA.COM

EQUAL HOUSING LENDER
Illinois Residential Mortgage Licensee

4323 W. Irving Park Unit 1B Chicago, IL 60641 | NMLS: 255253

Mullappallil Law Group



**Shijo Mullappallil**
Attorney at Law
smullapp23@gmail.com
Cell: 847-650-8241

**General Practice including:** Real Estate Law, Wills, Trust Estate Planning, and Contracts

# ഇന്ത്യൻ നേഴ്സസ് അസോസിയേഷൻ ഓഫ് ന്യൂയോർക്കിന് വീണ്ടും സംസ്ഥാന ഗ്രാന്റ്

**പോൾ ഡി. പനയ്ക്കൽ**

ന്യൂയോർക്ക്: ന്യൂയോർക്ക് പ്രദേശത്ത് കഴിഞ്ഞ വർഷങ്ങളിൽ പിന്നോക്കം നിൽക്കുന്ന കമ്യൂണിറ്റികളിലും പ്രത്യേകിച്ച് ഏഷ്യൻ അമേരിക്കൻ പസഫിക് ഐലൻഡർ കമ്യൂണിറ്റിക്കും നല്കിയ സേവനങ്ങളുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ ഇന്ത്യൻ നേഴ്സുമാരുടെ സംഘടനയായ ഇന്ത്യൻ നേഴ്സസ് അസോസിയേഷൻ ഓഫ് ന്യൂയോർക്കിന് (ഐനാനി) വീണ്ടും ഗ്രാന്റ് ലഭിച്ചു. കൊയലിഷൻ ഓഫ് ഏഷ്യൻ അമേരിക്കൻ ചിൽഡ്രൻ ആൻഡ് ഫാമിലീസ് വഴി ന്യൂയോർക്ക് സംസ്ഥാനത്തിന്റെ 16,800 ഡോളറാണ് ഗ്രാന്റ് തുകയായി ഐനാനിക്ക് ലഭിക്കുക. നേഴ്സിങ്ങിൽ ഉന്നത വിദ്യാഭ്യാസത്തിനും നേഴ്സിങ് വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഇളവുകൾക്കും നേഴ്സിങ് റിസർച്ചിനും തെളിവധിഷ്ഠിത നേഴ്സിങ് പ്രാക്ടീസ് സംരംഭങ്ങൾക്കും വേണ്ടി നിലനിൽക്കുന്ന ഐനാനി ന്യൂയോർക്ക് മെട്രോപൊളിറ്റൻ പ്രദേശത്ത് ആരോഗ്യ പരിരക്ഷാ രംഗത്തെ സൗകര്യങ്ങൾ അനുഭവിക്കാനാവാത്ത കമ്യൂണിറ്റികളിൽ ഹെൽത്ത്ഫെയർ നടത്തി വളരെയധികം ആളുകളെ സഹായിച്ചിട്ടുണ്ട്. ഐനാനിയുടെ കേന്ദ്ര സംഘടനയായ നാഷണൽ അസോസിയേഷൻ ഓഫ് ഇന്ത്യൻ നേഴ്സസ് ഇൻ അമേരിക്കയുടെ ചാപ്റ്റർ ആയ ഐനാനി അമേരിക്കൻ നേഴ്സസ് ക്രെഡൻഷ്യലിംഗ് സെന്റർ അംഗീകരിച്ചിട്ടുള്ള കണ്ടിന്യൂയിങ് എജ്യൂക്കേഷൻ പ്രൊവൈഡർ കൂടിയാണ്. നേതൃത്വഗുണമുള്ള നേഴ്സുമാരെ തിരിച്ചറിഞ്ഞ് അവരെ നേതൃനിരയിലേക്ക് മുന്നേറുന്നതിന് തയ്യാറാക്കുകയെന്നത് ഐനാനി നേതൃത്വത്തിന്റെ ദൗത്യവും കടപ്പാടുമായാണ് ഐനാനി കാണുന്നത്. അതനുസരിച്ച് പലർക്കും ഐനാനി വഴി കാട്ടിയാകുകയും നേതൃനിരയിലേക്ക് കൊണ്ടുവരുകയും ചെയ്യുന്നുണ്ട്. ഈ പ്രക്രിയ നിരന്തരം തുടരുന്നുണ്ട്. അതുപോലെ തന്നെ ജീവൻ രക്ഷിക്കാൻ ആവശ്യമായ രക്തത്തിന്റെ ലഭ്യത കുറഞ്ഞ അവസരങ്ങളിൽ ബ്ലഡ് ഡ്രൈവ് നടത്തി ന്യൂയോർക്ക് ബ്ലഡ് സെന്ററിനെ സഹായിക്കുന്നതിലും ഐനാനി മികവ് കാണിച്ചിട്ടുണ്ട്. കോവിഡ് പകർച്ചവ്യാധിയെ തുടർന്ന് ന്യൂയോർക്കിൽ പെരുകിയ ഏഷ്യൻവിരുദ്ധ വിദ്വേഷ സംഭവങ്ങളെ നേരിടുന്നതിന് ‘5ഡി ബൈസ്റ്റാൻഡർ ഇന്റർവെൻഷൻ’ എന്ന പേരിൽ ഐനാനി സമൂഹത്തിന്റെ വിവിധ തലങ്ങളിൽ പരിശീലനവും ശിക്ഷണവും നല്കിയിരുന്നു.

ഏഷ്യൻ അമേരിക്കൻ പസഫിക് ഐലൻഡർ കമ്യൂണിറ്റിയുടെ ക്ഷേമയ്ക്കു വേണ്ടിയായിരിക്കും ഐനാനി ഈ പണം ചെലവഴിക്കുകയെന്ന് അസോസിയേഷന്റെ ഗ്രാന്റ് കമ്മിറ്റി അറിയിച്ചു. ഈ കമ്യൂണിറ്റി ഇന്നും പലവിധത്തിലുള്ള വിവേചന അനുഭവങ്ങൾക്ക് വിധേയമാണ്. ഇരുപത്തിയൊന്ന് ദശലക്ഷത്തിലധികം വരുന്ന ഏഷ്യക്കാർ അമേരിക്കയിലെ ഏറ്റവും വേഗത്തിൽ വളരുന്ന വംശീയ ഗ്രൂപ്പാണ്.


ഡോ. അന്നാ ജോർജ്


ഡോ. ആനി ജേക്കബ്


ഡോ. ഷൈല റോഷിൻ


ഡോ. സോളിമോൾ കുരുവിള


ഡോ. ജെസ്സിക്ക വർഗീസ്


പോൾ ഡി. പനയ്ക്കൽ


(ശേഷം 30–ാം പേജിൽ)

# ‘ബോധിവൃക്ഷത്തണലിൽ’ നവംബർ 2–ന് ശനിയാഴ്ച ടീനെക്കിൽ

**ജോർജ് തുമ്പയിൽ**

ന്യൂജേഴ്സി: ന്യൂജനറേഷൻ കഥകളും പുതിയ സംസ്കാരവും അരങ്ങുവാഴുന്ന ഈ കാലഘട്ടത്തിൽ മലയാളത്തനിമയും പൈതൃകവും വിളിച്ചോതുന്ന ഒരു കഥ കണ്ടെത്തിയതോടെ ന്യൂജേഴ്സിയിലെ ഫൈൻ ആർട്സ് മലയാളം മറ്റൊരു ലോകത്തിലെത്തപ്പെട്ടതു പോലെ ആയിരുന്നു.


പി.റ്റി ചാക്കോ (മലേഷ്യ)


ഡോ.എം.വി. പിള്ള

മാതൃനാടിന്റെ ഗൃഹാതുരത്വം ഹൃദയത്തിൽ ഏറ്റിക്കഴിയുന്ന കലാസ്നേഹികളായ ആസ്വാദകർക്ക് വേണ്ടി ഫൈൻ ആർട്സ് മലയാളം ഒരുക്കുന്ന ഏറ്റവും പുതിയ നാടകമാണ് ‘ബോധിവൃക്ഷത്തണലിൽ’.

നവംബർ രണ്ടിന് ശനിയാഴ്ച 5.30–ന് ടാഫ്റ്റ് റോഡിലെ ബെഞ്ചമിൻ ഫ്രാങ്ക്ളിൻ മിഡിൽ സ്കൂളിലാണ് നാടകം അരങ്ങേറുന്നത്.

നാടകാവതരണത്തിലെ ചീഫ് ഗസ്റ്റായി എത്തുന്നത് പ്രശസ്ത ഓങ്കോളജി പ്രഫസറും ലോകപ്രശസ്ത കാൻസർരോഗ വിദഗ്ദ്ധനും ഗ്ലോബൽ വൈറസ് നെറ്റ്‍വർക്കിന്റെ മുതിർന്ന ഉപദേഷ്ടാവും സർവ്വോപരി സാഹിത്യകാരനും പ്രഭാഷകനും സൂക്ഷ്മദൃക്കായ വായനക്കാരനുമൊക്കെയായ ഡോ.എം.വി. പിള്ളയാണ്. ലോകത്തെ ധൈഷണിക സമൂഹത്തിന് സുപരിചിതനായ ഡോ. എം.വി. പിള്ള, പ്രശസ്ത നടന്മാരായ പൃഥിരാജിന്റെയും ഇന്ദ്രജിത്തിന്റെയും മാതൃസഹോദരനുമാണ്. കഴിഞ്ഞ 45 വർഷമായി അമേരിക്കയിൽ സകുടുംബം വസിക്കുന്ന ഡോ. എം.വി. പിള്ള മലയാള നാടിനെയും സാഹിത്യത്തെയും സംസ്കാരത്തെയും സൗഹൃദങ്ങളെയും എന്നും നെഞ്ചോട് ചേർക്കുന്ന വ്യക്തിത്വവുമാണ്.

നാടകത്തിന്റെ ടിക്കറ്റ് വിതരണോദ്ഘാടനം പേട്രൺ പി.റ്റി. ചാക്കോ (മലേഷ്യ) നിർവഹിച്ചു.

സണ്ണി റാന്നി, റോയി മാത്യു, സജിനി സഖറിയാ, ഷൈനി ഏബ്രഹാം, ഷിബു ഫിലിപ്പ്, റിജോ എരുമേലി, ജോർജി സാമുവൽ എന്നിവർ രംഗത്ത് എത്തുന്നു. സംവിധാനം-റെഞ്ചി കൊച്ചുമ്മൻ. നാടകരചന-ജി.കെ. ദാസ്, ഫൈൻ ആർട്സ് പേട്രൺ-പി.റ്റി. ചാക്കോ (മലേഷ്യ).




ജോൺ (ക്രിസ്റ്റി) സഖറിയാ-സ്റ്റേജ് മാനേജ്മെന്റ്, ജോർജ് തുമ്പയിൽ-സ്റ്റേജ് മാനേജ്മെന്റ്, ടീനോ തോമസ്-സ്റ്റേജ് സെറ്റിംഗുകളും വീഡിയോ വോളും, എഡിസൺ ഏബ്രഹാം-മേക്കപ്പും സുവനീറും, ജിജി ഏബ്രഹാം-ലൈറ്റിംഗ്, റീനാ മാത്യു-മ്യൂസിക് ഏകോപനം, ചാക്കോ ടി. ജോൺ-ഓഡിറ്റോറിയം അറേഞ്ച്മെന്റുകൾ, ഷൈനി ഏബ്രഹാം-പ്രൊഡ്യൂസർ.



അൽഷൈമേഴ്സ് രോഗാവസ്ഥയിൽ ആയിരിക്കുന്ന പിതാവ്, പിതാവിന്റെ സ്വത്തിനായി ദാഹിക്കുന്ന മക്കൾ, പിതാവിന്റെ സന്തത സഹചാരിയായ സഹായി. എല്ലാവരും കൂടി കാട്ടിക്കൂട്ടുന്ന ശബ്ദകോലാഹലങ്ങൾക്കിടയിൽ ഞെരിഞ്ഞമരുന്ന ഒരു മനുഷ്യനും കുറെ മനുഷ്യരും.

മനുഷ്യബന്ധങ്ങളിലെ കുറ്റവും കുറവുകളും എടുത്തുകാട്ടുന്ന ഒരു കുടുംബ, സാമൂഹിക നാടകം-അതാണ് ബോധിവൃക്ഷത്തണലിൽ.

ടിക്കറ്റുകൾ ഫൈൻ ആർട്സ് ഭാരവാഹികളിൽ നിന്നോ fineartsmalayalamnj.com/tickets എന്ന വെബ്സൈറ്റിൽ നിന്നോ ലഭ്യമാണ്.

നാടകാവതരണവുമായി ബന്ധപ്പെട്ട് സുവനീറും പ്രസിദ്ധീകരിക്കുന്നുണ്ട്. സുവനീറിൽ പരസ്യങ്ങൾക്കായി എഡിസൺ ഏബ്രഹാമിനെ സമീപിക്കാവുന്നതാണ്. ഫോൺ: 862 485 0160. വിവരങ്ങൾക്ക്: ജോൺ (ക്രിസ്റ്റി) സഖറിയാ 908 883 1129, ജോർജ് തുമ്പയിൽ 973 943 6164, ടീനോ തോമസ് 845 538 3203, റെഞ്ചി കൊച്ചുമ്മൻ 201 926 7070, റോയി മാത്യു 201 214 2841.

# ചിക്കാഗോയിൽ സംയുക്ത ആരാധന നടത്തി

കുര്യൻ ഫിലിപ്പ്

ചിക്കാഗോ: വിവിധ പെന്തെക്കോസ്ത് സഭകളുടെ ഏകീകൃത സംഘടനയായ ഫെലോഷിപ് ഓഫ് പെന്തെക്കോസ്തൽ ചർച്ചസ് ഇൻ ചിക്കാഗോയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട സംയുക്ത ആരാധന അനുഗ്രഹമായി സമാപിച്ചു. സെപ്റ്റംബർ 22-ന് ഞായറാഴ്ച രാവിലെ എട്ടരയ്ക്ക് ട്രിനിറ്റി ബൈബിൾ സെമിനാരി ചാപ്പലിൽ ആരംഭിച്ച സംയുക്ത ആരാധനയ്ക്ക് എഫ്പിസിസി കൺവീനർ ഡോക്ടർ





സംയുക്ത ആരാധനയിൽ പാസ്റ്റർ അനീഷ് തോമസ് പാസ്റ്റർ വില്ലി ഏബ്രഹാം, പാസ്റ്റർ ജോർജ് സ്റ്റീഫൻസൺ എന്നിവർ പ്രസംഗിക്കുന്നു. ബ്രദർ സിറിൾ പരിഭാഷപ്പെടുത്തുന്നു.

വില്ലി ഏബ്രഹാം നേതൃത്വം നല്കി. പാസ്റ്റർ ജോർജ് കെ. സ്റ്റീഫൻ സങ്കീർത്തന ധ്യാനം നടത്തി. ഡോ. പി.സി. മാമ്മൻ ഭക്തിനിർഭരമായ തിരുവത്താഴ ശുശ്രൂഷയ്ക്ക് നേതൃത്വം നല്കി.

പാസ്റ്റർ അനീഷ് തോമസ്, പാസ്റ്റർ സാം നൈനാൻ എന്നിവർ ദൈവവചനം സംസാരിച്ചു. ബിനോയ് ചാക്കോയുടെ നേതൃത്വത്തിലുള്ള ടീം മലയാളം പ്രയ്സ് ആൻഡ് വർഷിപ്പിനും സിസിഎഫിന്റെ ക്വയർ ഇംഗ്ലീഷ് വർഷിപ്പിനും നേതൃത്വം നല്കി. പാസ്റ്റർമാരായ സാം തോമസ്, സാമുവൽ ചാക്കോ, ഡോക്ടർ ടൈറ്റസ് ഈപ്പൻ, പാസ്റ്റർ ജിജു ഉമ്മൻ, പാസ്റ്റർ എം.ജി. ജോൺസൺ, ഡോക്ടർ സജി കെ. ലൂക്കോസ് എന്നിവർ പ്രാർത്ഥനകൾക്ക് വിവിധ സമയങ്ങളിൽ നേതൃത്വം നല്കി.

അടുത്ത പിസിനാക്ക് നാഷണൽ കൺവീനർ പാസ്റ്റർ ജോർജ് കെ. സ്റ്റീഫൻസൺ, സെക്രട്ടറി സാം മാത്യു, ട്രഷറർ പ്രസാദ് ജോർജ് എന്നിവർ പ്രവർത്തനങ്ങൾ വിവരിച്ചു. ട്രിനിറ്റി ബൈബിൾ സെമിനാരി ഡയറക്ടർ റവ. ബിൽ യാസിനോ സെമിനാരി നല്കുന്ന പഠനസാദ്ധ്യതകളെക്കുറിച്ച് സംസാരിച്ചു.

സിസിഎഫിനു വേണ്ടി ജോയൽ മാത്യു, ചിക്കാഗോ ലേഡീസ് പ്രയർ ഗ്രൂപ്പിനുവേണ്ടി മിനി ജോൺസൻ, റോസമ്മ ചെറിയാൻ, മീഡിയായ്ക്കു വേണ്ടി കുര്യൻ ഫിലിപ്പ് എന്നിവർ പ്രസ്താവനകൾ നടത്തി. പാസ്റ്റർ കെ. വി. ഏബ്രഹാമിന്റെ ആശീർവാദത്തോടെ സംയുക്ത ആരാധന സമാപിച്ചു. സിറ്റിയിലെ വിവിധ ഭാഗങ്ങളിൽ നിന്നായി നിരവധി പാസ്റ്റർമാരും വിശ്വാസികളും സമ്മേളനത്തിൽ പങ്കെടുത്ത് അനുഗ്രഹം പ്രാപിച്ചു. ഇതോടനുബന്ധിച്ച് സെപ്റ്റംബർ 20-ന് വെള്ളിയാഴ്ചയും 21-ന് ശനിയാഴ്ചയും വൈകിട്ട് ഐപിസി ചിക്കാഗോ ഓഡിറ്റോറിയത്തിൽ വെച്ച് സംയുക്ത കൺവൻഷനും നടന്നു.

ഡോ. പി.സി. മാമ്മൻ ഭക്തിനിർഭരമായ തിരുവത്താഴ ശുശ്രൂഷയ്ക്ക് നേതൃത്വം കൊടുക്കുന്നു



# അഡ്വ. വർഗീസ് മാമ്മന് ഫ്ളോറിഡയിൽ സ്വീകരണം നല്കി







ഫ്ളോറിഡ: ഫ്ളോറിഡയിൽ എത്തിയ യുഡിഎഫ് പത്തനംതിട്ട ജില്ലാ പ്രസിഡണ്ടും കേരളാ കോൺഗ്രസ് ജില്ലാ പ്രസിഡണ്ടുമായ അഡ്വ. വർഗീസ് മാമ്മന് ഒഐസിസിയുടെയും യുഡിഎഫിന്റെയും ആഭിമുഖ്യത്തിൽ ഊഷ്മളമായ സ്വീകരണം നല്കി.

സ്വീകരണത്തിനു മുമ്പ് ഗാന്ധി സ്ക്വയറിൽ ഗാന്ധി പ്രതിമയ്ക്കു മുമ്പിൽ അഡ്വ. വർഗീസ് മാമ്മൻ പുഷ്പാർച്ചന നടത്തി.


സ്വീകരണസമ്മേളനത്തിൽ ഫൊക്കാന മുൻ പ്രസിഡണ്ടും ഒഐസിസി ഫ്ളോറിയ പ്രസിഡണ്ടുമായ ജോർജി വർഗീസ് അദ്ധ്യക്ഷത വഹിച്ചു.

ഫോമാ മുൻ പ്രസിഡണ്ട് ജോൺ ടൈറ്റസ്, ഫൊക്കാന മുൻ ചെയർമാൻ ഡോ. മാമ്മൻ സി. ജേക്കബ്, ഡോ. സാജൻ കുര്യൻ, ഒഐസിസി സെക്രട്ടറി ജോർജ് മാലിയിൽ പ്രസ്ക്ലബ് നോർത്ത് അമേരിക്കൻ പ്രസിഡണ്ട് സുനിൽ തൈമറ്റം, പ്രവാസി കേരളാ കോൺഗ്രസ് ഫ്ളോറിഡ പ്രസിഡണ്ട് ജോജി വഴുത്തല തുടങ്ങിയവർ പ്രസംഗിച്ചു.

യുഡിഎഫിന്റെയും കേരളാ കോൺഗ്രസിന്റെയും പ്രവർത്തനങ്ങൾക്ക് പ്രവാസി മലയാളികൾ നല്കുന്ന പിന്തുണയ്ക്ക് അഡ്വ. വർഗീസ് മാമ്മൻ മറുപടിപ്രസംഗത്തിൽ നന്ദി രേഖപ്പെടുത്തി.

കേരളാ എക്സ്പ്രസ് സേവനത്തിന്റെ മുപ്പത്തിരണ്ടാം വർഷം 1992-2024










## വഴിത്താരകൾ

തയ്യാറാക്കിയത്: **അനിൽ പെണ്ണുക്കര**



# ജോ പതിയിൽ തൊണ്ണൂറുകളിലും ജ്വലിച്ചു നിൽക്കുന്ന സൂര്യൻ

"ലക്ഷ്യം മനുഷ്യജീവിതത്തിൽ ഏറെ പ്രധാനപ്പെട്ട ഒന്നാണ്. അതിലേക്കുള്ള പാതകളിലൂടെ നടക്കുമ്പോൾ മാത്രം വഴി വിളക്കുകൾ തെളിയും. അതിന്റെ ശുദ്ധി എത്രത്തോളം മാനുഷികമാണോ അത്രയും തന്നെ കാരിരുമ്പിൽ തീർത്ത ജനലഴികൾ പോലും നമുക്ക് മുൻപിൽ തുറക്കപ്പെടും"

ചില കഥകൾ ചരിത്രം പോലെ എഴുതപ്പെടേണ്ടതാണ്. ചില മനുഷ്യരും അത്തരത്തിൽ അടയാളപ്പെടേണ്ടവരാണ്. ഭൂമിയിൽ ദൈവം തങ്ങൾക്ക് നൽകിയിട്ടുള്ള ദൗത്യം നിറവേറ്റാൻ അവർ അഹോരാത്രം കഷ്ടപ്പെടുകയും, പകരമൊന്നും പ്രതീക്ഷിക്കാതെ അന്യന് വേണ്ടി നിലകൊള്ളുകയും ചെയ്യും. അവരെ വാഴ്ത്താതെ, അവരിലൂടെ കയറി ഇറങ്ങാതെ, ഒരു കാലഘട്ടത്തിന്റെ സത്യവും പൂർണമാവുകയില്ല. തൊണ്ണൂറിന്റെ നിറവിലായിരിക്കുമ്പോഴും അൻപതുകളുടെ ചുറുചുറുക്കോടെയാണ് ജോ പതിയിൽ മാനവരാശിക്ക് മുൻപിൽ നിലകൊള്ളുന്നത്. ആ സത്യവും നീതിയും മനുഷ്യവർഗത്തിനും വേണ്ടിയുള്ള നിലനിൽപ്പും കാലങ്ങളോളം വാഴ്ത്തപ്പെടേണ്ടതാണ്. അധ്യാപകൻ, ആത്മീയ ചിന്തകൻ, എഴുത്തുകാരൻ തുടങ്ങി എല്ലാ മേഖലകളിലും തന്റേതായ വ്യക്തിമുദ്രകൾ ജോ പതിയിൽ പതിപ്പിച്ചിട്ടുണ്ട്. ഇത് അദ്ദേഹത്തിന്റെ ലക്ഷ്യം തേടിയുള്ള യാത്രകളുടെ ഒരു ചുരുക്ക രൂപമാണ്.

### മുളയിലേ കിളിർത്ത മാനവികത

ചില കുട്ടികളെ ശ്രദ്ധിച്ചു നോക്കൂ... അവരുടെ ഭാവി, അവരുടെ ദൗത്യം കുഞ്ഞുനാൾ മുതൽക്കേ വെളിപ്പെട്ട് തുടങ്ങും. കോട്ടയം ജില്ലയിലെ കൈപ്പുഴയിൽ 1934 ഒക്ടോബറിലാണ് ഏബ്രഹാം പതിയിൽ – നൈത്തി ദമ്പതികളുടെ മകനായി ജോ പതിയിൽ ജനിക്കുന്നത്. സന്തോഷകരമായ സ്കൂൾ വിദ്യാഭ്യാസം പഠനത്തോടുള്ള പ്രിയം ജോയിൽ വർദ്ധിപ്പിച്ചു. കൂട്ടുകാരൊക്കെ കളരിയിൽ പഠിക്കാൻ പോയപ്പോൾ ജോയ്ക്ക് മറ്റൊരവസരം പിതാവ് തന്നെ വീട്ടിലൊരുക്കി. സഹോദരി പെണ്ണമ്മയ്ക്കൊപ്പം വീട്ടിൽ തന്നെ കളരി പഠിപ്പിക്കാൻ തീരുമാനിച്ചു. പ്രഗത്ഭനായ പേര് കേട്ട ശിവരാമൻ നായർ സാറിനെ വീടിനോട് ചേർന്ന കളപ്പുരയിൽ താമസിപ്പിച്ചു പിതാവ് ജോയെയും പെങ്ങളെയും പ്രാഥമിക വിദ്യാഭ്യാസം നടത്തി.

1940 ആയപ്പോഴേക്കും നാലാം ഗ്രേഡിലേക്കുള്ള സർക്കാർ പരീക്ഷയിൽ നേരിട്ട് പ്രവേശിപ്പിച്ചില്ല. പകരം മൂന്നാം ഗ്രേഡിലാണ് ജോയ്ക്ക് പ്രവേശനം ലഭിച്ചത്. അന്ന് സഹോദരിക്ക് 8 വയസും, ജോയ്ക്ക് 6 വയസുമായിരുന്നു ഉണ്ടായിരുന്നത്. മാതാപിതാക്കൾ തന്നെയായിരുന്നു രണ്ടു മക്കളുടെയും ആദ്യകാല പരിശീലകർ. അമ്മയുടെ തിരക്കുകൾക്കിടയിലും മക്കളെ പഠിപ്പിക്കാൻ അവർ സമയം കണ്ടെത്തി. തങ്ങളുടെ കുഞ്ഞുങ്ങൾക്ക് ഒരു നല്ല ഭാവി ഉണ്ടാകണം. അവർ വളരണം എന്ന ചിന്ത പഠനത്തിൽ കൂടുതൽ ശ്രദ്ധ കൊടുക്കാൻ കാരണമായി. പിതാവായിരുന്നു ജോയുടെ ഗുരുവും വഴികാട്ടിയും. സത്യത്തിൽ പിതാവിന്റെ ആരാധകനായിരുന്നു ജോ എന്നും പറയാം. പിതാവിന്റെ മരണം വരെ ഈ ഗുരുശിഷ്യ ബന്ധം അവർ തുടർന്നു പോന്നു. പരസ്പരം വേദനിപ്പിക്കുന്ന ഒന്നും ഇരുവരും ചെയ്തില്ലെന്ന് മാത്രമല്ല, ലോകത്തിന് മുൻപിൽതന്നെ ഒരു മാതൃകയായും ഇരുവരും മാറി. ജീവിത യാത്രയിൽ എപ്പോഴും ഉപദേശവുമായി ഒപ്പം പിതാവുണ്ടായിരുന്നത് തന്നെ അദ്ദേഹത്തിന്റെ ഏറ്റവും വലിയ ധൈര്യമായിരുന്നു.

1947-ൽ കൂനൂരിലെ സെന്റ് ഗബ്രിയേലിന്റെ പേരിൽ അറിയപ്പെട്ട ജൂനിയറേറ്റ് ഓഫ് മോണ്ട് ഫോർട്ട് ബ്രദേഴ്സിൽ പഠനത്തിനായി ജോ ചേർന്നു. അവിടെനിന്ന് 1947-ൽ എസ്.എസ്.എൽ.സി പാസ്സായി. തുടർന്ന് 1952-ൽ ബിരുദ പഠനത്തിനായി ചെന്നൈ ലയോള കോളജിൽ ചേർന്നു. ഈ കാലയളവിൽ ഫാ. ഡഗ്ളസ് ഗോർഡൻ, ഫാ. ജറോം ഡിസൂസ തുടങ്ങിയവരുടെ ശിക്ഷണം പഠനത്തിന്റെ മറ്റൊരു തലത്തിലേക്കും ജീവിത സത്യങ്ങളുടെ നേർക്കാഴ്ചകളിലേക്കുമാണ് ജോ പതിയിലിനെ കൂട്ടിക്കൊണ്ട് പോയത്. തോമസ് കാവിൽ, ജേക്കബ് വട്ടക്കാട്ടിൽ, മാത്യു തറയിൽ, പോത്തൻ തൊടുകയിൽ, ജോസഫ് മുക്കാലയിൽ, ജോസഫ് കിഴക്കേകാട്ടിൽ, ഫാ. പീറ്റർ വട്ടപ്പറമ്പിൽ തുടങ്ങിയ അദ്ധ്യാപകരുടെ സ്വാധീനവും വളർച്ചയിൽ ഒരുപാട് സഹായിച്ചിട്ടുണ്ട്.

പിതാവ് ദിവസേന ജോ പതിയിലിനെ കൊണ്ട് പത്രം വായിപ്പിക്കുമായിരുന്നു. ഹിറ്റ്ലർ, മുസ്സോളിനി, സ്റ്റാലിൻ, റൂസ്വെൽറ്റ് എന്നിവരെയെല്ലാം പത്രങ്ങളിലൂടെയാണ് അദ്ദേഹം അടുത്തറിഞ്ഞത്. പിതാവിന്റെ ആരാധനാ കഥാപാത്രം ചർച്ചിൽ ആയിരുന്നു. സ്വാതന്ത്ര്യ ആശയങ്ങൾ പ്രചരിപ്പിക്കുവാൻ പ്രേരണയായി. പിതാവിന്റെ മരണ ശേഷം സഹോദരൻ മത്തായി കുഞ്ഞായിരുന്നു വീട്ടു കാര്യങ്ങൾ നോക്കിയിരുന്നത്. അദ്ധ്യാപകൻ ആയിരുന്ന അദ്ദേഹത്തിന്റെ ജീവിതവും സഹോദരങ്ങൾക്ക് വേണ്ടി സമർപ്പിക്കപ്പെട്ടിരുന്നു

### പ്രാർത്ഥനയുടെ ലോകം

പിതാവ് ഏബ്രഹാം പതിയിൽ തന്റെ മക്കളെ രാവിലെ വിളിച്ചുണർത്തുമ്പോൾ തന്നെ പ്രഭാത പ്രാർത്ഥന ചൊല്ലും. ഒരു ദിവസം ആരംഭിക്കുന്നത് ആ പ്രാർത്ഥനയോടെയാണ്. ഒൻപത് മണിക്ക് മുൻപേ സ്കൂളിലേക്ക് പോകണമെന്ന് പിതാവിന് നിർബന്ധമായിരുന്നു. സ്കൂളിൽനിന്ന് തിരിച്ചെത്തുമ്പോൾ എന്താണ് പഠിച്ചതെന്ന് അദ്ദേഹം ചോദിക്കുമായിരുന്നു. പഠനമുറിയിൽ മക്കൾ ഒത്തുചേരുമ്പോൾ പിതാവും ഒപ്പം കൂടും. കുട്ടികൾക്കൊപ്പം പുസ്തകം വായിക്കുവാൻ അദ്ദേഹവും ഒപ്പം കൂടും. പ്രഭാത പ്രാർത്ഥന പോലെ രാത്രി പ്രാർത്ഥനയും നിർബന്ധമായിരുന്നു. പതിവ് പ്രാർത്ഥനകൾ കൂടാതെ പിതാവ് സ്വന്തമായി രചിച്ച ചില പ്രാർത്ഥനകൾ കൂടി അദ്ദേഹം ചൊല്ലുമായിരുന്നു. എല്ലാവരും കേൾക്കെ ഉച്ചത്തിൽ പ്രാർത്ഥനകൾ ചൊല്ലണമെന്ന് അദ്ദേഹം മക്കളെ







പഠിപ്പിച്ചിരുന്നു. മക്കൾ ഉറങ്ങുന്നതിന് മുൻപ് ബൈബിൾ കഥകൾ, രാമായണത്തിലേയും, മഹാഭാരതത്തിലേയും കഥകൾ ഭംഗിയായി മക്കൾക്ക് മുൻപിൽ അവതരിപ്പിക്കുമായിരുന്നു. പിതാവിന്റെ പ്രാർത്ഥനയിൽ തുടങ്ങുന്ന ഒരുദിവസം അവസാനിക്കുന്നതും അദ്ദേഹത്തിന്റെ പ്രാർത്ഥനയോടെയായിരുന്നത് ജീവിതത്തിൽ ഒരു ആത്മീയ ചിട്ടയ്ക്ക് തുടക്കമായി എന്ന് ജോ പതിയിൽ ഓർമ്മിച്ചെടുക്കുന്നു.

നാട്ടിൽ സ്കൂളുകൾ സ്ഥാപിക്കുന്നതിന് ഏബ്രഹാം പതിയിൽ നടത്തിയ പ്രവർത്തനങ്ങൾ കൈപ്പുഴ പ്രദേശവാസികൾക്ക് അറിവുള്ളതാണ്. വിദ്യാഭ്യാസം കൊണ്ട് മാത്രമെ സാധാരണ ജനവിഭാഗത്തിന് ഉയരങ്ങളിലെത്താൻ സാധിക്കുകയുള്ളു എന്ന വലിയ തത്വം ജോ പതിയിലിനെ പഠിപ്പിച്ചതും പിതാവ് തന്നെയായിരുന്നു. പിതാവ് തെളിച്ച പാതയിലൂടെയുള്ള സഞ്ചാരമാണ് വിദ്യാഭ്യാസ രംഗത്ത് തനിക്ക് ശോഭിക്കുവാൻ കാരണമായതെന്ന് അദ്ദേഹം അടിയുറച്ച് വിശ്വസിക്കുന്നു.

## യഥാർത്ഥ ലക്ഷ്യത്തിലേക്കുള്ള പാതകൾ

ആത്മീയ ചിന്തകൻ, സെന്റ് ഗബ്രിയേൽ മോണ്ട് ഫോർട്ട് ബ്രദേഴ്സ് സഭയുടെ ആത്മീയ പ്രചാരകൻ, ആയിരക്കണക്കിന് വിദ്യാർത്ഥികളുടെ അദ്ധ്യാപകൻ, ഇംഗ്ലീഷ് വിദ്യാഭ്യാസ രംഗത്ത് പ്രഗത്ഭൻ, കോട്ടയം, കുനൂർ, കാനഡ എന്നിവിടങ്ങളിലായി അദ്ധ്യാപന രംഗത്ത് നിറസാന്നിദ്ധ്യം തുടങ്ങി തീർത്താൽ തീരാത്ത വിശേഷണങ്ങൾ ഉണ്ട് മാലോകർക്ക് ജോ പതിയിലിനെ കുറിച്ച് സംസാരിക്കാൻ. അദ്ദേഹത്തിന്റെ ഓരോ വാക്കുകളും വിദ്യാർത്ഥികളുടേയും, അദ്ദേഹത്തെ കേൾക്കുന്നവരുടേയും ഹൃദയത്തിൽ സ്പർശിക്കുന്നവയാണ്. അത്രത്തോളം ജീവിതമാനുഭവങ്ങളുടെ തീക്ഷ്ണതയിൽ നിന്നാണ് അദ്ദേഹം സംസാരിക്കാറുള്ളത്. അദ്ദേഹത്തിന്റെ രചനകളിലാവട്ടെ ഓരോന്നും വായനക്കാരന്റെ ജിജ്ഞാസയെ ഉണർത്തുന്നവയാണ്. ആത്മീയതയുടെയും അതിന്റെ പ്രചാരണത്തിന്റേയും വേറിട്ട തലമാണ് അദ്ദേഹത്തിന്റെ ശൈലി. അതുകൊണ്ടുതന്നെ ആരും കേട്ടിരുന്നു പോകുന്ന തരത്തിലാണ് അദ്ദേഹം സംസാരിക്കാറുള്ളത്. എന്താണോ ജീവിതത്തിൽ താൻ അതുതന്നെയാണ് മറ്റുള്ളവർക്ക് മുൻപിലും ജോ പതിയിൽ. 1957 മുതൽ 1966 വരെ ഇന്ത്യയിലെ വിവിധ സ്കൂളുകളുടെ പ്രിൻസിപ്പാൾ ആയിരുന്നു അദ്ദേഹം.

## കാനഡയെന്ന കൽപ്പടവും കടന്ന്

1967 ജൂൺ മുതലാണ് കാനഡയിൽ അദ്ധ്യാപകനായി ജോ തന്റെ ജീവിതത്തിന്റെ തുടർച്ച ആരംഭിക്കുന്നത്. സഭയുടെ സ്കൂൾ പ്രിൻസിപ്പാൾ ആയ ലൂയി ജി സെഗറ്റോറിനെ കാനഡയിൽ വെച്ച് കണ്ടുമുട്ടിയത് ഒരു പുതിയ വഴിത്തിരിവായി മാറി. 8, 9 ക്ലാസുകളിൽ പഠിപ്പിച്ച് തുടങ്ങിയ വിദ്യാഭ്യാസ ജീവിതം ജോ 16 വർഷത്തോളം തുടർന്നു. പിന്നീടാണ് ഇവിടെത്തന്നെ വൈസ് പ്രിൻസിപ്പൽ സ്ഥാനത്തേക്ക് അദ്ദേഹത്തെ ഉയർത്തുന്നത്. കാനഡയിൽ എത്തിയ അതേ വർഷം തന്നെയാണ്, 1967 ഓഗസ്റ്റ് 27-ന് ജോ പതിയിലും ജോസഫൈനും വിവാഹിതരാകുന്നതും. ജീവിതം ഒരു പുതിയ വഴിത്തിരിവിലേക്ക് നീങ്ങുന്നതും എല്ലാം പങ്കുവെക്കാൻ ഒരാൾ കൂടെയുണ്ടാകുന്നതും ജോസഫൈനെ കൂടുതൽ സന്തോഷവതിയാക്കി.

1967-ൽ ആദ്യമായി കാനഡയിലേക്ക് വന്നപ്പോൾ വളരെ പരിചിതമായ സ്ഥലമായി അദ്ദേഹത്തിന് തോന്നി. പതിയെ പതിയെ സഭയുടെ ആസ്ഥാനമായ മോൺട്രിയോൾ ആകട്ടെ ഏറെ ഇഷ്ടപ്പെട്ട നഗരമായി മാറുകയും ചെയ്തു. അതുകൊണ്ട് തന്നെ സഭയുടെ കൂടെ വളർച്ചയിലും വിദ്യാഭ്യാസ രംഗത്തും അദ്ദേഹം ധാരാളം സംഭാവനകൾ നടത്തി.


കാനഡ, സിംഗപ്പൂർ, മലേഷ്യ എന്നിങ്ങനെ എല്ലാ ഭൂഖണ്ഡങ്ങളെയും ഉൾക്കൊള്ളുന്ന തായ്‌ലന്റ്, ടാൻസാനിയാ, ഇന്ത്യ, മൗറീഷ്യസ്, സ്പെയിൻ, ഇറ്റലി, ഫ്രാൻസ് എന്നിവിടങ്ങളിൽ വ്യാപിച്ച സഭയായിരുന്നു ജോയുടേത്. 300-ൽപരം വർഷം പഴക്കമുണ്ടായിരുന്നു സഭയ്ക്കും അതിന്റെ വിശ്വാസത്തിനും. ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രധാന പരിഗണന ക്രിസ്ത്യൻ വിദ്യാഭ്യാസമായിരുന്നു. അനാഥരും, ദരിദ്രരും, ശാരീരിക വൈകല്യമുള്ളവരേയും കൂടുതൽ ശ്രദ്ധ നൽകിക്കൊണ്ടുള്ളതായിരുന്നു ആ വിദ്യാഭ്യാസ രീതി. കഴിഞ്ഞ ആറ് പതിറ്റാണ്ടുകളായി സഭയുടെ എല്ലാമായും സഭയിലൂടെയും ജോ പതിയിൽ നൽകിയ സേവനങ്ങൾ പ്രത്യേകിച്ച് പുതിയ കാലത്തിന് വേണ്ട ആത്മീയതയെ കുറിച്ചുള്ളതെല്ലാം അദ്ദേഹം ഉൾക്കൊണ്ടിരുന്നു. ദയ, ദൈവിക ഭക്തി, ദർശനം, അറിവ്, ഐക്യ ബോധം, സ്വയം സമാധാനമായിരിക്കാനുള്ള കഴിവ്, ഒരു മികച്ച ലോകം സൃഷ്ടിക്കാനുള്ള ശ്രമം എല്ലാം അദ്ദേഹത്തിന്റെ ചിന്തകളുടെ ബാക്കി പത്രമാണ്. ഇപ്പോൾ 90-ലേക്ക് കടക്കുന്ന അദ്ദേഹത്തിന്റെ യാത്രയിലെ അനുഭവങ്ങൾ തന്റെ പിൻഗാമികൾക്ക് ഒരു അനുഭവം തന്നെയാണ്. സ്വയം പഠിക്കാനും അദ്ദേഹത്തിന്റെ ജീവിതം മാതൃകയാക്കാനും ഇതുവഴി സാധിക്കും.

കുന്നൂർ, കാസിപ്പേട്ട്, നൽഗൊണ്ട എന്നിവിടങ്ങളിലെ സ്കൂളുകളുടെ വിപുലീകരണവും വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും സഭയുടെ ഭാഗമായി ജോയുടെ ശ്രമം ഉണ്ടായിരുന്നു. ഇന്ന് ഇന്ത്യയിൽ വിവിധ സംസ്ഥാനങ്ങളിലായി നിരവധി സ്ഥാപനങ്ങൾ ഈ സഭയ്ക്ക് കീഴിലുണ്ട്. ഇതിനെല്ലാം ജോ പതിയിലിന്റെ പ്രവർത്തനങ്ങൾ എടുത്തു പറയണം. വിദ്യാഭ്യാസം കൊണ്ട് കുട്ടികളേയും സഭയേയും നവീകരിക്കുക, ആഗോള സംസ്കാരം ഉൾകൊള്ളുക എന്നീ മൂല്യങ്ങളിൽ അദ്ദേഹം അതിയായി വിശ്വസിച്ചു. മോണ്ട് ഫോർട്ടൻ മൂല്യങ്ങൾ അദ്ദേഹത്തിന്റെ പ്രവർത്തനത്തിലും രചനകളിലും കടന്നു വന്നു - ലോകമെമ്പാടുമുള്ള കത്തോലിക്കാ മത വിഭാഗമായ സെന്റ് ഗബ്രിയേൽ മോണ്ട് ഫോർട്ട് സഹോദരൻമാരുടെ ചിന്തകൾ ജനങ്ങളിലും വിശ്വാസികളിലും എത്തിക്കുവാൻ ജോ പതിയിൽ നടത്തിയ ശ്രമങ്ങൾ സഭയ്ക്കും അദ്ദേഹത്തിനും ഉപകാരപ്പെട്ടു.



## GUIDES AND FELLOW TRAVELLERS

ജോ പതിയിലിന്റെ ജീവിതയാത്രയുടെ ഓർമ്മപ്പെടുത്തലായി അദ്ദേഹത്തിന്റെ ഗ്രന്ഥമാണ് Guides and Fellow Travellers. ഒരു ജീവിതം അടയാളപ്പെടുത്തുന്ന അമൂല്യ ഗ്രന്ഥം. സഭയെയും ബ്രദർ ഏലീയാസർ, ബ്രദർ ചാൾസ് ഗാർണിയർ എന്നിവരെക്കുറിച്ച് ജ്ഞാനിയായ ദർശകൻ, സമാനതകളില്ലാത്ത വിശുദ്ധൻ എന്നീ അദ്ധ്യായങ്ങൾ അവരുടെ ആത്മീയ തലത്തേയും അവർ അദ്ദേഹത്തിൽ ചെലുത്തിയ ആത്മീയ സ്വാധീനം വിശദീകരിക്കുകയും ചെയ്യുന്നു. ബ്രദർ ജോൺ ഓഫ് ഗോഡിനെ ഒരു അക്കാദമിക വൈദഗ്ദ്ധ്യനായും ഒരു അധ്യായത്തിൽ ചൂണ്ടിക്കാട്ടുന്നു. ഓരോ മനുഷ്യരും അദ്ദേഹത്തിലൂടെ കടന്നു പോയതും നമുക്ക് അനുഭവപ്പെടുന്നു. കൈപ്പുഴ, കൂനൂർ, നൽഗൊണ്ട, കാസിപ്പേട്ട ഓർമ്മകൾ എല്ലാം ഒന്നിനൊന്ന് വ്യത്യസ്തത അനുഭവപ്പെട്ട ഓർമ്മകൾ തന്നെ. സഭയിൽ അദ്ദേഹത്തെ സ്വാധീനിച്ച നിരവധി വ്യക്തികളെ കുറിച്ച് പല അദ്ധ്യായങ്ങളിൽ വ്യത്യസ്ത അനുഭവങ്ങളായി ഈ പുസ്തകത്തിൽ വിശദീകരിച്ചിട്ടുണ്ട്. ഇതിൽ എടുത്തു വായിക്കേണ്ട ഒരു അദ്ധ്യായമാണ് ബ്രദർ മോണ്ട് ഫോർട്ട് ഓഫ് ദി ക്രോസ്- ദി ജോവിയൽ ഒപ്റ്റിമിസ്റ്റ്. മാത്യു കുന്നക്കാട്ട്, ജോസഫ് അരിമേലിക്കര, ബേബിച്ചൻ, പെണ്ണമ്മ, കുരുവിള ജേക്കബ്, പിതാവ് ഏബ്രഹാം പതിയിൽ, സഹോദരൻ മാത്യു, തെയ്യാമ്മ ജോർജ് തുടങ്ങിയ വ്യക്തിഗത കുറിപ്പുകളും ഈ പുസ്തകത്തിന്റെ ധന്യത വർദ്ധിപ്പിക്കുന്നു. ഒരു വ്യക്തിയുടെ തൊണ്ണൂറ് വർഷത്തിന്റെ നേർചിത്രമായി ഈ പുസ്തകം അടയാളപ്പെടുത്തുന്നതിനപ്പുറം ഒരു കാലഘട്ടം വിവിധ മനുഷ്യരിലൂടെ അനാവൃതമാകുന്നു എന്ന പ്രത്യേകത കൂടി ഈ അമൂല്യ ഗ്രന്ഥത്തിനുണ്ട്.




## ദൈവത്തിന്റെ കയ്യൊപ്പ്

ലോകമെമ്പാടും ആരാധകരുള്ള മനുഷ്യൻ. അതിലുപരി പലരുടേയും ജീവിതത്തിന് വഴിത്തിരിവായ മനുഷ്യൻ. അങ്ങനെ വേണം ജോ പതിയിലിനെയും അദ്ദേഹത്തിന്റെ ജീവിതത്തേയും അടയാളപ്പെടുത്താൻ. കാരണം മറ്റൊന്നുമല്ല. ചിലർക്ക് ചുറ്റുമുള്ള മനുഷ്യരോട്, അവരുടെ സ്നേഹത്തോട് 'സ്നേഹമായിരിക്കും' ഒരിക്കലും തീരാത്ത സ്നേഹം. ആ സ്നേഹത്തിന്റെ ഉപഹാരമാണ് ഈ വഴിത്താരകൾ. ചില സൗഹൃദങ്ങളുടെ സ്നേഹ സമ്മാനം. തൊണ്ണൂറിന്റെ നിറവിലെ സാഷ്ടാംഗ പ്രണാമം- ജോ പതിയിലിന് നവതി മംഗളങ്ങൾ.

**George Nellamattam**
**For Montfort Global Associates (MGA)**

© Kerala Express

# ബിനോയ് വിശ്വത്തിന് പ്രവാസി മിത്രം അവാർഡ് സമ്മാനിച്ചു

ന്യൂയോർക്ക്: പൊതുരംഗത്തും വ്യക്തിജീവിതത്തിലും മൂല്യങ്ങൾ കാത്തു സൂക്ഷിക്കുന്ന ചുരുക്കം രാഷ്ട്രീയക്കാരിൽ ഒരാളായ സിപിഐ ജനറൽ സെക്രട്ടറി ബിനോയ് വിശ്വത്തിന് പ്രവാസി മിത്രം അവാർഡ് നല്കി ആദരിച്ചു. കേരള കൾച്ചറൽ അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്കയുടെ (കെ.സി.എ.എൻ.എ) വർണാഭമായ ഓണാഘോഷച്ചടങ്ങിൽ വെച്ച് പ്രവാസി ചാനൽ ചെയർമാൻ വർക്കി ഏബ്രഹാം അവാർഡ് സമ്മാനിച്ചു. കെ.സി.എ.എൻ.എ പ്രസിഡണ്ട് ഫിലിപ്പ് മഠത്തിൽ അടക്കം ഒട്ടേറെ സംഘടനാ നേതാക്കളും പങ്കെടുത്തു.







പ്രവാസികളുടെ ഉറ്റ സുഹൃത്തു കൂടിയാണ് ബിനോയ് വിശ്വമെന്ന് അദ്ദേഹത്തെ ചടങ്ങിലേക്ക് ക്ഷണിച്ചു കൊണ്ട് ജോർജ് ജോസഫ് (ഇ-മലയാളി) പറഞ്ഞു. ഫൊക്കാനാ-ഫോമാ സമ്മേളനങ്ങളിലും പ്രസ്ക്ലബിന്റെ സമ്മേളനങ്ങളിലും പലവട്ടം അതിഥിയായി അദ്ദേഹം വന്നിട്ടുണ്ട്. പ്രവാസികളുടെ ആവശ്യങ്ങളും അവരുടെ വ്യക്തിപരമായ പ്രശ്നങ്ങളും പരിഹരിക്കാൻ അദ്ദേഹം എപ്പോഴും മുൻനിരയിൽ തന്നെയുണ്ട്. കേരളത്തിലെ ഭരണചക്രം തിരിക്കുന്ന പ്രധാനപ്പെട്ട പാർട്ടികളിൽ ഒന്നിന്റെ നേതാവാണെങ്കിലും നമുക്കൊപ്പം സാധാരണക്കാരനായി ഇടപഴകുന്ന നേതാവാണദ്ദേഹം. അദ്ദേഹത്തിന് ഈ അവാർഡ് നല്കുന്നത് എന്തു കൊണ്ടും സാർത്ഥകമാണ്.

അവാർഡിന് നന്ദി പറഞ്ഞു ബിനോയി വിശ്വം പ്രവാസികൾ നല്കുന്ന സ്നേഹത്തിനു നന്ദി പറഞ്ഞു. പ്രവാസി പ്രശ്നങ്ങളിൽ തന്നാൽ കഴിയുന്ന എന്ത് സഹായവും വാഗ്ദാനം ചെയ്യുകയും ചെയ്തു.

അവാർഡ് സ്വീകരിച്ച ബിനോയ് വിശ്വത്തിനും അതിനുവേദിയൊരുക്കിയ കെ.സി.എ.എൻ.എക്കും വർക്കി ഏബ്രഹാം നന്ദി പറഞ്ഞു. പ്രവാസി ചാനലിന്റെ സാരഥികളായ ജോൺ ടൈറ്റസ്, ബേബി ഊരാളിൽ, ജോയി നെടിയകാലായിൽ, സുനിൽ ട്രൈസ്റ്റാർ എന്നിവരും ചേർന്നാണ് അവാർഡ് രൂപകല്പന ചെയ്തത്.

എൽമോണ്ടിലുള്ള സെ. വിൻസെന്റ് ഡി പോൾ സീറോ മലങ്കര കത്തോലിക്കാ കത്തീഡ്രൽ ഹാളിൽ ആയിരുന്നു ചടങ്ങ്. കഴിഞ്ഞ ഡിസംബറിൽ സിപിഐ സ്റ്റേറ്റ് സെക്രട്ടറിയായി ചുമതലയേറ്റ ബിനോയ് വിശ്വം വി.എസ്. അച്യുതാനന്ദൻ മന്ത്രിസഭയിൽ വനം വകുപ്പ് മന്ത്രിയായിരുന്നു. 2001, 2006 നിയമസഭാ തെരഞ്ഞെടുപ്പുകളിൽ കോഴിക്കോട് ജില്ലയിലെ നാദാപുരത്തുനിന്നും രണ്ടുതവണ തുടർച്ചയായി മത്സരിച്ചു വിജയിച്ചു. 2018 മുതൽ 2024 വരെ കേരളത്തിൽ നിന്നുള്ള രാജ്യസഭാംഗമായും പ്രവർത്തിച്ചിട്ടുണ്ട്. എം എ, എൽഎൽബി ബിരുദധാരിയാണ്.

അമേരിക്കയിൽ നിന്നുള്ള 24 മണിക്കൂർ ചാനലായ പ്രവാസി ചാനൽ 13 വർഷം പിന്നിട്ടു. അമേരിക്കൻ മലയാളികൾക്ക് മുൻഗണന നല്കുന്ന ചാനൽ ലോകമെങ്ങുനിന്നുമുള്ള വാർത്തകളും വിശേഷങ്ങളും നമ്മുടെ സ്വീകരണമുറിയിൽ എത്തിക്കുന്നു.

# അൽഷിമേഴ്സ് പരിചരണത്തിൽ ഒക്യുപേഷണൽ തെറാപ്പിസ്റ്റുകൾ എങ്ങനെ സഹായിക്കുന്നു

ഡോ. ജോസഫ് സണ്ണി കുന്നശ്ശേരി

ഡിമെൻഷ്യ അഥവാ ഓർമ്മക്കുറവിന്റെ ഏറ്റവും സാധാരണമായ രൂപമാണ് അൽഷിമേഴ്സ് രോഗം. ലോകമെമ്പാടുമുള്ള ദശലക്ഷക്കണക്കിന് ആളുകളെ അൽഷിമേഴ്സ് ബാധിക്കുന്നു. കണക്കെടുത്താൽ ഇന്ത്യയിൽ മാത്രം നാല് ദശലക്ഷത്തിലേറെ പേർക്ക് വിവിധതരം ഓർമ്മക്കുറവ് രോഗങ്ങൾ ബാധിച്ചിട്ടുണ്ട്. ആഗോളതലത്തിൽ ഇത് 44 ദശലക്ഷമെന്നാണ് കണക്ക്.

ലോകാരോഗ്യ സംഘടനയുടെ കണക്കനുസരിച്ച് 55 ദശലക്ഷത്തിലധികം പേർ ഡിമെൻഷ്യയുമായി ജീവിക്കുന്നുണ്ട്. ഇത് മരണത്തിന്റെ പ്രധാന കാരണങ്ങളിൽ ഏഴാം സ്ഥാനത്താണ്. കൂടാതെ പ്രായമായവരിൽ ആശ്രിതത്വത്തിന്റെ പ്രധാന കാരണവുമാണ്.

ലോങ്കിറ്റ്യൂഡിനൽ ഏജിംഗ് സ്റ്റഡി (2018–2020) പഠനം അനുസരിച്ച് 60 വയസും അതിൽ കൂടുതലും പ്രായമുള്ളവരിൽ 7.4 ശതമാനം ആളുകളും ഏകദേശം 8.8 ദശലക്ഷം ആളുകളും ഇന്ത്യയിൽ ഡിമെൻഷ്യയുമായി ജീവിക്കുന്നു. ജനസംഖ്യയിൽ പ്രായമായവർ കൂടുന്നതിനാൽ അൽഷിമേഴ്സ് രോഗമുള്ളവരെ എങ്ങനെ കൈകാര്യം ചെയ്യാമെന്നും പിന്തുണയ്ക്കാമെന്നും മനസ്സിലാക്കേണ്ടത് വളരെ പ്രധാനമാണ്. അൽഷിമേഴ്സ് മാനേജ്മെന്റിൽ ഒരു ഒക്യുപേഷണൽ തെറാപ്പിസ്റ്റിന്റെ (ഒടി) പങ്ക് വളരെ പ്രാധാന്യമർഹിക്കുന്നത് അവിടെയാണ്. രോഗികൾക്ക് അവരുടെ ദൈനംദിന കാര്യങ്ങൾ സുഗമമായി ചെയ്ത് ജീവിതനിലവാരം മെച്ചപ്പെടുത്താൻ ഒക്യുപേഷണൽ തെറാപ്പിസ്റ്റ് സഹായിക്കുന്നു.

**അൽഷിമേഴ്സ് രോഗം എന്തെന്ന് അറിയാം:** തുടക്കത്തിൽ ഓർമ്മ, ചിന്തകൾ, ദൈനംദിന പ്രവർത്തനങ്ങൾ എന്നിവയെ ബാധിക്കുന്ന ഒരു മസ്തിഷ്ക രോഗമാണ് അൽഷിമേഴ്സ്. രോഗവുമായി മുന്നോട്ട് പോകുന്തോറും സമീപകാലത്ത് നടന്ന സംഭവങ്ങൾ ഓർക്കാൻ രോഗികൾ ബുദ്ധിമുട്ടും. പേരും ആളുകളുടെ മുഖവും മറക്കും. പരിചിതമായ സ്ഥലങ്ങളിൽ പോലും വഴിതെറ്റും. കാര്യങ്ങൾ ഗ്രഹിക്കുന്നത് കുറയുന്തോറും പാചകം, കുളി, വസ്ത്രധാരണം തുടങ്ങി ദൈനംദിന പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നു. ഇത്തരം ദൈനംദിന കാര്യങ്ങൾ ചെയ്യാൻ കഴിയാതെവരുന്നതിലൂടെ നിരാശ, ആശയക്കുഴപ്പം, ദേഷ്യം തുടങ്ങിയ പെരുമാറ്റ മാറ്റങ്ങൾ രോഗികൾക്ക് ഉണ്ടാവുക സാധാരണമാണ്. വഴി തെറ്റിയാൽ എന്തു ചെയ്യണം പോലുള്ള ചെറിയ തീരുമാനങ്ങളെടുക്കുന്നതിനെപ്പോലും രോഗം ബാധിക്കും. അൽഷിമേഴ്സ് രോഗത്തിന് ചികിത്സ ഇല്ലാത്തതുകൊണ്ട് തന്നെ അതിന്റെ ലക്ഷണങ്ങളെ നിയന്ത്രിക്കുകയും രോഗികൾക്ക് ആവശ്യമായ പിന്തുണ നല്കുകയുമാണ് പ്രധാനം. ഇവിടെയാണ് ഒക്യുപേഷണൽ തെറാപ്പിസ്റ്റിന്റെ പങ്ക് നിർണ്ണായകമാകുന്നത്.

**ഒക്യുപേഷണൽ തെറാപ്പിയുടെ പങ്ക്:** അൽഷിമേഴ്സ് രോഗികളെ അവരുടെ ദൈനംദിന പ്രവർത്തനങ്ങളും ദിനചര്യകളും മാനേജ് ചെയ്യാനും അർത്ഥവത്തായ തൊഴിലുകളിലോ വിനോദങ്ങളിലോ ഏർപ്പെടാൻ ഒക്യുപേഷണൽ തെറാപ്പി സഹായിക്കുന്നു. രോഗികളുടെ വൈജ്ഞാനിക (ധാരണാശേഷി) പരിമിതികൾക്കിടയിലും കഴിയുന്നത്ര സ്വതന്ത്രമായ ജീവിതം നയിക്കാൻ അവരെ പ്രാപ്തരാക്കുന്നതിൽ ഒക്യുപേഷണൽ തെറാപ്പിസ്റ്റ് ശ്രദ്ധ കേന്ദ്രീകരിക്കുന്നു. അവരുടെ സമീപനം രോഗിക്കും കുടുംബത്തിനും പ്രയോജനകരമാണെന്ന് ഉറപ്പുവരുത്തുന്നതിനൊപ്പം രോഗിയെ പരിചരിക്കുന്നവരുടെ ഭാരം കുറയ്ക്കുകയും രോഗിയുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുകയും ചെയ്യുന്നു.



ലേഖകൻ

**ഒക്യുപേഷണൽ തെറാപ്പിസ്റ്റുകൾ അൽഷിമേഴ്സ് രോഗികളെ സഹായിക്കുന്നതെങ്ങനെ?** ദൈനംദിന ജീവിത പ്രവർത്തനങ്ങളുടെ വിലയിരുത്തൽ, വസ്ത്രധാരണം, പാചകം അല്ലെങ്കിൽ മരുന്നുകൾ കൈകാര്യം ചെയ്യൽ തുടങ്ങി ദൈനംദിന ജോലികൾ ചെയ്യാനുള്ള രോഗിയുടെ കഴിവ് ഒക്യുപേഷണൽ തെറാപ്പിസ്റ്റുകൾ വിലയിരുത്തുന്നു. ഈ വിലയിരുത്തലിനെ അടിസ്ഥാനമാക്കി രോഗിക്ക് ചെയ്യാനാകുന്ന രീതിയിൽ അവരെ സഹായിക്കുന്ന ഒരു വ്യക്തിഗത പദ്ധതി ഉണ്ടാക്കുന്നു.

**പ്രവർത്തനപരമായ കഴിവുകൾ വർദ്ധിപ്പിക്കുക:** വിവിധ സാങ്കേതിക വിദ്യകളിലൂടെ രോഗിയുടെ കഴിവുകൾ പുനഃസ്ഥാപിക്കാൻ തെറാപ്പിസ്റ്റുകൾ സഹായിക്കുന്നു. ഉദാഹരണത്തിന് പല്ല് തേക്കുക എന്ന പ്രവർത്തനത്തെ ഒക്യുപേഷണൽ തെറാപ്പിസ്റ്റുകൾ ലളിതമായ പല ഘട്ടങ്ങളായി വിഭജിക്കുന്നു. തുടർന്ന് ദൃശ്യപരമോ വാക്കുകളാലോ ഉള്ള സൂചനകൾ നല്കി ആ പ്രവർത്തനം ചെയ്യാൻ രോഗിയെ നയിക്കുന്നു. ഇത് രോഗിയെ സഹായിക്കുക മാത്രമല്ല, രോഗാവസ്ഥയോടുള്ള നിരാശ കുറയ്ക്കാനും സഹായിക്കുന്നു.

**ആത്മവിശ്വാസം വളർത്തിയെടുക്കൽ:** ഒരു പതിവ് ദിനചര്യ നിലനിർത്താൻ അൽഷിമേഴ്സ് രോഗികളെ ഒക്യുപേഷണൽ തോറാപ്പിസ്റ്റുകൾ പ്രോത്സാഹിപ്പിക്കുന്നു. ഇത് ഉത്കണ്ഠയും ആശയക്കുഴപ്പവും കുറയ്ക്കാനും നേടാനാകുന്ന ലക്ഷ്യങ്ങൾ സജ്ജമാക്കി രോഗിയുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കാനും സഹായിക്കും. ഇതിലൂടെ ലക്ഷ്യബോധം നിലനിർത്താനും നിരാശ കുറയ്ക്കാനും രോഗി പ്രാപ്തമാകുന്നു.

**പാരിസ്ഥിതിക പരിഷ്കരണങ്ങൾ:** വീടിന്റെ അന്തരീക്ഷം സുരക്ഷിതമാണെന്നും രോഗിയെ പിന്തുണയ്ക്കുന്നതാണെന്നും ഒക്യുപേഷണൽ തെറാപ്പിസ്റ്റു ഉറപ്പ് വരുത്തുന്നു. മുറികളോ സ്ഥിരമായി ഉപയോഗിക്കുന്ന വസ്തുക്കളോ ലേബൽ ചെയ്യൽ, റഗ്ഗുകളോ ചവിട്ടികളോ ഒഴിവാക്കുക, നിലം വ്യക്തവും അലങ്കോലമില്ലാതെ സൂക്ഷിക്കുക, ചലിക്കാൻ സഹായിക്കുന്ന വിവിധ മൊബിലിറ്റി എയ്ഡുകൾ നല്കൽ തുടങ്ങിയവ പോലുള്ള ക്രമീകരണങ്ങൾ ശിപാർശ ചെയ്യുന്നത് ഇതിൽ ഉൾപ്പെട്ടേക്കാം. ആശയക്കുഴപ്പവും വീഴാനുള്ള സാദ്ധ്യതയും കുറയ്ക്കാൻ മികച്ച ലൈറ്റിംഗ് സഹായിക്കും. ഓട്ടോമാറ്റിക് ലൈറ്റുകൾ ഉപയോഗിക്കുന്നത് രാത്രിയിൽ രോഗി വീഴുന്നത് തടയുന്നു.

**പരിചരിക്കുന്നവർക്ക് അറിവും പിന്തുണയും:** ഒക്യുപേഷണൽ തെറാപ്പിസ്റ്റിന്റെ ഏറ്റവും പ്രധാനപ്പെട്ട സഹായങ്ങളിലൊന്നു പരിചരിക്കുന്നവർക്ക് നല്കുന്ന പിന്തുണയാണ്. അൽഷിമേഴ്സ് രോഗിയെ പരിചരിക്കുന്നത് ശാരീരികമായും വൈകാരികമായും ബുദ്ധിമുട്ടുള്ളതാണ്. വെല്ലുവിളി നിറഞ്ഞ പെരുമാറ്റങ്ങൾ എങ്ങനെ കൈകാര്യം ചെയ്യാമെന്നും രോഗിയുമായി ഫലപ്രദമായി ആശയവിനിമയം എങ്ങനെ നടത്താമെന്നും ദൈനംദിന പരിചരണ ജോലികൾ ലഘൂകരിക്കാമെന്നും ഒക്യുപേഷണൽ തെറാപ്പിസ്റ്റ് പരിചരിക്കുന്നവരെ പഠിപ്പിക്കുന്നു. ഇത് പരിചരിക്കുന്ന ആളിന്റെ ക്ഷീണം കുറയ്ക്കുകയും മൊത്തത്തിലുള്ള പരിചരണ അനുഭവം മെച്ചപ്പെടുത്തുകയും ചെയ്യും. അൽഷിമേഴ്സ് രോഗം സങ്കീർണ്ണമായ വെല്ലുവിളികൾ നിറഞ്ഞതാണ്. എന്നാൽ, ഒക്യുപേഷണൽ തെറാപ്പിയുടെ സഹായത്തോടെ ദൈനംദിന ജീവിതപ്രവർത്തനങ്ങൾ, ദിനചര്യകൾ, സമഗ്രമായ പരിചരണം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് രോഗികളുടെയും അവരെ പരിചരിക്കുന്നവരുടെയും ജീവിതം മെച്ചപ്പെടുത്തുന്നതിൽ ഒക്യുപേഷണൽ തെറാപ്പിസ്റ്റുകൾ ഒരു പ്രധാന പങ്ക് വഹിക്കുന്നു.

# 25-ാമത് ഇന്റർനാഷണൽ ചീട്ടുകളി (56) മാമാങ്കത്തിന് ഡിട്രോയിറ്റ് അപ്പച്ചൻ നഗർ ഒരുങ്ങി

രാജു ശങ്കരത്തിൽ

ഡിട്രോയിറ്റ്: ഒക്ടോബർ 4, 5, 6 (വെള്ളി, ശനി, ഞായർ) തീയതികളിൽ ഡിട്രോയിറ്റ് അപ്പച്ചൻ നഗറിൽ വെച്ച് (PEARL EVENT CENTER, 26100 Northwestern Highway Southfield, MI 48076) നടത്തപ്പെടുന്ന ഇന്റർനാഷണൽ 56 കാർഡ് ഗെയിമിന്റെയും സിൽവർ ജൂബിലി ആഘോഷത്തിന്റെയും ഒരുക്കങ്ങൾ പൂർത്തിയായതായി സംഘാടകർ അറിയിച്ചു.

ഏകദേശം തൊണ്ണൂറ് ടീമുകൾ മാറ്റുരയ്ക്കുന്ന ഈ വാശിയേറിയ മത്സരത്തിന്റെ രജിസ്ട്രേഷൻ ഒക്ടോബർ 4-ന് വെള്ളിയാഴ്ച ഉച്ചയ്ക്ക് 12 മണിക്ക് ആരംഭിക്കും. തുടർന്ന് ദേശീയ സമിതി യോഗവും ജനറൽ ബോഡിയും അതിനെത്തുടർന്ന് ഉദ്ഘാടനവും നടക്കും. ആദ്യമത്സരം വൈകുന്നേരം കൃത്യം 4 മണിക്ക് ആരംഭിക്കും. ഒക്ടോബർ 3-ന് വ്യാഴാഴ്ച മികച്ച പരിശീലന ഗെയിമുകൾ ഉണ്ടായിരിക്കുന്നതാണ്. ആയതിനാൽ വ്യാഴാഴ്ച എത്തിച്ചേരുവാൻ എല്ലാവരെയും സ്വാഗതം ചെയ്യുന്നതായി ഭാരവാഹികൾ അറിയിച്ചു. വ്യാഴാഴ്ച എത്തുന്നവർക്ക് ഭക്ഷണ പാനീയങ്ങൾ ഒരുക്കുന്നതാണ്. 200 ഡോളർ വീതമാണ് ടൂർണമെന്റ് രജിസ്ട്രേഷൻ ഫീസ്. താമസസൗകര്യങ്ങൾക്കുള്ള റൂമുകൾ സ്വന്തമായി ബുക്ക് ചെയ്യുവാൻ ബന്ധപ്പെടേണ്ട ഹോട്ടലുകൾ: Hampton Inn (Southfield): 248 256 2350, Staybridge Suites (Southfield): 947 479 4747.

ഗെയിമുകളിൽ വിജയികളാകുന്ന ടീമുകൾക്ക് ഒന്നാം സമ്മാനമായി മൂവായിരം ഡോളറും രണ്ടാം സമ്മാനം രണ്ടായിരത്തി ഒരുനൂറ് ഡോളർ, മൂന്നാം സമ്മാനം ആയിരത്തി അഞ്ഞൂറു ഡോളർ, നാലാം സമ്മാനമായി ആയിരത്തി ഇരുനൂറ് ഡോളർ എന്ന ക്രമത്തിൽ ക്യാഷ് അവാർഡുകളും ട്രോഫികളും നല്കുന്നതാണ്. ഒന്നാം സമ്മാനം വലിയപറമ്പിൽ ഫാമിലിയും രണ്ടാം സമ്മാനം ജൂബി ജെ. ചക്കുങ്കൽ, മൂന്നാം സമ്മാനം കണക്റ്റിക്കട്ടിൽ നിന്നുള്ള മധു കുട്ടി, നിഥിൻ ഈപ്പൻ, രാജീവ് ജോർജ് എന്നിവരും നാലാം സമ്മാനം ജോസഫ് മാത്യു (ഫ്രണ്ട്സ് ഓഫ് അപ്പച്ചൻ) എന്നിവരാണ് സ്പോൺസർ ചെയ്തിരിക്കുന്നത്. കൂടുതൽ






വിവരങ്ങൾക്ക്: വെബ്സൈറ്റ്: 56International.com

ടൂർണമെന്റ് കോ-ഓർഡിനേറ്റേഴ്സ്: മാത്യു ചെരുവിൽ (56 ഇന്റർനാഷണൽ ചെയർമാൻ) 586 206 6164, ജോസ് ഏബ്രഹാം (ടൂർണമെന്റ് ചെയർമാൻ) 248 802 8952, ജോർജ് വന്നിലം (വൈസ് ചെയർമാൻ) 248 921 9941. എക്സിക്യൂട്ടീവ് കമ്മിറ്റി മെംബേഴ്സ്: സുനിൽ എൻ. മാത്യു 734 272 5264, ജോസ് ഫിലിപ്പ് 248 767 9952, സുനിൽ മാത്യു 248 982 0177, ബിജോയ്സ് തോമസ് 248 761 9979, മാത്യു ചെമ്പോല 914 338 6914.

# സ്കാർബൊറോ കപ്പ് ടൂർണമെന്റിൽ നോർത്തേൺ വോൾവ്സ് ജേതാക്കൾ

ജോസഫ് ജോൺ കാൽഗറി

ഒന്റാരിയോ: സെപ്റ്റംബർ 21-ന് സ്കാർബൊറോ എഫ്സി സംഘടിപ്പിച്ച ആവേശകരമായ അന്താരാഷ്ട്ര ഫുട്ബോൾ ടൂർണമെന്റിൽ നോവ സ്കോഷ്യൻ ടീമായ നോർത്തേൺ വോൾവ്സ് ജേതാക്കളായി. അറ്റ്ലാന്റിക് പ്രവിശ്യകളിൽ നിന്നും ആദ്യമായാണ് ഒരു ടീം ഈ നേട്ടം കൈവരിക്കുന്നത്.

എക്കാലവും നെഞ്ചേറ്റുന്ന മലയാളിക്ക് അഭിമാനമായി ഈ ടൂർണമെന്റ്.

ഹാലിഫാക്സിലെ (നോവ സ്കോഷ്യ) മലയാളി ഫുട്ബോൾ പ്രേമികളാൽ 2023-ൽ സ്ഥാപിതമായ ഫുട്ബോൾ ക്ലബാണ് നോർത്തേൺ വോൾവ്സ്. ചുരുങ്ങിയ കാലംകൊണ്ട് കാനഡയുടെ ഫുട്ബോൾ ഭൂപടത്തിൽ സ്വന്തമായി ഒരിടം നേ

കുട്ടികൾക്കായുള്ള ഫുട്ബോൾ ടൂർണമെന്റ് ഇത്തരത്തിൽ ശ്രദ്ധേയമായ ഒന്നായിരുന്നു.

ഒരു തോൽവിയും വഴങ്ങാതെയാണ് ടൂർണമെന്റിൽ നോർത്തേൺ വോൾവ്സ് തങ്ങളുടെ പ്രകടനം കാഴ്ചവെച്ചത്. അറ്റ്ലാന്റിക് പ്രവിശ്യകളിൽ നിന്നും ആദ്യമായാണ് ഒരു ടീം സ്കാർബൊറോ കപ്പ് നേടുന്നത് എന്നത് അവരുടെ അർപ്പണബോധത്തിന്റെയും നിശ്ചയദാർഢ്യത്തിന്റെയും പ്രതീകമായി.

വിജയകരമായ യാത്രയിൽ ഒരു നിർണ്ണായക മുന്നേറ്റമായി മാറി. ഒപ്പം ദേശീയ-അന്തർദേശീയ ഫുട്ബോൾ രംഗത്ത് അവരുടെ സ്ഥാനവും ഉറപ്പിച്ചു.

ഈ വിജയം നോവ സ്കോഷ്യൻ ഫുട്ബോൾ രംഗത്ത് നിർണായക കാൽവെപ്പായി മാറുമെന്നത് നിസ്തർക്കമാണ്. മലയാളികൾ കൂടുതൽ







കാനഡയും യുഎസ്എയും ഉൾപ്പെടെ 21 ശക്തരായ ടീമുകളാണ് ഈ ടൂർണമെന്റിൽ മാറ്റുരച്ചത്. ഒന്റാരിയോയിലെ സ്കാർബൊറോയിൽ നടന്ന വാശിയേറിയ ഈ ടൂർണമെന്റ് നിലവാരം കൊണ്ടും കളിയുടെ മേന്മകൊണ്ടും ഫുട്ബോൾ പ്രേമികളുടെ ശ്രദ്ധ പിടിച്ചുപറ്റി. ഫുട്ബോളിനെ

ടാൻ നോർത്തേൺ വോൾവ്സിനു കഴിഞ്ഞു എന്നത് നിസ്സാര കാര്യമല്ല. യുവപ്രതിഭകളെ തിരിച്ചറിയുകയും അവർക്ക് വളരാനുള്ള ഇടം ഒരുക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തിലൂടെയാണ് ഈ ടീം ഫുട്ബോൾ പ്രേമികളുടെ മനസ്സിൽ ഇടം പിടിക്കുന്നത്. ഈയടുത്തകാലത്ത് നടത്തപ്പെട്ട

ഫൈനലിൽ മുൻ ചാമ്പ്യന്മാരായ കൈരളി എഫ്സി എന്ന ക്ലബിനെ ഏകപക്ഷീയമായ രണ്ട് ഗോളുകൾക്കാണ് നോർത്തേൺ വോൾവ്സ് അടിയറവ് ചെയ്യിച്ചത്. ഈ ടൂർണമെന്റ് ക്ലബിന്റെ

ഈ രംഗത്തേക്ക് ആകൃഷ്ടരാകാനും ഒപ്പം കനേഡിയൻ ഫുട്ബോൾ രംഗത്തേക്ക് കൂടുതൽ മലയാളി സാന്നിദ്ധ്യം ഉറപ്പിക്കാനും ഇത്തരം നേട്ടങ്ങൾ ഉതകട്ടെയെന്ന് നമുക്ക് പ്രത്യാശിക്കാം.

# ലിസ്സ് ചെയ്നിയുടെ ഞെട്ടിക്കുന്ന വെളിപ്പെടുത്തലുകൾ

ജോസ് കല്ലിടിക്കിൽ

**2020** തെരഞ്ഞെടുപ്പ് ഫലം തിരസ്കരിച്ച് ഒരു രക്തരൂക്ഷിത കലാപത്തിലൂടെ അധികാരത്തിൽ തുടരുവാൻ മുൻ പ്രസിഡണ്ട് ഡോണൾഡ് ട്രംപും കൂട്ടാളികളും നടത്തിയ അധാർമ്മിക, ദേശവിരുദ്ധ പ്രവർത്തനങ്ങൾ നേരിട്ട് വീക്ഷിച്ചതും അതിനെ പ്രതിരോധിക്കുവാൻ തന്റെ രാഷ്ട്രീയഭാവി കൂടി ത്യജിക്കുവാൻ തയ്യാറായതുമായ വിരളം റിപ്പബ്ലിക്കൻ നേതാക്കളിൽ ഒരാളാണ് മുൻ വൈസ് പ്രസിഡണ്ട് ഡിക്ക് ചെയ്നിയുടെ പുത്രി കൂടിയായ ലിസ്സ് ചെയ്നി. വയോമിംഗ് സംസ്ഥാനത്തുനിന്നുള്ള യു.എസ് ഹൗസ് പ്രതിനിധിയും ഹൗസ് റിപ്പബ്ലിക്കൻ നേതൃത്വത്തിൽ മൂന്നാം സ്ഥാനം വഹിച്ചിരുന്ന വ്യക്തിയുമാണ് അവർ. ഭാവി റിപ്പബ്ലിക്കൻ ഭരണത്തിൽ ക്യാബിനറ്റ് പദവി അലങ്കരിക്കുവാനും ഹൗസ് സ്പീക്കർ പദവിയിലേക്ക് ഉയർത്തപ്പെടുവാനും അർഹതയുണ്ടായിരുന്ന അവർക്ക്, ജനഹിതം അട്ടിമറിച്ച് ഒരു സ്വേച്ഛാധിപതിയാകുവാനുള്ള ഡോണൾഡ് ട്രംപിന്റെ ദുഷ്ടപദ്ധതി നിശബ്ദയായി നോക്കിനിൽക്കാനായില്ല. ഭർത്താവ് ഫിൽ, ചീഫ് ഓഫ് ദി സ്റ്റാഫ്, ഡിഫൻസ് സെക്രട്ടറി, വൈസ് പ്രസിഡണ്ട് എന്നീ പദവികളിൽ റിപ്പബ്ലിക്കൻ പ്രസിഡണ്ടുമാർക്കൊപ്പം സേവനം ചെയ്തിട്ടുള്ളതുമായ പിതാവ് ഡിക്ക് ചെയ്നി, ഏതാനും റിപ്പബ്ലിക്കൻ ഹൗസ് റെപ്രസെന്റേറ്റീവ്സ് എന്നിവരുടെ പിന്തുണ ഈ പോരാട്ടത്തിൽ അവർക്കുണ്ടായിരുന്നു.

പ്രഥമ പ്രസിഡണ്ട് ജോർജ് വാഷിങ്ടൺ 1797-ൽ ജോൺ ആഡംസ്സിന് അധികാരം കൈമാറിയതു മുതൽ ഓരോ നാല് വർഷവും സമാധാനപരമായി സംഭവിക്കുന്നൊരു രാഷ്ട്രീയ പ്രക്രിയയാണ് അമേരിക്കയിലെ ഭരണ കൈമാറ്റം. ലോകരാഷ്ട്രങ്ങൾക്കൊന്നാകെ മാതൃകയായി നിലനിന്നിരുന്ന മഹത്തായ ഈ പാരമ്പര്യം തച്ചുടയ്ക്കുവാൻ ഡോണൾഡ് ട്രംപും കൂട്ടരും നടത്തിയ ഗൂഢാലോചനയുടെയും നിന്ദ്യനടപടികളുടെയും ചുരുൾ അഴിക്കുന്നൊരു വിവരണമാണ് ലിസ്സ് ചെയ്നി എഴുതിയ 'ഓത്ത് ആൻഡ് ഹോണർ' എന്ന പുസ്തകം. അമേരിക്കൻ രാഷ്ട്രീയം ആഴത്തിൽ ഗ്രഹിക്കുവാനും അമേരിക്കൻ രാഷ്ട്രീയത്തിൽ സജീവമാകുവാൻ താല്പര്യപ്പെടുന്നവർക്കും 372 പേജുള്ള ഈ ബുക്ക് ഒരു മുതൽക്കൂട്ടായിരിക്കും. ഒരു ആത്മസുഹൃത്ത് സമ്മാനിച്ച പുസ്തകം അടുത്തിടെ നാട്ടിലേക്കും തിരിച്ചുമുള്ള യാത്രയിൽ വായിച്ച് തീർക്കുന്നതിനിടയിൽ ലേഖകൻ നിരവധി തവണ വികാരാധീനനായി. വിദേശ അധിനിവേശത്തെയും ആഭ്യന്തര കലാപത്തെയും അതിജീവിച്ച് അനേകായിരം പൂർവ്വികർ ജീവൻ ബലികഴിച്ച്, വ്യക്തമായൊരു നിയമ വ്യവസ്ഥയോടു കൂടി എല്ലാ ജനതയ്ക്കും അവകാശപ്പെട്ടതും തുല്യത വാഗ്ദാനം ചെയ്യുന്നതും ജനങ്ങളാൽ നേരിട്ട് തെരഞ്ഞെടുക്കപ്പെട്ട ഭരണ സംവിധാനവുമുള്ള അമേരിക്കൻ റിപ്പബ്ലിക് തച്ചുടയ്ക്കുവാനും തട്ടിയെടുക്കുവാനും ആത്മാഭിമാനവും ദേശസ്നേഹവുമുള്ള ഒരു വ്യക്തിക്കും അനുവദിക്കാൻ കഴിയില്ലെന്ന് ലിസ്സ് ചെയ്നിയുടെ 'ഓത്ത് ആൻഡ് ഹോണർ' സമർത്ഥിക്കുന്നു. അതിന് നല്കേണ്ടി വരുന്ന വില എത്ര ഭീമമാകിലും.

യുക്രെയ്ൻ പ്രസിഡണ്ട് വ്ളാഡിമിർ സെലൻസ്കിയുടെമേൽ സമ്മർദ്ദം ചെലുത്തി തന്റെ എതിർസ്ഥാനാർത്ഥി ജോ ബൈഡനെതിരെ അന്വേഷണം നടത്തുവാൻ ഡോണൾഡ് ട്രംപ് ഒരു വിഫലശ്രമം നടത്തി. അതിനായി കോൺഗ്രസ് യുക്രെയ്ന് അനുവദിച്ച സൈനികസഹായം അദ്ദേഹം തടഞ്ഞുവെച്ചു. നിയമവിരുദ്ധമായ ഈ നടപടികൾ ട്രംപിന്റെ ആദ്യ ഇംപീച്ച്മെന്റിൽ കൊണ്ടെത്തിച്ചു. ഇംപീച്ച് ചെയ്യപ്പെട്ടിട്ടും വീണ്ടും ജനവിധി തേടിയതും കോവിഡ് മഹാമാരിയെ പ്രതിരോധിക്കുന്നതിൽ പ്രകടിപ്പിച്ച അലംഭാവവും സ്വീകരിച്ച നിഷേധാത്മക സമീപനവും 2020 നവംബർ തെരഞ്ഞെടുപ്പ് സർവ്വേകളിൽ ഡോണൾഡ് ട്രംപിനെ ഏറെ പിന്നിലാക്കി. തോൽവി മണത്തറിഞ്ഞ ട്രംപും അനുയായികളും വെറും രണ്ട് മാസം മുമ്പ് സെപ്റ്റംബറിൽ തെരഞ്ഞെടുപ്പ് നീട്ടിവെക്കുവാൻ ഒരു വിഫലശ്രമം നടത്തി. യുദ്ധങ്ങളും പ്രകൃതിദുരന്തങ്ങളും സാമ്പത്തിക പ്രതിസന്ധിയും ഒന്നും അമേരിക്കൻ തെരഞ്ഞെടുപ്പുകൾ നീട്ടിവെക്കുവാൻ കാരണമാകുന്നില്ല. സ്വന്തം പാർട്ടിയിൽ നിന്നുപോലും പിന്തുണ ലഭിക്കാതെ നീട്ടിവെക്കൽ ആശയം തള്ളപ്പെട്ടപ്പോൾ, അധികാരത്തിൽ തുടരാൻ മറ്റ് കുതന്ത്രങ്ങൾ തേടുകയായിരുന്നു ട്രംപും അദ്ദേ



ലേഖകൻ

ഹത്തിന്റെ ദുഷ്ടനിയമോപദേശകരും പാദസേവകരും.

ഡെമോക്രാറ്റിക് പാർട്ടി അനുഭാവികളിൽ ഒരുവിഭാഗം തപാൽവഴി വോട്ട് രേഖപ്പെടുത്തുവാൻ താല്പര്യം പ്രകടിപ്പിക്കുന്നവരാകയാൽ തപാൽ വോട്ടിംഗ് ദുഷ്കരമാക്കുവാനുള്ള ശ്രമത്തിലായി ട്രംപ് പക്ഷം. പോസ്റ്റ്മാസ്റ്റർ ജനറൽ ലൂയിസ്സ് ഡിജോയുടെമേൽ സമ്മർദ്ദം ചെലുത്തി അതിനുള്ള മാർഗ്ഗങ്ങൾ അവർ നടപ്പാക്കി. റിപ്പബ്ലിക്കൻ അനുഭാവികളോട് തപാൽവോട്ട് രേഖപ്പെടുത്താതെ തെരഞ്ഞെടുപ്പുദിനം 'ഇൻപേഴ്സൺ' വോട്ട് രേഖപ്പെടുത്തുവാൻ അവർ അഭ്യർത്ഥിച്ചു. വിവിധ സംസ്ഥാനങ്ങളിലെ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ നിരീക്ഷിച്ച റിപ്പബ്ലിക്കൻ പ്രവർത്തകർ സ്വകാര്യമായി ട്രംപിന്റെ ചെവിയിലോതി, ഇൻപേഴ്സൺ വോട്ട് എണ്ണുമ്പോൾ അദ്ദേഹം മുന്നിലെത്തുമ്പോഴും ബാറ്റിൽഗ്രൗണ്ട് സംസ്ഥാനങ്ങളിലെ തപാൽവോട്ട് എണ്ണിത്തുടങ്ങുമ്പോൾ മുതൽ അദ്ദേഹത്തിന്റെ ലീഡ് കുറയുകയോ പിന്നിലാകുകയോ ചെയ്യുമെന്ന്. ഇക്കാരണത്താലാണ് ഇൻപേഴ്സൺ വോട്ട് ലീഡിന്റെ അടിസ്ഥാനത്തിൽ വോട്ടെണ്ണൽ പൂർത്തിയാകുന്നതു കാത്തിരിക്കാതെ പ്രസിഡണ്ട് ട്രംപ് സ്വയം വിജയം പ്രഖ്യാപിച്ചത്. ഒരു മാർക്കോസ് അനുകരണം.

അമേരിക്കൻ തെരഞ്ഞെടുപ്പുകളിൽ എക്കാലവും പരാജിതരായ സ്ഥാനാർത്ഥികൾ വിജയിയെ വിളിച്ച് തങ്ങളുടെ തോൽവി അംഗീകരിക്കുകയും വിജയിയെ അഭിനന്ദിക്കുകയും ചെയ്യുകയെന്നത് കീഴ്‌വഴക്കമാണ്. തോൽവി ഇപ്പോഴും അംഗീകരിക്കുവാൻ തയ്യാറാകാത്ത ഡോണൾഡ് ട്രംപ് അടിസ്ഥാനരഹിതമായ ആരോപണങ്ങളുടെ പെരുമഴ സൃഷ്ടിച്ച് താൻ പരാജയപ്പെട്ട സംസ്ഥാനങ്ങളിലൊട്ടാകെ നിരവധി ഇലക്ഷൻ തർക്ക കേസുകൾ ഫയൽ ചെയ്തു. വ്യാപകമായ കള്ള വോട്ട്, വോട്ടിംഗ് മെഷീനിൽ കൃത്രിമം, ബാഹ്യഇടപെടൽ എന്നിവയെല്ലാം അദ്ദേഹം ആരോപിച്ചു. പക്ഷേ, അദ്ദേഹം തന്നെ നിയമിച്ച സൈബർ സെക്യൂരിറ്റി മേധാവി ക്രിസ്സ് ക്രിബ്സ് ഈ ആരോപണങ്ങൾ പാടെ നിഷേധിച്ചു. അമേരിക്ക സാക്ഷ്യംവഹിച്ച പൂർണ്ണമായും സുരക്ഷിതമായ ഒരു തെരഞ്ഞെടുപ്പായിരുന്നു 2020 പൊതുതെരഞ്ഞെടുപ്പെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. തൽക്ഷണം ക്രിസ്സ് ക്രിബ്സ് സ്ഥാനഭ്രഷ്ടനായി. അതാണ് ട്രംപ് സ്റ്റൈൽ. പക്ഷേ, അറ്റോർണി ജനറൽ ബിൽ ബാറും തെരഞ്ഞെടുപ്പ് തികച്ചും സുതാര്യമായിരുന്നുവെന്ന് പ്രഖ്യാപിക്കുകയും ഏതാനും സംസ്ഥാനങ്ങളിലെ തെരഞ്ഞെടുപ്പ് ഫലം റദ്ദ് ചെയ്യുവാൻ നടപടി സ്വീകരിക്കുവാനുള്ള ട്രംപിന്റെ നിർദ്ദേശം അനുസരിക്കുവാൻ വിസമ്മതിക്കുകയും ചെയ്തു.

ചീട്ടുകൊട്ടാരങ്ങൾ തകർന്നടിയുന്നതുപോലെ ഒന്നിനു പിറകെ ഒന്നായി സ്റ്റേറ്റ്, ഫെഡറൽ, സുപ്രീംകോർട്ട് എന്നിവ ഡോണൾഡ് ട്രംപിന്റെ വ്യാജ ഇലക്ഷൻ പെറ്റീഷനുകൾ തള്ളി. അവയിൽ ഏറ്റവും പരിഗണിച്ചത് ഡോണൾഡ് ട്രംപ് തന്നെ നിയമനം നല്കിയ റിപ്പബ്ലിക്കൻ അനുഭാവികളായ ന്യായാധിപർ തന്നെ. 2020 ഇലക്ഷൻ തർക്കത്തിൽ ഏറെ വിവാദമായത് അമേരിക്കയുടെ ഫെഡറൽ ഭരണസംവിധാനത്തെ തന്നെ അസ്ഥിരപ്പെടുത്താവുന്ന ടെക്സസ് സംസ്ഥാന നടപടിയാണ്. ഡോണൾഡ് ട്രംപിന്റെ നിയമോപദേശകർ ടെക്സസിലെ റിപ്പബ്ലിക്കൻ ഭരണകൂടത്തെ സ്വാധീനിച്ച് ജോ ബൈഡൻ നേരിയ വോട്ടുകൾക്ക് വിജയിച്ച വിസ്ക്കോൺസിൻ, പെൻസിൽവേനിയ, മിച്ചിഗൺ, ജോർജിയ എന്നീ സംസ്ഥാനങ്ങളിലെ തെരഞ്ഞെടുപ്പ് ഫലം തള്ളിക്കളയുവാൻ യു.എസ് സുപ്രീംകോടതിയിൽ പരാതി സമർപ്പിച്ചു. വിവാദത്തിലെ ദുരുദ്ദേശ്യവും അപകടവും തിരിച്ചറിഞ്ഞ യു.എസ് സുപ്രീം കോർട്ടിലെ ആറ് യാഥാസ്ഥിതിക ന്യായാധിപർ ഉൾപ്പെടെ ഒൻപതംഗ ഫുൾ ബെഞ്ച് ഏകകണ്ഠമായി കേസ് തള്ളിക്കൊണ്ട് ടെക്സസ് കെണി വിഫലമാക്കി. 61-ൽ 60-ഉം തെരഞ്ഞെടുപ്പ് പെറ്റീഷനുകൾ തള്ളപ്പെട്ടപ്പോൾ ഡോണൾഡ് ട്രംപിന് അനുകൂലവിധി ലഭിച്ചത് പെൻസിൽവേനിയായിൽ അപ്രസക്തമായൊരു എണ്ണം വോട്ട് തർക്കത്തിന്റെ പേരിൽ ഫയൽ ചെയ്തൊരു പെറ്റീഷനിൽ മാത്രം.

മാന്യമായി തോൽവി അംഗീകരിക്കുക സ്വേച്ഛാധിപതി കുലത്തിനു തന്നെ അഭിമാനക്ഷതമേൽക്കുന്നതാണല്ലോ. അധികാരത്തിൽ തുടരുവാൻ ഭരണഘടനാവിരുദ്ധമായ നടപടികൾ അവലംബിക്കുകയായിരുന്നു ഡോണൾഡ് ട്രംപും കുബുദ്ധികളായ അദ്ദേഹത്തിന്റെ നിയമോപദേശകരും പിന്നീട്. അമേരിക്കൻ പ്രസിഡണ്ട് തെരഞ്ഞെടുപ്പ് ഫലം നിർണ്ണയിക്കുന്നത് 538 ഇലക്ടറൽ വോട്ടിലെ ഭൂരിപക്ഷത്തിന്റെ അടിസ്ഥാനത്തിലാണ്. രണ്ട് സെനറ്റേഴ്സിന്റെയും ജനസംഖ്യയുടെ അടിസ്ഥാനത്തിൽ ഓരോ സംസ്ഥാനത്തിനും അനുവദിച്ചിട്ടുള്ള യു.എസ് പ്രതിനിധി സഭാംഗങ്ങളുടെയും എണ്ണമാണ് ഓരോ സംസ്ഥാനത്തിന്റെയും ഇലക്ടറൽ വോട്ട് സംഖ്യ. നെബ്റാസ്കാ, മെയ്ൻ എന്നീ സംസ്ഥാനങ്ങൾ ഒഴിച്ച്, മറ്റ് സംസ്ഥാനങ്ങളിൽ പോപ്പുലർ വോട്ടിൽ ഭൂരിപക്ഷം നേടുന്ന സ്ഥാനാർത്ഥിക്ക് അതത് സംസ്ഥാനങ്ങളിലെ ഇലക്ടറൽ വോട്ട് പൂർണ്ണമായും ലഭിക്കും. ഇലക്ടേഴ്സിനെ തെരഞ്ഞെടുക്കുന്നത് അതത് സംസ്ഥാനത്തെ പാർട്ടി നേതൃത്വമോ സ്ഥാനാർത്ഥിയോ. ഇലക്ടേഴ്സിനെ സർട്ടിഫൈ ചെയ്യേണ്ടത് അതത് സംസ്ഥാനത്തെ നിയമസഭാ സാമാജികരും. രണ്ടര നൂറ്റാണ്ടായി സൗമ്യമായി നടക്കുന്ന പ്രസ്തുത നടപടി തകിടംമറിച്ച് ജോർജിയ, വിസ്കോൺസിൻ, മിച്ചിഗൺ എന്നീ സംസ്ഥാന നിയമസഭകളിൽ ഡോണൾഡ് ട്രംപിന്റെ ഇലക്ടേഴ്സിനെ വ്യാജമായി സർട്ടിഫൈ ചെയ്യിപ്പിക്കുവാൻ അദ്ദേഹവും ഉപദേശകരും വിഫലശ്രമം നടത്തി. അമേരിക്കൻ തെരഞ്ഞെടുപ്പുകളിലെ ജനവിധി നിരർത്ഥകവും കലാപങ്ങളിലേക്ക് നയിക്കുന്നതുമായ നിയമവിരുദ്ധ നടപടിയാണ് ട്രംപ് പക്ഷത്തു നിന്നുണ്ടായത്.

ഭരണഘടന നിഷ്കർഷിച്ചിട്ടുള്ളതുപോലെ, 2020 ഡിസംബർ 14 തിങ്കൾ 50 സംസ്ഥാനങ്ങളിലേയും ഇലക്ടറൽ കോളജ് സമ്മേളിച്ച് ഇലക്ടറൽ വോട്ട് രേഖപ്പെടുത്തി. പ്രതീക്ഷിച്ചതുപോലെ ബൈഡൻ-ഹാരീസ് ടീം വിജയിച്ചു. ജയിക്കുവാൻ വേണ്ടിയ 270 ഇലക്ടറൽ വോട്ടുകളേക്കാൾ 36 എണ്ണം അധിക ഭൂരിപക്ഷത്തിൽ. പോപ്പുലർ വോട്ട് എണ്ണത്തിൽ 7 മില്യണിലധികവും അവർക്ക് ലഭിച്ചു.

"വിട്ടുകൊടുക്കില്ല, വിട്ടുകൊടുക്കില്ല, ഓവൽ ഓഫീസ് ഞങ്ങൾ വിട്ടുകൊടുക്കില്ല". തോറ്റിട്ടും അവർ ക്രോധത്തോടെ ഉരുവിട്ടു. നിയമാനുസൃതവും ജനാധിപത്യപരവുമായ മാർഗ്ഗങ്ങൾ അടഞ്ഞുപോയതിനാൽ ഒരു സൈനിക ഇടപെടലിലൂടെ ലക്ഷ്യം നേടുവാൻ പദ്ധതിയിട്ടു. തെരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിച്ച ഉടൻ ആലോചിച്ച പ്രസ്തുത

(ശേഷം 22-ാം പേജിൽ)

# കടലുണ്ടിക്കും കുമരകത്തിനും കേന്ദ്ര ബെസ്റ്റ് റൂറൽ ടൂറിസം വില്ലേജ് അവാർഡ്

തിരുവനന്തപുരം: ലോകടൂറിസം ദിനത്തിൽ ഇരട്ട പുരസ്കാരത്തിളക്കവുമായി കേരള ടൂറിസം. കേന്ദ്ര സർക്കാരിന്റെ ബെസ്റ്റ് റൂറൽ ടൂറിസം വില്ലേജ് അവാർഡിലാണ് കേരളം രണ്ടു പുരസ്കാരങ്ങൾക്ക് അർഹമായത്. ഉത്തരവാദിത്വ ടൂറിസം മിഷന്റെ മികവുറ്റ പദ്ധതികളാണ് കേരളത്തെ പുരസ്കാരത്തിന് അർഹമാക്കിയത്. ഉത്തരവാദിത്വ മിഷൻ പദ്ധതികൾ മികച്ച രീതിയിൽ നടപ്പാക്കിയ കടലുണ്ടി, കുമരകം എന്നീ ഗ്രാമപഞ്ചായത്തുകൾക്കാണ് പുരസ്കാരം. കടലുണ്ടിക്കു ബെസ്റ്റ് റെസ്പോൺസിബിൾ ടൂറിസം വില്ലേജ് അവാർഡും കുമരകത്തിന് ബെസ്റ്റ് അഗ്രി ടൂറിസം വില്ലേജ് പുരസ്കാരവുമാണു ലഭിച്ചത്.

തുടർച്ചയായ രണ്ടാം വർഷമാണ് ഉത്തരവാദിത്വ ടൂറിസം പ്രവർത്തനങ്ങളിലൂടെ കേരളത്തിന് ബെസ്റ്റ് ടൂറിസം വില്ലേജ് പുരസ്കാരം ലഭിക്കുന്നത്. കഴിഞ്ഞ തവണ ഉത്തരവാദിത്വ ടൂറിസം മിഷന്റെ സ്ട്രീറ്റ് പദ്ധതി നടപ്പാക്കിയതോടെ കാന്തല്ലൂരിന് സുവർണ പുരസ്കാരം ലഭിച്ചിരുന്നു.

ന്യൂഡൽഹി വിഗ്യാൻ ഭവനിൽ നടന്ന ചടങ്ങിൽ ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകറിന്റെ സാന്നിധ്യത്തിൽ കേന്ദ്ര ടൂറിസം, സാംസ്കാരിക മന്ത്രി ഗജേന്ദ്ര സിംഗ് ശെഖാവത്ത് പുരസ്കാരങ്ങൾ സമ്മാനിച്ചു. കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി സിഇഒ രൂപേഷ് കുമാർ, കുമരകം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ധന്യ സാബു, കടലുണ്ടി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് വി.വി. അനുഷ എന്നിവർ പുരസ്കാരം ഏറ്റുവാങ്ങി.




ന്യൂഡൽഹിയിലെ വിഗ്യാൻ ഭവനിൽ നടന്ന ചടങ്ങിൽ ബെസ്റ്റ് റൂറൽ ടൂറിസം വില്ലേജിനുള്ള പുരസ്കാരം ഏറ്റുവാങ്ങിയവർ.

# അസ്സോസിയേഷൻ ഓഫ് മാർ ഇവാനിയോസ് കോളജ് ഓൾഡ് സ്റ്റുഡന്റ്സ് ഇൻ നോർത്ത് അമേരിക്ക എഴുപത്തിയഞ്ചാം വാർഷികവും ഗ്ലോബൽ കൺവൻഷനും

സാബു തോമസ്

ടെക്സാസ്: അസ്സോസിയേഷൻ ഓഫ് മാർ ഇവാനിയോസ് കോളജ് ഓൾഡ് സ്റ്റുഡന്റ്സ് ഇൻ നോർത്ത് അമേരിക്ക (AMICOSNA)യുടെ നേതൃത്വത്തിൽ 2024 ഒക്ടോബർ 11 മുതൽ 13 വരെ ടെക്സാസിലെ ഹിൽട്ടൺ ഗാർഡൻ ഇൻ ഡാളസ്, ഡങ്കൻവില്ലെയിൽ സംഘടിപ്പിക്കുന്ന പൂർവ്വവിദ്യാർത്ഥി സംഗമത്തിലും കൺവൻഷനിലും അതിഥികളായി ചലച്ചിത്ര താരങ്ങളായ നന്ദു, സാബു തിരുവല്ല, ഡിനി എലിസബത്ത് ദാനിയേൽ എന്നിവർ അതിഥികളായി എത്തുമെന്ന് AMICOSNA പ്രസിഡന്റ് സാബു തോമസ് അറിയിച്ചു. ഏതാണ്ട് മുപ്പതിലധികം അതിഥികളെ പങ്കെടുപ്പിച്ചു കൊണ്ട് സംഘടിപ്പിക്കുന്ന ഈ മഹാവിദ്യാർത്ഥി സംഗമത്തിൽ ചലച്ചിത്ര സീരിയൽ രംഗത്തുനിന്നും കോമഡി രംഗത്തുനിന്നും ഇവർ മൂവരും പങ്കെടുക്കുന്നത് അഭിമാനത്തോടെയാണ് കാണുന്നതെന്ന് അദ്ദേഹം പറഞ്ഞു.

ചലച്ചിത്ര താരമായ നന്ദു മുപ്പത് വർഷമായി ചലച്ചിത്ര രംഗത്ത് സജീവമാണ്. പ്രിയദർശൻ ചിത്രങ്ങളിലൂടെ മുഖ്യധാരാസിനിമയുടെ ഭാഗമായി മാറിയ നന്ദുവിന്റെ സ്പിരിറ്റ് എന്ന സിനിമയിലെ പ്രകടനം ചലച്ചിത്ര ലോകത്തിന്റെ പ്രശംസ പിടിച്ചു പറ്റിയിരുന്നു. മികച്ച സഹനടനുള്ള SIIMA അവാർഡ് ഈ ചിത്രത്തിലൂടെ നന്ദുവിന് ലഭിച്ചിരുന്നു. വേണു നാഗവള്ളി സംവിധാനം ചെയ്ത സർവ്വകലാശാലയിലൂടെ സിനിമാരംഗത്ത് വന്ന നന്ദു 1980 മുതൽ മലയാള സിനിമയുടെ ഭാഗമാണ്. നന്ദുവിനോട് മലയാളിക്ക് ഒരിഷ്ടം എപ്പോഴും ഉണ്ട് എന്നതാണ് സത്യം. ആ ഇഷ്ടത്തിന്റെ പൂർത്തീകരണം കൂടിയാണ് നന്ദുവിന്റെ അമേരിക്കയിലേക്കുള്ള വരവ്. തിരുവനന്തപുരത്തുകാരുടെ സ്വന്തം കോളജായ മാർ ഇവാനിയോസിന്റെ എഴുപത്തിയഞ്ചാം വാർഷികാഘോഷത്തിൽ നന്ദു പങ്കെടുക്കുമ്പോൾ അതൊരു സുവർണ്ണ നിമിഷം കൂടിയാവും.

ചലച്ചിത്ര രംഗത്തും ടെലിവിഷൻ രംഗത്തും പ്രഗത്ഭനായ സാബു തിരുവല്ല അമേരിക്കൻ മലയാളികളുടെ പ്രിയപ്പെട്ട സുഹൃത്തും കൂടിയാണ്. ഈ സമ്മേളനത്തിൽ സാബു തിരുവല്ല പങ്കെടുക്കുമ്പോൾ കോമഡിയുടെ ഏറ്റവും പുതിയ വേർഷൻ കാണികൾക്ക് കാണാനാവും. ചലച്ചിത്ര-ടിവി രംഗത്ത് സജീവമായ സാബുവിന്റെ ഒറ്റയാൾ കോമഡി ഷോ ഇതിനോടകം തന്നെ പ്രേക്ഷകശ്രദ്ധ പിടിച്ചുപറ്റിയിട്ടുണ്ട്. മികച്ച ഡബ്ബിംഗ് ആർട്ടിസ്റ്റുകൂടിയായ സാബു തിരുവല്ല മോഹൻലാലിന്റെ എല്ലാ സിനിമകളിലും മോഹൻലാലിന് വേണ്ടി അന്യഭാഷകളിലേക്ക് ഡബ്ബ് ചെയ്യുന്നു. നല്ലൊരു അവതാരകൻ കൂടിയായ സാബു തൽസമയ കോമഡി അവതരിപ്പിക്കുന്നതിലും പ്രഗത്ഭനായ കലാകാരനാണ്. അദ്ദേഹത്തിന്റെ കോമഡി പരിപാടികൾ ഈ സമ്മേളനത്തിന്റെ ഹൈലൈറ്റ് ആയിരിക്കും എന്നതിൽ സംശയമില്ല. ഇപ്പോൾ ടിവി രംഗത്തുനിന്നും സിനിമാ രംഗത്തേക്ക് കടന്ന സാബു തിരുവല്ല നിരവധി സിനിമകളിൽ വില്ലൻ വേഷങ്ങൾ ഉൾപ്പെടെ നിരവധി കഥാപാത്രങ്ങൾക്ക് ജീവൻ നൽകിയിട്ടുണ്ട്.







ചലച്ചിത്ര ടെലിവിഷൻ രംഗത്ത് നിന്നും ഈ കൺവൻഷനിൽ ഡിനി എലിസബത്ത് മാത്യു പങ്കെടുക്കുന്നുണ്ട്. സഫാരി ടിവിയിലെ ക്ലബ് ക്ലാസ് എന്ന ഷോയിലൂടെ ശ്രദ്ധേയയായ ഡിനി കട്ടപ്പനയിലെ ഋത്വിക് റോഷൻ എന്ന സിനിമയിൽ സിദ്ധിഖിന്റെ ഭാര്യയായി അരങ്ങേറ്റം നടത്തി. ഇതിനോടകം ഇരുപത്തിയെട്ട് സീരിയലുകളിൽ ശ്രദ്ധേയമായ വേഷങ്ങളിലൂടെ വിവിധ മലയാളം ചാനലുകളിൽ തന്റെ അഭിനയ വൈദഗ്ധ്യം പ്രകടിപ്പിച്ച ഡിനി ഇപ്പോൾ മലയാളത്തിലെ എല്ലാ ചാനലുകളിലേയും സീരിയലുകളിൽ പ്രധാന വേഷങ്ങളിൽ അഭിനയിക്കുന്നു. ടെലിവിഷൻ മേഖലയിൽ പ്രവർത്തിക്കുമ്പോൾ തന്നെ നേഴ്സിംഗിൽ ബിരുദാനന്തര ബിരുദം നേടിയതിനുശേഷം ഡിനി ഡാനിയേൽ പന്തളം ചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആൻഡ് റിസർച്ച് സെന്ററിൽ ജോലിക്കുകയറി. അവതാരകയായിട്ടുള്ള ഡിനിയുടെ പ്രകടനം ടെലിവിഷൻ സീരിയലുകളിൽ അവസരം നേടിക്കൊടുത്തു. മഴവിൽ മനോരമയിലെ പട്ടുസാരി സീരിയലിലൂടെ ഡിനി ഡാനിയേൽ സീരിയൽ അഭിനയരംഗത്ത് തുടക്കം കുറിച്ചു. തുടർന്ന് സ്ത്രീധനം, ചന്ദനമഴ എന്നിവയുൾപ്പെടെ നിരവധി സീരിയലുകളിൽ ഡിനി അഭിനയിച്ചു. പതിമൂന്നിലധികം സിനിമയിലും ശ്രദ്ധേയമായ വേഷങ്ങൾ കൈകാര്യം ചെയ്ത ഡിനിയുടെ അമേരിക്കയിലേക്കുള്ള വരവും മാർ ഇവാനിയോസിന്റെ വാർഷികയോഗത്തിൽ പങ്കെടുക്കുന്നതും സന്തോഷത്തോടെയാണ് സംഘടന നോക്കികാണുന്നതെന്ന് സാബു തോമസ് അറിയിച്ചു. മൂന്ന് കലാപ്രതിഭകളുടെ സംഗമം കൺവൻഷനിൽ പങ്കെടുക്കുന്ന കാണികൾക്കും സന്തോഷമുണ്ടാക്കും എന്ന കാര്യത്തിൽ സംശയമില്ല.

'കാലത്തിനപ്പുറം കലാലയത്തിനുമപ്പുറം' എന്ന ടാഗ് ലൈനോടുകൂടി നടക്കുന്ന ഈ ഒത്തുചേരലിന് മാർ ഇവാനിയോസ് പൂർവ്വ വിദ്യാർത്ഥി സംഘടനയായ AMICOS-ന്റെ ഉപഘടകമായി രൂപീകരിക്കപ്പെട്ട AMICOSNA-യാണ് ചുക്കാൻപിടിക്കുന്നത്. അമേരിക്കയിലും, കാനഡയിലുമുള്ള പൂർവ്വ വിദ്യാർത്ഥികൾ വളരെ ആവേശത്തോടു കൂടി തങ്ങളുടെ പഴയ സഹപാഠികളുടെ ഒത്തുചേരലിനായി കാത്തിരിക്കുകയാണ്. പ്രവാസ ജീവിതത്തിലെ ഏറ്റവും ധന്യതയാർന്ന നിമിഷങ്ങളാക്കി ഈ ഒത്തു ചേരലിനെ മാറ്റാനുള്ള ശ്രമമാണ് നടത്തുന്നത്. AMICOSNA 75-ാം വാർഷിക ഗ്രാൻഡ് റീയൂണിയനും, കൺവൻഷനും അവിസ്മരണീയമാക്കുവാൻ തങ്ങളോടൊപ്പം ഒത്തുചേരാൻ അമേരിക്കയിലുള്ള മാർ ഇവാനിയോസ് കോളേജിലെ എല്ലാ പൂർവ്വ വിദ്യാർത്ഥികളേയും ക്ഷണിക്കുന്നു.

കൂടുതൽ വിവരങ്ങൾക്കും രജിസ്റ്റർ ചെയ്യുന്നതിനും ബന്ധപ്പെടുക:

സാബു തോമസ് (പ്രസിഡന്റ്) (630) 8905045

ജിമ്മി കുളങ്ങര (കൺവീനർ) (469) 3710638

സുജൻ കാക്കനാട്ട് (കോ-കൺവീനർ) (682)5644182

റീന പറങ്ങോട്ട് (രജിസ്ട്രേഷൻ) (443) 8422879

സൈനു ജോൺ (സുവനീർ കൺവീനർ) (403) 8307280.


# സിഎംഎ സീനിയർ സിറ്റിസൺ ഫോറം ടോമിൻ ജെ. തച്ചങ്കരി ഉദ്ഘാടനം ചെയ്യും

ബിജു മുണ്ടക്കൽ

ചിക്കാഗോ: ചിക്കാഗോ മലയാളി അസോസിയേഷന്റെ (സിഎംഎ) ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന സീനിയർ സിറ്റിസൺ ഫോറത്തിന്റെ ഉദ്ഘാടനം ഒക്ടോബർ 6-ന് വൈകിട്ട് നാലിന് മുൻ ഡിജിപി ടോമിൻ ജെ. തച്ചങ്കരി ഉദ്ഘാടനം ചെയ്യും. സമൂഹത്തിൽ വിവിധ നിലകളിൽ പ്രവർത്തിച്ചശേഷം വിശ്രമജീവിതം നയിക്കുന്ന മുതിർന്ന പൗരന്മാർക്കു വേണ്ടി നടത്തപ്പെടുന്ന പ്രസ്തുത സമ്മേളനത്തിൽ 'റിട്ടയർമെന്റ് കമ്യൂണിറ്റി-സാദ്ധ്യതകളും വെല്ലുവിളികളും' എന്ന വിഷയത്തെ സംബന്ധിച്ചുള്ള അവതരണവും ചർച്ചകളും നടക്കും. തുടർന്ന് മെഡികെയർ, മെഡിക്കെയ്ഡ്, സിഇഡിഎ, എനർജി അസിസ്റ്റന്റ്സ് പ്രോഗ്രാം, സോഷ്യൽ സെക്യൂരിറ്റി എന്നീ വിഷയങ്ങളെക്കുറിച്ച് ഈ രംഗത്ത് വർഷങ്ങളുടെ പ്രവർത്തനപരിചയമുള്ള ചിരാഗ് പട്ടേൽ ക്ലാസുകൾ എടുക്കുന്നതും സംശയങ്ങൾക്കുള്ള മറുപടി നല്കുന്നതുമാണ്.












പ്രസ്തുത സമ്മേളനത്തിന്റെ കോ-ഓർഡിനേറ്റർമാരായി വർഗീസ് തോമസ്, തോമസ് വിൻസെന്റ്, ആഗ്നസ് മാത്യു എന്നിവരെ തെരഞ്ഞെടുത്തു.

ഈയവസരം എല്ലാ മലയാളി സുഹൃത്തുക്കളും പ്രയോജനപ്പെടുത്തണമെന്ന് ചിക്കാഗോ മലയാളി അസോസിയേഷൻ ഡയറക്ടർ ബോർഡ് അഭ്യർത്ഥിച്ചു.

മൗണ്ട് പ്രോസ്പെക്ടിലുള്ള മലയാളി അസോസിയേഷൻ ഓഫീസിൽ വെച്ച് നടക്കുന്ന സമ്മേളനത്തിന്റെ കൂടുതൽ വിവരങ്ങൾ അറിയുവാൻ കോ-ഓർഡിനേറ്റർമാരുമായി ബന്ധപ്പെടാവുന്നതാണ്. വർഗീസ് തോമസ് 847 908 9744, തോമസ് വിൻസെന്റ് 847 612 2001, ആഗ്നസ് മാത്യു 773 919 9165.

# പ്രധാനപ്പെട്ട പാർലമെന്ററി സമിതികളിൽ ബിജെപി എംപിമാർ അധ്യക്ഷർ

ന്യൂഡൽഹി: ആഭ്യന്തരം, പ്രതിരോധം തുടങ്ങി 11 സുപ്രധാന മന്ത്രാലയങ്ങൾക്കായുള്ള പാർലമെന്ററി സ്ഥിരം സമിതി അധ്യക്ഷരായി ബിജെപി എംപിമാരെ നിയമിച്ചു. വിദേശകാര്യം, വിദ്യാഭ്യാസം, കൃഷി, ഗ്രാമവികസനം എന്നിവയ്ക്കായുള്ള നാല് സ്ഥിരം സമിതി അധ്യക്ഷ പദവികളാണ് കോൺഗ്രസിനു ലഭിച്ചത്. ഇതുൾപ്പെടെ 24 പാർലമെന്ററി സ്ഥിരം സമിതികളുടെ അധ്യക്ഷന്മാരുടെയും അംഗങ്ങളുടെയും പട്ടിക സെപ്റ്റംബർ 26-ന് പാർലമെന്റ് സെക്രട്ടേറിയറ്റ് വിജ്ഞാപനം ചെയ്തു. തൃണമൂൽ കോൺഗ്രസിനും ഡിഎംകെയ്ക്കും രണ്ടു വീതവും ജെഡിയു, ടിഡിപി, എസ്പി, എൻസിപി (അജിത് പവാർ), ശിവസേന (ഷിൻഡെ) എന്നിവയ്ക്ക് ഓരോ അധ്യക്ഷ പദവിയും നൽകി. പ്രതിരോധമേഖലയുമായി ബന്ധപ്പെട്ട സമിതിയിൽ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി അംഗമാണ്. മുൻ കേന്ദ്രമന്ത്രി അനുരാഗ് സിങ് ഠാക്കൂർ ആണ് കൽക്കരി, സ്റ്റീൽ മന്ത്രാലയങ്ങളുടെ സമിതിയുടെ അധ്യക്ഷൻ. കർണാടക മുൻമുഖ്യമന്ത്രിയും ബിജെപി എംപിയുമായ ബസവരാജ് ബൊമ്മെയാണ് തൊഴിൽ, ടെക്സ്റ്റൈൽസ്, നൈപുണ്യ വികസന സമിതിയുടെ അധ്യക്ഷൻ. ശശി തരൂരാണ് വിദേശകാര്യ സമിതിയുടെ അധ്യക്ഷൻ.



മഞ്ജുളചിന്തകൾ

# അജഗര ന്യായം

പാസ്റ്റർ ജോൺസൺ സഖറിയ

എവിടെയെങ്കിലും അനങ്ങാതെ കിടക്കുന്ന പാമ്പിന് യാദൃശ്ചികമായി കിട്ടുന്ന ഇരയാണല്ലോ അതിന്റെ ആഹാരം. യാതൊരു അദ്ധ്വാനവുമില്ല, മുതൽമുടക്കുകളൊന്നുമില്ല. വിരിഞ്ഞിറങ്ങുന്ന കാലം മുതൽ കൗശലം നന്നായി ഉപയോഗിക്കുവാൻ കഴിവുള്ള പാമ്പുകൾ, തനിക്കുള്ള ആഹാരം പിടിച്ചെടുക്കുവാനുള്ള തന്ത്രപരമായ പെരുമാറ്റം വളരെ ശ്രദ്ധേയമാണ്. അജഗരം (പെരുമ്പാമ്പ്) മറ്റു പാമ്പുകളെയെല്ലാം വെല്ലുന്ന തന്ത്രമാണ് ഉപയോഗിക്കുന്നത് എന്നു പറഞ്ഞുകേൾക്കുന്നു. ചെറുജീവികളെക്കാളും സാമാന്യം വലിപ്പമുള്ള മൃഗങ്ങളെയാണ് ഇവകൾ നോട്ടം വെക്കുന്നത്. നമ്മെപ്പോലെ ദിവസവും മൂന്നുനേരം ഭക്ഷിക്കുകയെന്നതല്ല ഇവകളുടെ ശീലം, പകരം ആഴ്ചകൾക്കുള്ള ആഹാരം ഒരു നേരംകൊണ്ട് ഭക്ഷിക്കുകയെന്ന രീതിയാണ് ഇവകൾക്കുള്ളത്. വളർത്തുമൃഗങ്ങളും മനുഷ്യർ വരെയും ഇവകളുടെ 'ഫ്രഷ് ഫുഡ്' ആണ്.

അദ്ധ്വാനിക്കാതെ ആഹാരം കഴിക്കുന്ന പെരുമ്പാമ്പുകൾ കാട്ടിൽ കുറഞ്ഞു വരുന്നുവെന്നും കേൾക്കുന്നുണ്ട്. കാരണം, അവയെല്ലാം നാട്ടിലേക്കിറങ്ങുന്നു. ആകയാൽ നാട്ടിൽ ഇങ്ങനെയുള്ള അജഗരങ്ങൾ പെരുകുന്നതായിട്ടാണ് പൊതുവേയുള്ള ശബ്ദം. ഈ പെരുമ്പാമ്പുകൾക്ക് അവരുടേതായിട്ടുള്ള ന്യായങ്ങൾ കാണും. നാട്ടിലുള്ള പെരുമ്പാമ്പുകൾക്കുമുണ്ട് നിരത്തിവെക്കുവാൻ ന്യായങ്ങൾ. ജനസേവന തിരക്കുകളാൽ ഒന്നിനും സമയമില്ലെന്നേ!

രാഷ്ട്രീയം, ആത്മീയം എന്നീ മേഖലകളിലെല്ലാം ജനസേവനം തകൃതിയായി നടക്കുന്നുണ്ടല്ലോ? നേട്ടങ്ങൾ കൊയ്യുന്നത് ഏറെയും ഈ പെരുമ്പാമ്പുകൾ തന്നെയാണ്. സേവനം ആരംഭിക്കുമ്പോൾ നീർക്കോലി പോലെ ഇരുന്നവർ ആഴ്ചകൾ കുറച്ച് പിന്നിടപ്പോൾ പെരുമ്പാമ്പിനെയും കടത്തിവെട്ടി. ചില പെരുമ്പാമ്പുകൾ നീർക്കോലികൾ ആയതും ഇവരൊക്കെ തന്നെ കാരണം. വിലപിച്ചിട്ടു പ്രയോജനമില്ലെന്നെ; ചതിവിൽ അകപ്പെടാതെ സൂക്ഷിക്കണമായിരുന്നു.

ഉദ്യോഗസ്ഥരായ മാതാപിതാക്കൾ അവരുടെ മകനെ നോക്കുവാൻ ഒരു സ്ത്രീയെ നിയോഗിച്ചു. മകന് ആവശ്യമായ ആഹാരമെല്ലാം വാങ്ങുകയും ചെയ്തു. ആഴ്ചകൾ പിന്നിട്ട്, അവരുടെ മകൻ നന്നേ ക്ഷീണിച്ചിരിക്കുന്നു. അത് മാതാപിതാക്കളെ വേദനിപ്പിച്ചു. ബേബിസിറ്ററാകട്ടെ വന്നതിലും വളരെയധികം പുഷ്ടിപ്പെട്ടുമിരിക്കുന്നു. അവർ ആ സ്ത്രീയോട് ചോദിച്ചു: എന്താണ് മോൻ ഇത്രയും ക്ഷീണിക്കുവാനുള്ള കാരണം? ആ സ്ത്രീയുടെ മറുപടി കേൾക്കേണ്ടതാണ്: "മാഡം, മോൻ ഒന്നും കഴിക്കുന്നില്ലെന്നേ, ഞാൻ പത്ത് ബിസ്കറ്റ് തിന്നു കാണിച്ചാൽ പോലും മോൻ ഒരെണ്ണം പോലും തിന്നത്തില്ല." ഇതാണ് അജഗര ന്യായം. ഇങ്ങനെയുള്ള ന്യായവാദങ്ങൾ പറയാത്തവരും കേൾക്കാത്തവരും എവിടെയുണ്ട്? അരമനയിലും അൾത്താരയിലും നിയമസഭയിലും ദൈവസഭയിലും അങ്ങനെ എല്ലായിടങ്ങളിലും അജഗര ന്യായങ്ങളുടെ സീൽക്കാര ശബ്ദങ്ങൾ കേൾക്കുന്നില്ലേ? എവിടെയും പെരുമ്പാമ്പുകൾ.!

മറ്റുള്ളവരെ പല നിലകളിലും ചൂഷണം ചെയ്യുന്ന 'ഇത്തിൾക്കണ്ണികൾ' ഇന്ന് എല്ലാ മേഖലകളിലും അധികാരസ്ഥന്മാരായി വിഹരിക്കുന്നുണ്ട്. അവരെ 'പവ്വർഗ്രൂപ്പ്' എന്നാണ് പലരും വിളിക്കുന്നതുപോലും. മാനവും മേനിയും ചൂഷണത്താൽ കളങ്കിതമായതിനുശേഷം വിലപിച്ചിട്ടോ വിദ്വേഷം വിളംബരം ചെയ്തതു കൊണ്ടോ പ്രത്യേകിച്ച് നേട്ടമൊന്നുമില്ല. ആകെയുള്ള ഗുണം പലരെയും നമുക്ക് മനസ്സിലാക്കാൻ കഴിയും.

എന്നാൽ, ഇത്തിൾക്കണ്ണികളും അവരുടെ അജഗര ന്യായം മുഴക്കലുകളും 'നിയമം നിയമത്തിന്റെ വഴിയേ പോകും.' ഞാൻ എന്റെ വഴിയേയും! ഇതു ദുഷ്ക്കലമാകയാൽ സമയം തക്കത്തിൽ ഉപയോഗിക്കണമെന്നും അജ്ഞാനികളായിട്ടല്ല ജ്ഞാനികളായി തന്നെ ജീവിക്കണമെന്ന ബൈബിൾ വചനത്തെ മനഃപൂർവം അവഗണിച്ചിട്ട് ഇനി ആരുടെമേൽ പഴിചാരും?

ഏദെൻ തോട്ടത്തിൽ വന്ന് ഹവ്വയെ ചതിച്ചതും സർപ്പമാണെന്നുള്ള സത്യം ആർക്കാണ് അറിഞ്ഞുകൂടാത്തത്? ഇന്നും എവിടെയും പതുങ്ങിയും ഒതുങ്ങിയും അനവധി അജഗരങ്ങൾ പലവിധ വേഷങ്ങളിൽ ആസനസ്ഥരായിട്ടുണ്ട്. വേഷത്തിൽ ഭക്തരായ പാമ്പുകൾ ഒട്ടും കുറവല്ല. നാം ഇവരെ തിരിച്ചറിയുക മാത്രമല്ല അകറ്റി നിറുത്തണം. അല്ലെങ്കിൽ അവർ നമ്മെ വിഴുങ്ങിക്കളയും. എത്ര അനുഭവിച്ചാലും പഠിക്കാത്തവർ വളരെയുണ്ട്. ദൈവത്തിനും മനുഷ്യർക്കുമിടയിലുള്ള മദ്ധ്യസ്ഥന്മാരെ മാറ്റിനിർത്തിയിട്ട് നേരെ ദൈവത്തോട് സമ്പർക്കം പുലർത്താനുള്ള ബന്ധം സ്ഥാപിച്ചാൽ അനേകം



ലേഖകൻ

പാമ്പുകൾ മറ്റു പണി നോക്കിയേനെ. നമ്മേയും നമുക്കുള്ളവയേയും വിഴുങ്ങുന്ന പെരുമ്പാമ്പുകളെ സമ്പന്നരാക്കാൻ ഇനിയും നിന്നുകൊടുക്കണമോ? അജഗര ന്യായങ്ങളല്ല നമ്മുടെ ന്യായപ്രമാണം. ദൈവിക പ്രമാണങ്ങളെ പിൻപറ്റുക. അവകൾ നമ്മെ നിത്യജീവന്റെ മാർഗ്ഗത്തിൽ എത്തിക്കും.

## ഞെട്ടിക്കുന്ന വെളിപ്പെടുത്തലുകൾ

(20-ാം പേജിൽനിന്നും)

പദ്ധതി ഡിഫൻസ് സെക്രട്ടറി മാർക്ക് എസ്പർ 'അമേരിക്കൻ തെരഞ്ഞെടുപ്പ് ഫലം നിർണ്ണയിക്കുന്നതിൽ സൈന്യത്തിന് യാതൊരു ഭാഗവുമില്ലെന്ന നിലപാട്' സ്വീകരിച്ചതിനാൽ ഉപേക്ഷിക്കേണ്ടിവന്നിരുന്നു. ഒരു ടിറ്റർ സന്ദേശത്തിലൂടെ അദ്ദേഹത്തെ പുറത്താക്കിയാണ് ഡോണൾഡ് ട്രംപ് പ്രതികാരം തീർത്തത്. ജോർജിയാ ഉൾപ്പെടെ നാല് സംസ്ഥാനങ്ങളിലെ ഇലക്ഷൻ മെഷീനുകൾ കണ്ടുകെട്ടി തെരഞ്ഞെടുപ്പ് ഫലം അസ്ഥിരപ്പെടുത്തുവാനുള്ള പ്രസിഡണ്ടിന്റെ പദ്ധതിക്ക് കൂട്ടുനിൽക്കുവാൻ ആക്ടിംഗ് ഡിഫൻസ് സെക്രട്ടറി ക്രിസ്റ്റഫർ മില്ലർ സന്നദ്ധനാണെന്ന ധാരണ റിപ്പബ്ലിക്കൻ നേതാക്കളിൽ പോലും ഭീതിപരത്തി. പ്രസ്തുത പദ്ധതി പൊളിച്ചത് ലിസ്റ്റ് ചെയ്നി, ഭർത്താവ് ഫിൽ, പിതാവ് ഡിക്ക് ചെയ്നി എന്നിവരുടെ സമയോചിത ധീരനടപടി മൂലമാണ്. പുറത്താക്കപ്പെട്ട ഡിഫൻസ് സെക്രട്ടറി മാർക്ക് എസ്പർ ഉൾപ്പെടെ നിലവിൽ ജീവിച്ചിരിക്കുന്ന പത്ത് ഡിഫൻസ് സെക്രട്ടറിമാർ സംയുക്തമായി ഇറക്കിയ പ്രസ്താവനയിലൂടെ അമേരിക്കൻ സൈനിക നേതൃത്വത്തോട് ഭരണഘടനാവിരുദ്ധവും അധാർമ്മികവുമായ പ്രസിഡണ്ട് ഉത്തരവുകൾ തള്ളിക്കളയണമെന്ന് അവർ അഭ്യർത്ഥിച്ചു. മുൻ സൈനിക മേധാവികളുടെയും പിന്തുണ അവരുടെ നീക്കത്തിന് ലഭിച്ചിരുന്നു. സെനറ്റ് കൺഫർമേഷൻ ലഭിക്കാതിരുന്നതിനാൽ ക്രിസ്റ്റഫർ മില്ലർക്ക് ട്രംപിന്റെ ആഗ്രഹം നടപ്പാക്കുവാൻ സാധിച്ചില്ല.

ഡിഫൻസ് ഡിപ്പാർട്ടുമെന്റ് വഴിയെന്നതുപോലെ ജസ്റ്റീസ് ഡിപ്പാർട്ടുമെന്റ് വഴിയും തെരഞ്ഞെടുപ്പ് ഫലം അസ്ഥിരപ്പെടുത്തുവാൻ പ്രസിഡണ്ട് ട്രംപ് മറ്റൊരു ശ്രമം നടത്തി. നിരവധി ജസ്റ്റീസ് ഡിപ്പാർട്ടുമെന്റ് അധികൃതർ കൂട്ടത്തോടെ രാജിഭീഷണി മുഴക്കിയാണ് ഈ നീക്കം വിഫലമാക്കിയത്. സംസ്ഥാനനിയമസഭകൾ സർട്ടിഫൈ ചെയ്ത ഇലക്ടറൽ വോട്ട് യു.എസ് കോൺഗ്രസിന് തള്ളിക്കളയുവാൻ അവകാശമുണ്ടെന്ന പുതിയ വാദവും തള്ളപ്പെട്ടപ്പോൾ ജനുവരി 6-ന് നടക്കേണ്ട ഭരണഘടനാപരമായ സർട്ടിഫിക്കേഷനിൽ വൈസ് പ്രസിഡണ്ട് മൈക്ക് പെൻസ്സിന് വിവേചനാധികാരം ഉപയോഗിച്ച് ഔദ്യോഗിക ലിസ്റ്റ് തിരസ്കരിക്കുവാനും വ്യാജലിസ്റ്റ് അംഗീകരിക്കുവാനുമാകുമെന്ന നിലപാടുമായി ട്രംപ് പക്ഷം സമ്മർദ്ദം തുടർന്നു. പ്രസിഡണ്ട് ഇലക്ഷൻ സർട്ടിഫിക്കേഷൻ നടപടിയിലെ തന്റെ അദ്ധ്യക്ഷപദവി ഔപചാരികം മാത്രമാണെന്ന ഉറച്ച ബോദ്ധ്യമാണ് ട്രംപിന്റെ ആക്ഷേപങ്ങളും ഭീഷണികൾക്കുമൊപ്പം അദ്ദേഹത്തിന്റെ അനുയായികൾ നടത്തിയ കലാപവും അതിലെ കൊലവിളികളും അതിജീവിക്കുവാനും അവഗണിക്കുവാനും വൈസ് പ്രസിഡണ്ട് മൈക്ക് പെൻസിന് കരുത്തേകിയത്. പൗരബോധമുള്ള ജനതയും സ്വാഭിമാനവും ദേശസ്നേഹവും ത്യാഗമനോഭാവവും ഭരണഘടനയോട് വിധേയത്വവും സത്യപ്രതിജ്ഞയോട് വിശ്വസ്തതയും പുലർത്തുന്ന ഭരണാധികാരികളും ഒരേ മനസ്സോടെ പ്രവർത്തിക്കുമ്പോൾ മാത്രമേ അമേരിക്കൻ റിപ്പബ്ലിക്കും ദേശത്തെ ജനാധിപത്യ ഭരണവ്യവസ്ഥയും സുരക്ഷയോടെ നിലനിൽക്കുകയുള്ളൂ.

## ഓർഡിനൻസിൽ ഗവർണർ ഒപ്പിട്ടു

തിരുവനന്തപുരം: നികുതി ചുമത്തൽ ഓർഡിനൻസിൽ ഗവർണർ ആരിഫ് മുഹമ്മദ്ഖാൻ ഒപ്പിട്ടത് സർക്കാരിന് ആശ്വാസമായി. ഒക്ടോബർ നാലിന് നിയമസഭ ചേരാനിരിക്കെ പുറപ്പെടുവിച്ച ഓർഡിനൻസ് ഗവർണർ ഒപ്പിടുമോ എന്ന് ആശങ്കയുണ്ടായിരുന്നു.

എന്നാൽ, കേന്ദ്രനിയമങ്ങൾക്കനുസരിച്ച് സംസ്ഥാന നിയമങ്ങളിൽ മാറ്റം വരുത്തുന്നതിനുള്ള ഓർഡിനൻസ് ആയതിനാൽ ഗവർണർ എതിർപ്പ് പ്രകടിപ്പിച്ചില്ല. കേന്ദ്രം നിർദേശിച്ചതുപോലെ ജിഎസ്ടി സംബന്ധമായ ചില ശിക്ഷാവ്യവസ്ഥകൾക്ക് ഒക്ടോബർ ഒന്നു മുതൽ പ്രാബല്യം നല്കാൻ കൂടിയാണ് ഓർഡിനൻസ്.

ഒക്ടോബർ ഒന്നിനു മുമ്പ് ബിൽ പാസാക്കാൻ കഴിയാത്തതിനാലാണ് ഓർഡിനൻസ് ഇറക്കിയത്. ബിൽ പാസാക്കണമെന്ന് ഗവർണർ ശാഠ്യം പിടിച്ചിരുന്നെങ്കിൽ ശിക്ഷാവ്യവസ്ഥകൾക്ക് ഒക്ടോബർ ഒന്നു മുതൽ പ്രാബല്യം നല്കാൻ കഴിയുമായിരുന്നില്ല.

ഒക്ടോബർ നാലിന് തുടങ്ങുന്ന നിയമസഭാ സമ്മേളനത്തിൽ ഈ ഓർഡിനൻസിന് പകരമുള്ള ബിൽ പാസാക്കാനാണ് ധനവകുപ്പിന്റെ തീരുമാനം.

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 83.78 |
| യൂറോ | 93.56 |
| സ്റ്റെർലിംഗ്പൗണ്ട് | 112.18 |
| സ്വിസ് ഫ്രാങ്ക് | 99.56 |
| സിംഗപ്പൂർ ഡോളർ | 65.47 |
| കനേഡിയൻ ഡോളർ | 62.04 |
| ഒമാൻ റിയാൽ | 217.63 |
| ബഹ്റൈൻ ദിനാർ | 222.37 |
| സൗദി റിയാൽ | 22.33 |
| യു.എ.ഇ. ദിർഹം | 22.81 |
| കുവൈത്ത് ദിനാർ | 274.75 |



# ഗ്രെയ്റ്റർ ചിക്കാഗോ മലയാളി അസോസിയേഷൻ ഓണം ആഘോഷിച്ചു

ചിക്കാഗോ: ഗ്രെയ്റ്റർ ചിക്കാഗോ മലയാളി അസോസിയേഷൻ സെപ്റ്റംബർ 22-ന് സീറോമലബാർ അൽഫോൻസാ ഹാളിൽവെച്ച് പ്രൗഢഗംഭീരമായി ഓണം ആഘോഷിച്ചു. ചെണ്ടമേളത്തിന്റെ അകമ്പടിയോടു കൂടി മഹാ



ബലിത്തമ്പുരാനെ വരവേറ്റുകൊണ്ടുള്ള ഘോഷയാത്രയ്ക്കുശേഷം ജിതേഷ് ചുങ്കത്തിന്റെ അദ്ധ്യക്ഷതയിൽ ഓണാഘോഷ പരിപാടികളുടെ ഉദ്ഘാടനവും തുടർന്ന് ചിക്കാഗോയിൽ നിന്ന് അമേരിക്കയിലെ ദേശീയ സംഘടനകളായ ഫൊക്കാനാ, ഫോമാ എന്നിവയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട നേതാക്കളെ ആദരിക്കുന്ന ചടങ്ങും നടന്നു.

ലോക കേരളസഭാംഗം റോയ് മുളകുന്നം ഓണസന്ദേശം നല്കിക്കൊണ്ട് ഓണാഘോഷ പരിപാടികൾ ഉദ്ഘാടനം ചെയ്തു. ഓണത്തിന്റെ സന്ദേശം മനുഷ്യരെല്ലാം ഒന്നാണെന്നും അതുകൊണ്ടുതന്നെ എല്ലാ മലയാളികളും അതുൾക്കൊണ്ട് പരസ്പരം ജാതിയുടെയും മതത്തിന്റെയും പേരിൽ വെട്ടിവീഴ്ത്താതെ ഒന്നായി മുമ്പോട്ടു പോകണമെന്നും അഭിപ്രായപ്പെട്ടു. ഓണവും മഹാബലിയും ഐതിഹ്യത്തിൽ നിന്ന് ഉണ്ടായതാണെങ്കിലും അത് നല്കുന്ന സന്ദേശത്തിന് എന്നും പ്രസക്തിയുണ്ട്. മതേതരത്വത്തിന്റെയും സഹോദര്യത്തിന്റെയും സമത്വത്തിന്റെയും സന്ദേശമായ മനുഷ്യരെല്ലാം ഒന്നുപോലെയാണെന്നുള്ള ഒരു ഭരണകാലഘട്ടത്തിന്റെ ഓർമ്മ പുതുക്കലാണ് ഓണമെങ്കിൽ നമ്മുടെ ഇടയിലുള്ള ചില മലയാളി സംഘടനകളിൽ ജാതി, മത, വർഗീയ ചിന്തകൾ കടന്നുകയറുന്നതായി കാണുന്നുവെന്നും ആ സംഘടനകളും ഓണം ആഘോഷിക്കുന്നത് ഓണത്തിന്റെ യഥാർത്ഥ സന്ദേശം ഉൾക്കൊണ്ടു കൊണ്ടാണോ എന്ന് സ്വയം ചിന്തിക്കേണ്ടതാണെന്നും ഓർമ്മപ്പെടുത്തി. ഈവക ജാതി മത വർഗ്ഗ ചിന്തകൾക്കതീതമായി രൂപംകൊണ്ട ഗ്രെയ്റ്റർ ചിക്കാഗോ മലയാളി അസോസിയേഷന്റെ ഓണാഘോഷം ഉദ്ഘാടനം ചെയ്യുന്നതിൽ അതിയായ സന്തോഷമുണ്ടെന്നും പറയുകയുണ്ടായി.





തുടർന്ന് ഫൊക്കാനയിലേക്കും ഫോമായിലേക്കും തെരഞ്ഞെടുക്കപ്പെട്ട ഫൊക്കാന ആർവിപി സന്തോഷ് നായർ, ട്രസ്റ്റി ബോർഡ് വൈസ് ചെയർമാൻ സതീശൻ നായർ, ഫോമാ ആർവിപി ജോൺസൻ കണ്ണൂക്കാടൻ, നാഷണൽ കമ്മിറ്റി മെംബർ ജോർജ് മാത്യു, അഡ്വൈസറി ബോർഡ് സെക്രട്ടറി ജോസ് മണക്കാട് തുടങ്ങിയവർക്ക് സ്വീകരണം നല്കി. സ്വീകരണങ്ങൾക്ക് നന്ദി പറഞ്ഞുകൊണ്ട് സന്തോഷ് നായർ, സതീശൻ നായർ, ജോൺസൻ കണ്ണൂക്കാടൻ, ജോർജ് മാത്യു, ജോസ് മണക്കാട് തുടങ്ങിയവരും വിവിധ സംഘടനകളെ പ്രതിനിധീകരിച്ചുകൊണ്ട് ബെന്നി വാച്ചാച്ചിറ, സ്റ്റാൻലി കളരിക്കാമുറി, ടോമി അംബേനാട്ട്, ഡോ. സുനിന ചാക്കോ, ആന്റോ കവലയ്ക്കൽ, ജോസ് സൈമൺ മുണ്ടപ്ലാക്കിൽ, സുജിത് കൊനോത്, ജോസ് ചെന്നിക്കര, പോൾ പറമ്പി, ജോർജ് ജോസഫ് കൊട്ടുകാപ്പള്ളി, മേഴ്സി കുര്യാക്കോസ്, സുശീൽകുമാർ തുടങ്ങിയവർ പ്രസംഗിച്ചു.

രവി കുട്ടപ്പൻ മാവേലി മന്നനായി വേഷമിട്ടു. ഗ്രെയ്റ്റർ ചിക്കാഗോ മലയാളി അസോസിയേഷൻ ഒക്ടോബർ 19-ന് നടത്തുന്ന ബാഡ്മിന്റൺ ടൂർണമെന്റിന്റെ സുവനീർ ജോർജ് നെല്ലാമറ്റത്തിനും ബിജോയ് കാപ്പനും നല്കിക്കൊണ്ട് മത്സരം നടത്തുന്നതായി ഔദ്യോഗികമായി പ്രഖ്യാപിച്ചു. തുടർന്ന് മാജിക് സംഘടനയുടെ നേതൃത്വത്തിൽ വിവിധയിനം കലാപരിപാടികൾ നടന്നു. എലൈറ്റ് കേറ്ററിംഗിന്റെ ഓണസദ്യയിൽ നിരവധി കുടുംബങ്ങൾ പങ്കെടുത്തു. ഓണാഘോഷ പരിപാടികൾക്ക് ജോൺസൻ കാരിക്കൽ, സേവ്യർ ഒറവനാകളത്തിൽ, ഫിലിപ്പ് പൗവ്വത്തിൽ, അഖിൽ മോഹൻ, ബോബി തുടങ്ങിയവർ നേതൃത്വം നല്കി. ചിക്കാഗോ ചെണ്ട ക്ലബിന്റെ ആഭിമുഖ്യത്തിൽ നടന്ന ചെണ്ടമേളം കാണികളെ ആവേശഭരിതരാക്കി. ഓണാഘോഷസമ്മേളനത്തിന് മനോജ് കോട്ടപ്പുറം സ്വാഗതവും ലിസ് ടോം മാത്യു നന്ദിയും പറഞ്ഞു.

## എം.എം. ലോറൻസിന്റെ മൃതദേഹം മോർച്ചറിയിൽ സൂക്ഷിക്കണം

കൊച്ചി: സിപിഎം നേതാവ് എം.എം. ലോറൻസിന്റെ മൃതദേഹം മെഡിക്കൽ പഠനത്തിനു വിട്ടു നല്കാതെ മോർച്ചറിയിൽ സൂക്ഷിക്കാൻ ഹൈക്കോടതി നിർദ്ദേശം. മൃതദേഹം പഠനത്തിനായി ഏറ്റെടുക്കാൻ എറണാകുളം മെഡിക്കൽ കോളജ് പ്രിൻസിപ്പൽ തീരുമാനമെടുത്ത ഹിയറിങ്ങിൽ വീഴ്ചയുണ്ടെന്ന ആരോപണം പരിശോധിക്കാൻ കോടതി നിർദേശം നല്കി. വീണ്ടും ഹിയറിങ് നടത്താൻ ഡയറക്ടറേറ്റ് ഓഫ് മെഡിക്കൽ എജ്യൂക്കേഷൻ മേധാവിയെ ചുമതലപ്പെടുത്താൻ കഴിയുമോ എന്ന് സർക്കാർ അറിയിക്കണം. ജസ്റ്റീസ് വി.ജി. അരുൺ ഹർജി വീണ്ടും പരിഗണിക്കും. മൃതദേഹം മെഡിക്കൽ കോളജിനു വിട്ടുനല്കുന്നതിനെതിരെ ലോറൻസിന്റെ മകൾ ആശയാണ് കോടതിയെ സമീപിച്ചത്. മൃതദേഹം മെഡിക്കൽ കോളജിനു വിട്ടുനല്കാൻ മക്കളായ എം.എൽ. സജീവൻ, സുജാത എന്നിവർ തീരുമാനിച്ചു. ലോറൻസിന്റെ ആഗ്രഹപ്രകാരമാണിതെന്ന് മക്കൾ അറിയിച്ചിരുന്നു. ഇതിനെ മറ്റൊരു മകളായ ആശ എതിർത്തു. 23-ന് മൃതദേഹം എറണാകുളം ടൗൺഹാളിൽ പൊതുദർശനത്തിനു വെച്ചപ്പോൾ മക്കൾ തമ്മിൽ കയ്യാങ്കളിയുണ്ടായി. ഹൈക്കോടതിയിൽ ഹർജി നല്കിയതിനു പിന്നാലെ മൂന്നു മക്കളുടെയും വാദം കേട്ടതിനുശേഷം തീരുമാനമെടുക്കാൻ എറണാകുളം മെഡിക്കൽ കോളജ് പ്രിൻസിപ്പലിന് കോടതി നിർദേശം നല്കി. ഹിയറിങ് നടത്തിയതിനുശേഷം മൃതദേഹം ഏറ്റെടുക്കാൻ മെഡിക്കൽ കോളജ് അധികൃതർ തീരുമാനിക്കുകയായിരുന്നു.

മൃതദേഹം പഠനത്തിനു വിട്ടു നല്കണമെന്ന് മരിക്കുന്നതിനു മുമ്പ് പിതാവ് തന്നോട് പറഞ്ഞിരുന്നുവെന്നും രണ്ട് ഉറ്റബന്ധുക്കൾ അതിന് സാക്ഷികളാണെന്നുമുള്ള സജീവന്റെ വാദം കണക്കിലെടുത്തായിരുന്നു വിധി. എന്നാൽ, മുൻപ് മൃതദേഹം വിട്ടു നല്കുന്നതിലെ അനുകൂല തീരുമാനം പറഞ്ഞിരുന്ന സുജാത ഹിയറിങ്ങിന്റെ സമയത്ത് മൃതദേഹം മതാചാരപ്രകാരം സംസ്കരിക്കുന്നതിന് താൻ എതിരല്ലെന്ന് വ്യക്തമാക്കിയിരുന്നു. മൃതദേഹം മതാചാരപ്രകാരം സംസ്കരിക്കണമെന്നാവശ്യപ്പെട്ട് ഇളയമകൾ ആശ അഭിഭാഷകനൊപ്പമാണ് ഹിയറിങ്ങിനെത്തിയത്. ഈ തീരുമാനത്തിൽ നിന്ന് ലോറൻസ് പിന്മാറിയതായി രേഖകളൊന്നുമില്ലെന്ന് സമിതി വിലയിരുത്തി. മെഡിക്കൽ കോളജ് തീരുമാനം റദ്ദാക്കണമെന്നും ഹിയറിങ്ങിനിടെ കേരള അനാട്ടമി നിയമത്തിന്റെ വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിച്ച മെഡിക്കൽ കോളജ് പ്രിൻസിപ്പൽ, സൂപ്രണ്ട് എന്നിവർക്കെതിരെ അന്വേഷണം നടത്തണമെന്നും ഹർജിയിൽ ആവശ്യപ്പെട്ടു.



# നിർമ്മല സീതാരാമനെതിരെ കേസ്

ബെംഗ്ളൂരു: ഇലക്ടറൽ ബോണ്ട് പദ്ധതിയിലൂടെ കോടികൾ തട്ടിയെടുത്തെന്ന ആരോപണത്തിൽ കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമനെതിരെ എഫ്ഐആർ ഫയൽ ചെയ്യാൻ ബെംഗ്ളൂരു പ്രത്യേക കോടതി ഉത്തരവിട്ടു. ജനഅധികാര സംഘർഷ സംഘടനയിലെ (ജെ.എസ്.പി) ആദർശ് അയ്യർ നല്കിയ പരാതിയിലാണ് കോടതി ഇടപെടൽ.



ബെംഗ്ളൂരുവിൽ നല്കിയ ഹർജിയിൽ നിർമ്മല സീതാരാമൻ മാത്രമല്ല, ബിജെപി അദ്ധ്യക്ഷൻ ജെ.പി. നഡ്ഡ, കർണാടക ബിജെപി നേതാക്കളായ നളീൻ കുമാർ കട്ടീൽ, ബി.വൈ. വിജയേന്ദ്ര എന്നിവരുടെ പേരുകളുമുണ്ട്. എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇ.ഡി) നടത്തിയ റെയ്ഡുകൾ സമ്മർദ്ദതന്ത്രമായി ഉപയോഗപ്പെടുത്തി ആയിരക്കണക്കിനു കോടിയുടെ ഇലക്ടറൽ ബോണ്ടുകൾ വാങ്ങാൻ കോർപ്പറേറ്റ് സ്ഥാപനങ്ങളെ നിർബന്ധിച്ചുവെന്നാണ് ഹർജിയിലെ ആരോപണം. ഈ ഇലക്ടറൽ ബോണ്ടുകൾ ദേശീയതലത്തിലും സംസ്ഥാന തലങ്ങളിലുമുള്ള ബിജെപി നേതാക്കൾ പണമാക്കിയതായി പറയപ്പെടുന്നു.

ഇലക്ടറൽ ബോണ്ട് പദ്ധതി രാഷ്ട്രീയ ലക്ഷ്യങ്ങൾക്കായി കള്ളപ്പണം ശേഖരിക്കാൻ സഹായിച്ചെന്നും നിർമ്മല സീതാരാമനും മറ്റ് മുതിർന്ന ബിജെപി നേതാക്കളും ഈ അട്ടിമറിയിൽ പങ്കാളികളാണെന്നും ഹർജിയിലുണ്ട്. അതേസമയം, ബിജെപി നിർമ്മല സീതാരാമനെ ന്യായീകരിച്ചു. ആരോപണങ്ങൾ രാഷ്ട്രീയപ്രേരിതമാണ്. ഇലക്ടറൽബോണ്ട് വിതരണം ഒരു നയപരമായ കാര്യമാണ്. അത് ക്രിമിനൽ നടപടിയല്ലെന്നും പാർട്ടി വാദിച്ചു.

മുഡ കേസിൽ കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യയ്ക്കെതിരെ ബിജെപി ആഞ്ഞടിക്കുകയും ചെയ്തു. മൈസൂർ അർബൻ ഡെവലപ്മെന്റ് അതോറിറ്റിക്കു (മുഡ) ഭൂമി അനുവദിച്ച കേസിൽ സിദ്ധരാമയ്യയ്ക്കെതിരെ എഫ്ഐആർ നിലവിലുണ്ട്. ഇതിന്റെ സമ്മർദ്ദത്തിൽ സിദ്ധരാമയ്യ, നിർമ്മല സീതാരാമനെയും മുൻ കർണാടക മുഖ്യമന്ത്രി എച്ച്.ഡി. കുമാരസ്വാമിയെയും പോലുള്ള മുതിർന്ന നേതാക്കളെ കുടുക്കുകയാണെന്നാണ് ബിജെപി ആരോപണം. എഫ്ഐആറിന്റെ പേരിൽ താൻ മുഖ്യമന്ത്രിപദം ഒഴിയുമെന്ന് പ്രതീക്ഷിക്കുന്നെങ്കിൽ എഫ്ഐആറിൽ പേരുള്ള സീതാരാമനും മറ്റ് ബിജെപി നേതാക്കൾക്കും ഇതേ മാനദണ്ഡം ബാധകമാണെന്നും സിദ്ധരാമയ്യ പറഞ്ഞു.

# യുഎൻ പൊതുസഭയിൽ പാക്കിസ്ഥാനെതിരെ ഇന്ത്യ


യുണൈറ്റഡ് നേഷൻസ്: ലോകമെമ്പാടുമുള്ള ഭീകരാക്രമണങ്ങളിൽ പാക്കിസ്ഥാന്റെ വിരലടയാളം ഉണ്ടെന്നും ഇന്ത്യക്കെതിരായ അതിർത്തി കടന്നുള്ള ഭീകരത പ്രത്യാഘാതം ക്ഷണിച്ചുവരുത്തുമെന്നു തിരിച്ചറിയണമെന്നും യുഎന്നിലെ ഇന്ത്യയുടെ സ്ഥിരം സംഘത്തിലെ ഫസ്റ്റ് സെക്രട്ടറി ഭവിക മംഗളാനന്ദൻ പറഞ്ഞു.

യുഎൻ പൊതുസഭയിലെ സംവാദത്തിൽ പാക് പ്രധാനമന്ത്രി ഷഹ്ബാസ് ഷെരീഫ് ജമ്മുകശ്മീർ വിഷയം ഉന്നയിച്ചതിനു മറുപടിയായിട്ടായിരുന്നു ഇന്ത്യയുടെ പ്രതികരണം. 320-ാം വകുപ്പ് റദ്ദാക്കിയത് പിൻവലിക്കണമെന്നും കശ്മീരിലെ സമാധാനത്തിനായി ചർച്ച നടത്തണമെന്നുമായിരുന്നു പാക്കിസ്ഥാന്റെ ആവശ്യം. ഭീകരവാദം, ലഹരിമരുന്നു വ്യാപാരം, രാജ്യാന്തര കുറ്റകൃത്യങ്ങൾ എന്നിവയ്ക്കു കുപ്രസിദ്ധി നേടിയ സൈന്യം ഭരിക്കുന്ന ഒരു രാജ്യം ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യത്തെ വിമർശിക്കാൻ തുനിയുന്നത് പരിഹാസ്യമാണെന്ന് ഇന്ത്യ തിരിച്ചടിച്ചു. കൃത്രിമ തെരഞ്ഞെടുപ്പുകളുടെ ചരിത്രമുള്ള രാജ്യം ജനാധിപത്യ തെരഞ്ഞെടുപ്പുകളെപ്പറ്റി പറയുന്നതിനെയും വിമർശിച്ചു. നുണകൾ ആവർത്തിച്ച് സത്യത്തെ നേരിടാനുള്ള പാക്കിസ്ഥാന്റെ ശ്രമം വിലപ്പോവില്ലെന്നും ഭവിക പറഞ്ഞു.

# പ്രസംഗത്തിനിടെ ഖാർഗെയ്ക്ക് അസ്വാസ്ഥ്യം

ന്യൂഡൽഹി: ജമ്മുകശ്മീരിലെ തെരഞ്ഞെടുപ്പ് വേദിയിൽ പ്രസംഗിക്കുമ്പോൾ കടുത്ത ക്ഷീണം അനുഭവപ്പെട്ടതിനെത്തുടർന്ന് കോൺഗ്രസ് അദ്ധ്യക്ഷൻ മല്ലികാർജുൻ ഖാർഗെയുടെ പ്രസംഗം തടസ്സപ്പെട്ടു. പ്രസംഗപീഠത്തിൽ നിന്ന് നേതാക്കൾ അദ്ദേഹത്തെ കസേരയിൽ ഇരുത്തിയെങ്കിലും തിരികെയെത്തി. നരേന്ദ്ര മോദി സർക്കാരിനെ താഴെയിറക്കാതെ താൻ മരിക്കില്ലെന്നു പ്രസംഗിച്ചാണ് ഖാർഗെ വേദി വിട്ടത്. ജമ്മുകശ്മീരിലെ ജസ്രോട്ടയിൽ ഉച്ചയ്ക്കു ശേഷമായിരുന്നു സഹപ്രവർത്തകരെ ഒന്നാകെ ആശങ്കയിലാഴ്ത്തിയ രംഗങ്ങൾ. രക്തസമ്മർദ്ദ വ്യതിയാനമായിരുന്നു തളർച്ചയ്ക്കു കാരണമെന്ന് പിന്നീട് ഡോക്ടർമാർ സ്ഥിരീകരിച്ചു. ഏതാനും ദിവസങ്ങളായി ഖാർഗെയ്ക്ക് കടുത്ത ക്ഷീണമുണ്ടെങ്കിലും അത് വകവെക്കാതെയാണ് ജമ്മുകശ്മീരിലെ പ്രചാരണ വേദിയിലെത്തിയത്. ദിവസങ്ങൾക്കു മുമ്പ് ഹരിയാനയിലെ പരിപാടികൾ അനാരോഗ്യത്തെ തുടർന്ന് അദ്ദേഹം റദ്ദാക്കിയിരുന്നു.

# മുകേഷിനെ ഒഴിവാക്കി



തിരുവനന്തപുരം: സിനിമാനയത്തിന്റെ കരട് തയ്യാറാക്കാനുള്ള സർക്കാർ സമിതിയിൽ നിന്ന് നടനും എംഎൽഎയുമായ മുകേഷിനെ ഒഴിവാക്കി. ചലച്ചിത്ര അക്കാദമി ചെയർമാൻ പ്രേംകുമാർ, സാംസ്കാരിക ക്ഷേമനിധി ബോർഡ് ചെയർമാൻ മധുപാൽ എന്നിവരെ അംഗങ്ങളാക്കി സമിതി പുനഃസംഘടിപ്പിച്ചു.

ചലച്ചിത്ര വികസന കോർപ്പറേഷൻ ചെയർമാൻ ഷാജി എൻ. കരുൺ അദ്ധ്യക്ഷനായ സമിതിയിൽ സാംസ്കാരിക വകുപ്പിന്റെ മുൻ സെക്രട്ടറി മിനി ആന്റണിയായിരുന്നു കൺവീനർ. മിനി ആന്റണി വിരമിച്ചതിനാൽ സമിതിയിൽ അംഗമായിരുന്ന ചലച്ചിത്ര അക്കാദമി സെക്രട്ടറി സി. അജോയ് കൺവീനറാകും.

ലൈംഗികപീഡന പരാതിയിൽ പ്രതിയായ മുകേഷിനെ സമിതിയിൽ നിന്ന് ഒഴിവാക്കണമെന്ന് നേരത്തെതന്നെ ആവശ്യമുയർന്നിരുന്നു. അറസ്റ്റിലായ മുകേഷ് ജാമ്യത്തിലാണ്.

ഫെഫ്കയുടെ പ്രതിനിധിയായിരുന്ന സംവിധായകൻ ബി. ഉണ്ണികൃഷ്ണൻ അടുത്തിടെ സമിതിയിൽ നിന്ന് രാജിവെച്ചിരുന്നു. 2023 ജൂലൈയിൽ പത്തംഗ സമിതി രൂപവൽക്കരിച്ച് ഉത്തരവിറങ്ങിയപ്പോൾ തന്നെ സിനിമയിലെ തിരക്കിന്റെ പേരിൽ നടി മഞ്ജുവാര്യരും ഛായാഗ്രാഹകൻ രാജീവ് രവിയും സ്വയം ഒഴിവായി. നടിമാരായ പത്മപ്രിയ, നിഖിലാ വിമൽ, നിർമാതാവ് സന്തോഷ് കുരുവിള എന്നിവരാണ് മറ്റംഗങ്ങൾ.

# രഹസ്യവിവരങ്ങൾ എക്സൈസ് മുക്കുന്നതായി എജി

കോട്ടയം: പൊതുജനങ്ങളിൽ നിന്നു ലഭിക്കുന്ന എല്ലാ രഹസ്യ വിവരങ്ങളിലും എക്സൈസ് വകുപ്പ് നടപടിയെടുക്കുന്നില്ലെന്ന് അക്കൗണ്ടന്റ് ജനറലിന്റെ (എജി) റിപ്പോർട്ട്. ഇതേത്തുടർന്ന് ഇത്തരം വിവരങ്ങൾ രേഖപ്പെടുത്തി തുടർനടപടിയെടുക്കുന്നതിന് വകുപ്പ് പുതിയ മാർഗനിർദേശം പുറപ്പെടുവിച്ചു.

എക്സൈസ് ഇന്റലിജൻസ് ബ്യൂറോ നല്കുന്ന വിവരങ്ങൾ സംബന്ധിച്ച കണക്കുകളിൽ പൊരുത്തക്കേടുകളുണ്ടെന്നും എജിയുടെ റിപ്പോർട്ടിലുണ്ട്. ലഹരിവസ്തുക്കളെപ്പറ്റി എക്സൈസ് ഇന്റലിജൻസ് ബ്യൂറോ, അതത് എക്സൈസ് ഓഫീസുകളിലേക്ക് നല്കുന്ന വിവരങ്ങളിലും അതിനെപ്പറ്റിയുള്ള പരിശോധനയ്ക്കുശേഷം കണ്ടെടുക്കുന്ന സാധനങ്ങളുടെ കണക്കുകളിലും പൊരുത്തക്കേടുകളുണ്ട്.

ഈ ഫയലുകൾ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ പരിശോധിക്കുന്നില്ലെന്നും റിപ്പോർട്ടിൽ പറയുന്നു. സംസ്ഥാന ഇന്റലിജൻസ് ബ്യൂറോയിൽ നിന്നു ലഭിക്കുന്ന വിവരങ്ങൾ സോണൽ യൂണിറ്റിലും അവിടെനിന്ന് ലഭിക്കുന്ന വിവരങ്ങൾ ജില്ലാ ഇന്റലിജൻസ് ബ്യൂറോ യൂണിറ്റിലും ഇനിമുതൽ രേഖപ്പെടുത്തും. ജനങ്ങളിൽനിന്നു ലഭിക്കുന്ന രഹസ്യവിവരങ്ങൾ പ്രത്യേക മാതൃകയിൽ രേഖപ്പെടുത്തും. ഇക്കാര്യങ്ങൾ നടപ്പാക്കണമെന്ന് വകുപ്പു മേധാവി എക്സൈസ് ഓഫീസുകൾക്ക് നിർദേശം നല്കി.

# സിദ്ദിഖിന്റെ അറസ്റ്റ് രണ്ടാഴ്ചത്തേക്ക് തടഞ്ഞു

(3-ാം പേജിൽനിന്നും)

അന്വേഷണവുമായി സഹകരിക്കണമെന്ന് സിദ്ദിഖിന്റെ അഭിഭാഷകരോട് കോടതി നിർദേശിച്ചു.

സിദ്ദിഖ് മലയാള സിനിമയിലെ സൂപ്പർ താരമാണെന്നുള്ളതും പരാതിക്കാരിയുമായുള്ള പ്രായവ്യത്യാസവും അതിജീവിതയുടെ അഭിഭാഷകയും കേരള സർക്കാരിന്റെ അഭിഭാഷകയും കോടതിയിൽ ചൂണ്ടിക്കാട്ടി. പരാതി വൈകിയതും പരാതിക്കാരി 2019 മുതൽ 2022 വരെ ഫെയ്സ്ബുക്കിലിട്ട പോസ്റ്റുകളും ചൂണ്ടിക്കാട്ടിയാണ് സിദ്ദിഖിനുവേണ്ടി ഹാജരായ മുകുൾ റോഹത്ഗി വാദിച്ചത്. മലയാളത്തിലെ അറിയപ്പെടുന്ന നടൻ കേസിന്റെ ഏതുഘട്ടത്തിലും ലഭ്യമാകുമെന്നും എവിടേക്കും ഓടിപ്പോകില്ലെന്നും പറഞ്ഞു. എന്നാൽ, ഹേമ കമ്മിറ്റി റിപ്പോർട്ടും സ്വീകരിക്കുന്ന നടപടികളും വിശദീകരിച്ച് റോഹത്ഗിയുടെ വാദത്തെ കേരള സർക്കാരിനു വേണ്ടി ഹാജരായ അഡീഷണൽ സോളിസിറ്റർ ജനറൽ ഐശ്വര്യ ഭാട്ടി എതിർത്തു. ഹേമ കമ്മിറ്റി റിപ്പോർട്ടിനെത്തുടർന്ന് മലയാള സിനിമാ മേഖലയിൽ നിന്നുള്ള 29 പേർക്കെതിരെ 29 കേസുകളെടുത്തു കഴിഞ്ഞു. ഇതിൽ നടപടി സ്വീകരിച്ചുവരികയാണ് തുടങ്ങിയ വാദങ്ങളും കേരളം ഉന്നയിച്ചെങ്കിലും ഇടക്കാല സംരക്ഷണം നല്കുന്നുവെന്ന നിലപാടിൽ കോടതി ഉറച്ചുനിന്നു. വഴങ്ങണം, സഹകരിക്കണം തുടങ്ങിയ അർത്ഥത്തിൽ അഡ്ജസ്റ്റ്മെന്റ്, കോംപ്രമൈസ് തുടങ്ങിയ വാക്കുകൾ തന്നെ മലയാള സിനിമയിലുണ്ടെന്നും പ്രതിയും പരാതിക്കാരിയും തമ്മിലുള്ള പ്രായവ്യത്യാസം പരിഗണിക്കണമെന്നുമായിരുന്നു പരാതിക്കാരിയുടെ നിലപാട്. 19 വയസ്സുള്ളപ്പോഴാണ് പരാതിക്കാരിക്ക് സിദ്ദിഖിൽനിന്ന് മോശം പെരുമാറ്റമുണ്ടായത്. വർഷങ്ങൾക്കു മുമ്പെ ഫെയ്സ് ബുക്കിൽ പിന്തുടർന്നാണ് സിദ്ദിഖ് അവസരം നല്കാമെന്ന് പറഞ്ഞ് സമീപിച്ചതും പീഡിപ്പിച്ചതുമെന്നും പരാതിക്കാരി ചൂണ്ടിക്കാട്ടി. കോടതി ഉത്തരവ് പുറപ്പെടുവിക്കുന്നതിനിടയിലും തടസ്സഹർജി നല്കിയവർ കോടതിയിൽ വാദം ഉന്നയിക്കാൻ ശ്രമിച്ചെങ്കിലും ഇടക്കാല സംരക്ഷണം നല്കുകയാണെന്ന് വ്യക്തമാക്കി കോടതി വിധി പറഞ്ഞു.

# സാഹിത്യവേദി ഒക്ടോബർ 4–ന്

(12-ാം പേജിൽനിന്നും)

എങ്ങനെയാണ് കവിക്ക് ചിന്തയുടെ ഈയൊരു ലോകത്തേക്ക് എത്താൻ കഴിയുക?

ഇടശ്ശേരി എന്ന കവി ഇതിനെടുത്തത് ഏതാനും വർഷങ്ങൾ അല്ല, പിന്നെയോ ഏകദേശം മൂന്നോ നാലോ പതിറ്റാണ്ടുകൾ! ഈ കാലയളവിലെ നിരന്തരമായ വായനയും മനനവും മനീഷികളുമായുള്ള നിരന്തര ചർച്ചകളുമാണ് ഇടശ്ശേരിയെ മാനവികമായ, മാനുഷികമായ, സാംസ്കാരികമായി ഉന്നതനിലവാരം പുലർത്തുന്ന, തത്വചിന്താപരമായ കവിതകൾ എഴുതാൻ പ്രാപ്തനാക്കിയത്.

ഇത്തരം ദ്വന്ദ്വങ്ങൾ തമ്മിലുള്ള കരണപ്രതികരണങ്ങളിൽ നിന്നാണ് ഇടശ്ശേരിക്കവിതകളിലെ സംസ്കാരം മുന്നോട്ടു പോകാനുള്ള ഊർജ്ജം കൈവരിക്കുന്നത്. ഇതുതന്നെ ആയിരിക്കണം ഇടശ്ശേരിക്കളരി അഥവാ പൊന്നാനിക്കളരി എന്ന പേരിൽ അറിയപ്പെടുന്ന ആശയസംഹിതയും. ചില കവിതകളെ മുൻനിർത്തി ഈയൊരു ആശയം മുന്നോട്ടുവെക്കാനാണ് ഈ ഉദ്യമം.

സെപ്റ്റംബർ മാസ സാഹിത്യവേദിയിൽ പ്രൊഫ. ഫിലിപ്പ് കല്ലട കവിത അവതരിപ്പിക്കുകയും 'പ്രാർത്ഥനയുടെ പ്രത്യേകതകൾ' എന്ന വിഷയത്തെപ്പറ്റി സംസാരിക്കുകയും 'നാഥന്റെ മുൻപിൽ' എന്ന കവിതയും പ്രാർത്ഥനയെപ്പറ്റിയുള്ള ചർച്ചയും സാഹിത്യവേദി അംഗങ്ങൾ വളരെയധികം ആസ്വദിക്കുകയും ചെയ്തിരുന്നു. എല്ലാ സാഹിത്യവേദി സ്നേഹികളേയും ഒക്ടോബർ മാസ സാഹിത്യ വേദിയിലേക്ക് സഹർഷം സ്വാഗതം ചെയ്യുന്നു. കൂടുതൽ വിവരങ്ങൾക്ക്: അശോകകുമാർ ഇടശ്ശേരി +91 828 119 5300, പ്രസന്നൻ പിള്ള 630 935 2990, ജോൺ ഇലക്കാട് 773 282 4955.

# 300 കോടിയുടെ നിക്ഷേപത്തട്ടിപ്പ്; സന്യാസിവേഷത്തിൽ പ്രതി പിടിയിൽ

മുംബൈ: ബീഡ് കേന്ദ്രീകരിച്ച് 300 കോടി രൂപയുടെ തട്ടിപ്പ് നടത്തി മുങ്ങിയ പ്രതി ബബ്ബൻ വിശ്വനാഥ് ഷിൻഡെയെ യുപി വൃന്ദാവനിൽ നിന്ന് പോലീസ് അറസ്റ്റ് ചെയ്തു. താടിയും മീശയും വടിച്ച്, സന്യാസിവേഷം കെട്ടി മാസങ്ങളായി ക്ഷേത്രത്തിൽ താമസിച്ചുവരികയായിരുന്നു ഇയാളെന്ന് പോലീസ് പറഞ്ഞു. ജിജൗ മാസാഹെബ് മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ക്രെഡിറ്റ് സൊസൈറ്റി ലിമിറ്റഡ് എന്ന ധനകാര്യ സ്ഥാപനത്തിന്റെ ചെയർമാനായിരുന്നു പ്രതി. ഉയർന്ന പലിശ വാഗ്ദാനം ചെയ്ത് ആളുകളിൽനിന്ന് നിക്ഷേപം വാങ്ങിയെടുത്ത ശേഷമാണ് തട്ടിപ്പ് നടത്തിയത്. ബീഡിലെ പ്രധാന ശാഖയിൽ മാത്രം രണ്ടായിരത്തോളം നിക്ഷേപകരാണ് ഉണ്ടായിരുന്നത്. തട്ടിപ്പ് പരാതികൾ ഉയർന്നതോടെ കഴിഞ്ഞവർഷം ജൂലൈ 3-ന് നാടുവിടുകയായിരുന്നു. സംസ്ഥാനത്തെ വിവിധ ജില്ലകളിൽ ഇയാൾക്കെതിരെ പരാതികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

# SEEKING BRIDEGROOM

*USA settled Christian family seeking proposal for their 38-year-old daughter who was born in Sultanate of Oman and moved to US at the age of 10 in 1997. She is 5'3", born again, baptized and in fellowship with a Pentecostal Church in Florida. She has Law degree and currently working with State of Florida government since several years. We are looking for a born again, educated boy from US or Canada. Those who are interested please text, whatsapp at **863-709-6031** or email to: **mathewg1956@gmail.com**

*Knanaya Catholic parents invite proposals for their daughter Age: 25 yrs. (DOB: December, 1998) Height 5'1". Born in Kerala and lived in Mumbai. Then brought up in the US from the age of 9. Education: BSN and currently working as RN (travel nurse) and pursuing MSN. Seeking alliances from parents of well-educated and professionally qualified Knanaya Catholic boys brought up in the US. Please Contact: **516-554-5698 or 516-554-5681**

*Parents settled in the USA invite marriage proposals for their 27 year old American born Roman Catholic daughter, 5 feet 6 inches height, currently completing MD/PhD program in a reputable university in the USA from physicians or similarly educated men raised in the USA. Very caring and family oriented. If interested, please email: **medqis@gmail.com** or contact **(908) 764-0342.**

*42 years old, 5'4, Christian woman, born in Kerala, raised in the US, American Citizens, and working as a certified teacher. She is seeking a proposal for a man who has a strong relationship with God, trustworthy, honest, faithful, compassionate, responsible, mature, financially stable ambitious, willingness to mutually make compromises, great communication and understanding. Interested parties please respond via email:
**mallugurl81@gmail.com.**

*Pentecostal Parents invite proposals for their daughter, who is an MBBS Doctor and a Public Health Master's graduate from the American University of Armenia, now pursuing her Foreign Medical Licensing. She is 32 (17.2.1992/Height 5'4) with medium skin tone. She born in State of Qatar, Middle East and brought up in India. We are seeking suitable alliances from Christian - US, Canada, UK, Australia, New Zealand, Switzerland, Middle East who are Professionally qualified Doctors, CPAs, IT Professionals, Engineers with Masters. If interested please contact **+91 8592955555 / +91 8943677777** or **mathewkws@gmail.com** with recent pictures and details.

*Pentecostal parents inviting proposals for their daughter (31 years, 2/10/1992, Hight 5'6) pursuing Ph. D program in Mechanical Engineering, University of North Carolina in USA, currently working as Teaching assistant at the same university from parents of professionally qualified spiritual boys from USA. If interested, please contact **+91 9142050975 / +91 9744797000** or **thomasnidheerickal@gmail.com.**

Visit Our Website:
www.keralaexpress.com
for Matrimonial Advt.

*Roman Catholic parents invite proposals for their daughter, who is a chemical engineering Ph.D. student at a reputed college. She is 26 years old and is 5'3" with a fair complexion. She is born and brought up in the USA. We are seeking suitable alliances from professionally qualified Doctors, CPAs, IT professionals, and Engineers with masters, born and raised in the USA, who are Catholics, family-oriented, and God fearing. Interested please respond with details including a recent picture to: **chry7851@gmail.com**

*Pentecostal parents settled in US inviting proposal for their daughter born and brought up in USA, 34yrs, 5'8", Doctor of Pharmacy working as a clinical pharmacist. We are seeking a professionally qualified spiritual boy from the same faith. If interested please contact **206 234 5555**, Email: **wmathew1@comcast.net**

*Immigrant Mar Thoma parents invite marriage proposal for their daughter in Kerala (27 yrs.) MSc, B.Ed., from parents of Mar Thoma or Orthodox boys in the US. She is very beautiful, God fearing and family oriented. Please contact at **ajohn1192@gmail.com** with picture and details.

*The Pentecostal family settled in Texas invites a proposal for their daughter, who will start her MD residency in California in June 2024. Age 25 (November 4, 1998), 5'4", God-fearing, baptized, fair & a US citizen from parents of a Pentecostal boy, with a professional career and from the US. Please email complete details and pictures to **risinginspirit@yahoo.com.**

*Pentecostal Family, residing in the US, is inviting proposals for their born again, baptized daughter (30/ 5'4). Born and brought up in California, she works as an Optometrist (Eye Doctor). She is God fearing and Family oriented. Seeking suitable proposals from parents of Pentecostal ,Family oriented and professional boys preferably based in the US. Please respond with photo and details to **shajeepmathew@gmail.com** or contact **1-972- 342-4297.**

*Pentecostal parents settled in the USA invite proposal for their daughter, 28 year old, 5' 2": born again, water baptized and leading a model christian life. Born and brought up in the USA. Masters in Speech Language Pathology. Seeking suitable proposals from qualified boys from the USA or Canada. Please respond with details and pictures to **foreverulove2023@gmail.com** or **469-371-7023**.

# SEEKING BRIDE

*Syrian Pentecostal parents in the US are prayerfully seeking proposals for their God-fearing son (32 year-old, 5'6" MD physician), from parents of God-fearing girls with a similar educational background from Texas. If interested, please respond with complete details via email at **tonyvince29@gmail.com."**

*Pentecostal parents settled in USA prayerfully invite proposal for their son born and brought up in USA. He is 31 (August 03-1993) year old 5'5", architect, employed as project manager in an architectural firm in the northeast, born again, baptized, spirit filled and very active with church and gospel work. Seeking suitable alliance from parents of qualified born-again, baptized, spirit filled girl with good moral and spiritual values and professionally qualified, preferably born in the US. Please respond to **jehovahnissi2024@yahoo.com** with recent pictures and details.

*Pentecostal parents seeking proposals for their born again, baptized son (US born, 31/ 5' 7") He is now working as a Doctor in California. Inviting proposals from born again and profession qualified girls preferably born in the US. Please call/ send info with picture. **253 332 0868**. email: **molyvt@yahoo.com.**

*Pentecostal parents settled in USA invite proposal for their son born and brought up in US. He is 28 year old with 5'11", engineer with masters degree, born again, spiritual and very active with church. We are seeking qualified, family oriented, born-again and God fearing girl with good moral and spiritual values. Interested please respond to **hiswillforme01@gmail.com** with recent pictures and details.

*Uncle and aunt settled in USA invites proposals from USA for their nephew, 29 years old, (154 lbs, 5'6") itinerant preacher and prophet, traveling nations, training and equipping next generation leaders for the Kingdom of God. Owner of resort and campsite. Those who are fully committed to ministry, contact WhatsApp **+91 9946477146**

*Well to do, healthy, Christian widower (80) seeking a mature, single, Christian lady or widow. Text me to start the conversation first to get to know each other. Phone number **(830)624-5533.**

*Marthoma parents with strong religious back ground seeking proposals for their son, 32 years, 5' 8", born and brought up near New York City, working in an Investment banking group, pursuing CFA. Parents of professional girls born and brought up in US from any Christian denomination may please respond with details to **go2mathew@gmail.com.**

*Pentecostal parents invite proposal for their son (September 1996, 5"7) born and brought up in US, born again, baptized, spirit filled, actively involve in church ministry, medical student starting his residency in the mid of 2025. From the parents of girl*s who have similar field or are professionally qualified. Please send recent pictures and full details to **ifhiswill2021@gmail.com.**

*Professionally qualified Pentacostal boy working and studying in USA (fair/36/ 78kg/182cm/ divorced) seeking suitable proposal from parents of born again, spirit filled and professionally qualified girls live in United States. Contact: **(832) 340-0672**

*Double board certified physician currently working as a Medical Director at the VA. Beyond the realm of medicine, I prioritize strong family values and faith. I'm seeking a meaningful connection with someone who shares these principles, someone who values integrity, compassion, and growth. If you're ready to embark on a journey of companionship rooted in mutual respect and shared beliefs, I'd love to hear from you. Age 45 and 5' 7". Please respond with details and recent picture to **pvcglorytogod@gmail.com**

*Brother settled in the U.S. invites marriage proposal for Knanaya Catholic widower (U.S. returned, doing business, 2 sons, 1 in Canada & other one in Bangalore), 55, 5'8", 150lb from Knanya women or widows with or without children. Please contact us on **+1 863-447-0691 or email at joscoveneers@gmail.com.**

Visit Our Website:
www.keralaexpress.com
for Matrimonial Advt.

# SEEKING BRIDEGROOM CONTD.....

*Roman Catholic parents invite proposals for their daughter who is working as Pham-D. She is 38 and 5'-3" fair complex. She is born and brought up in U.S.A. We are seeking suitable alliance from professionally qualified Engineers, Doctors, Pharmacists, MBA accountants , IT professionals born and raised in U.S.A. who are Catholics and God-fearing and family oriented. Interested please respond with details including a recent picture to: **cyriac78@hotmail.com**


*Pentecostal parents settled in USA invite proposal for their daughter 28 years old, 5' born again, baptized and spirit filled. Born and brought up in USA. Masters in Accounting, working as a corporate senior tax accountant, pursuing CPA. Parents of qualified boys ( from USA or Canada) with good spiritual background may please respond with details and pictures to **smat16ab@gmail.com**

## കെ. കുര്യൻ

**കറുകച്ചാൽ:** റിട്ട. ഹെഡ് ക്ലാർക്ക് കൊമ്പശ്ശേരിൽ തെക്കേതിൽ കെ. കുര്യൻ (ബാബു–83) അന്തരിച്ചു. ഭാര്യ കടമ്പനാട് വട്ടക്കാലായിൽ എലിസബത്ത് കുര്യൻ. മക്കൾ: സുനിൽ കുര്യൻ (യുഎസ്), ഡോ. സുമ കുര്യൻ (കഞ്ഞിക്കുഴി). മരുമക്കൾ: സുജാത കുര്യൻ (യുഎസ്), ജോർജ് ഏലിയാസ് (കഞ്ഞിക്കുഴി).

**തിരുവല്ല:** വിമുക്തഭടൻ കാരയ്ക്കൽ വാണിയപ്പുരയ്ക്കൽ വി.ജെ. ജോൺ (ജോണി–74) അന്തരിച്ചു.

## മാത്യു പണിക്കർ



**മിഷിഗൺ:** കുണ്ടറ മാറനാട് പുത്തൻപുരയിൽ കുടുംബാംഗമായ മാത്യു പണിക്കർ (90) ഡിട്രോയിറ്റിൽ അന്തരിച്ചു.മിഷിഗൺ വാറൺ സിറ്റിയിലെ സെ. തോമസ് ഓർത്തഡോക്സ് ചർച്ച് ഓഫ് ഇന്ത്യയുടെ സ്ഥാപക അംഗങ്ങളിൽ ഒരാളായ പരേതൻ ആദ്യകാല പ്രവാസികളിൽ ഒരാളാണ്. ഭാര്യ: മാവേലിക്കര തഴക്കര പരേതയായ അന്നമ്മ പണിക്കർ. മക്കൾ: ഐസക് പണിക്കർ, ജയ വർഗീസ്. മരുമകൻ: ഏബ്രഹാം വർഗീസ്. സഹോദരങ്ങൾ: കോശി പണിക്കർ, മറിയാമ്മ തിമൊത്തിയോസ്, ജോൺ പണിക്കർ.

**സൗത്ത് പാമ്പാടി:** തെക്കേക്കര ഐക്കരപ്പടവിൽ എ.വി. മത്തായിയുടെ (റിട്ട. ഫെഡറൽ ബാങ്ക് സ്റ്റാഫ്) ഭാര്യ അച്ചാമ്മ (സോമി–74) അന്തരിച്ചു.

**കുറിച്ചി:** പള്ളത്തറ ചെറുവേലിൽ മറിയാമ്മ ചാക്കോ (97) അന്തരിച്ചു.

## ഏലിയാമ്മ മാത്യൂസ്

**മറ്റത്തിപ്പാറ:** നരിക്കുന്നേൽ പരേതനായ എൻ.എം. മാത്യൂസിന്റെ ഭാര്യ ഏലിയാമ്മ മാത്യൂസ് (76) അന്തരിച്ചു. ചങ്ങനാശേരി പുതുപ്പറമ്പിൽ കുടുംബാംഗമാണ്. മക്കൾ: മീന (യുഎസ്), ബീന (സെ. പോൾസ് എച്ച്എസ് മൂന്നിലവ്), ബോബി (യുകെ), ബോബൻ (ഓസ്ട്രേലിയ). മരുമക്കൾ: സിബി കള്ളികാട്ട്, ബിനോയ് കൊടാകയം (യുകെ), റാണി(ഓസ്ട്രേലിയ).

**കൊല്ലം:** കാവനാട് ഇസ്മാരിയോ എക്സ്പോർട്സ് മുൻ പാർട്ണറും ബെംഗ്ളൂരുവിലെ ചൂരവിള ജോസഫ് ഫൗണ്ടേഷൻ ട്രസ്റ്റിയുമായ തൃക്കടവൂർ കുരീപ്പുഴ ചൂരവിളയിൽ സെലിൻ ഫെർണാണ്ടസ് (90) അന്തരിച്ചു.

## ചിന്നമ്മ വർഗീസ്


**വെണ്ണിക്കുളം:** വടക്കുംതലയ്ക്കൽ ചിന്നമ്മ വർഗീസ് (96) അന്തരിച്ചു. നിരണം വാഴയിൽ കിഴക്കേക്കുറ്റ് കുടുംബാംഗമാണ്. ഭർത്താവ് പരേതനായ വി.ടി. വർഗീസ്. മക്കൾ: വി.വി. ഏലിയാമ്മ, മോളമ്മ വർഗീസ്, അമ്മാൾ, സിന്ധു (ഇരുവരും യുഎസ്), ബേബി, പരേതരായ വി.വി. തോമസ്, ഓമന ഫിലിപ്പ്, മരുമക്കൾ: ഓതറ പുനമഠത്ത് സി.ജി. മത്തായി, എൽസി തോമസ് (തൃശൂർ), പൂവത്തൂർ കുളത്തുംമട്ടയ്ക്കൽ അച്ചൻകുഞ്ഞ്, പുല്ലാട് കുന്നപ്പുഴ രാജു, ചെങ്ങന്നൂർ കാടുവെട്ടൂർ ബാബുക്കുട്ടി, കുന്നന്താനം കട്ടപ്പുറത്ത് സന്തോഷ് മാത്യു (ഇരുവരും യുഎസ്), വെണ്ണിക്കുളം കോതകുളത്ത് പരേതനായ ബാബു തോമസ്.

## അനിത ഏലിയാസ്

**കുമരകം:** തേറാമ്പിലായ പുറമറ്റ പി.സി. ഏലിയാസിന്റെ ഭാര്യ അനിത (അനു–58) അന്തരിച്ചു. ചീരംചിറ മുണ്ടപ്പാമൂട്ടിൽ കുടുംബാംഗം. മക്കൾ: അരുൺ സ്കറിയ ഏലിയാസ് (യുഎസ്). തരുൺ ചാക്കോ ഏലിയാസ് (ബഹ്റൈൻ).

**ആയാംകുടി:** മുകളേൽ ജോസഫ് (88) അന്തരിച്ചു.

## പാസ്റ്റർ തോമസ് മത്തായി അന്തരിച്ചു



**ഹൂസ്റ്റൺ:** ന്യൂയോർക്ക് എലീം ഫുൾ ഗോസ്പൽ അസംബ്ലി ചർച്ച് മുൻ സഭാ ശുശ്രൂഷകനും ഇന്ത്യ പെന്തെക്കോസ്ത് ദൈവസഭ മുൻ സീനിയർ ശുശ്രൂഷകനായിരുന്ന പരേതനായ പാസ്റ്റർ മാത്യു സാമുവേലിന്റെ ഇളയസഹോദരൻ പത്തനംതിട്ട ഇലന്തൂർ സ്വദേശി പാസ്റ്റർ തോമസ് മത്തായി (88) അന്തരിച്ചു. ഭാര്യ എലിസബത്ത് തോമസ് (കുഞ്ഞുമോൾ). മക്കൾ: ഡോ. ഷേബ പൗലോസ് (ടെക്സസ്), സിബിൾ ജോർജ് (ഒക്കലഹോമ), പരേതനായ ഡോ. ഷിബു തോമസ്. ഇലന്തൂർ വലിയവെട്ടത്ത് താഴയിൽ വാലുപറമ്പിൽ മത്തായി–കുഞ്ഞമ്മ ദമ്പതികളുടെ മകനാണ് പരേതൻ. ദീർഘകാലം ന്യൂയോർക്ക് ഹൗസിംഗ് അതോറിറ്റിയിൽ ഇൻസ്പെക്ടറായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. ന്യൂയോർക്ക് എലീം ഫുൾ ഗോസ്പൽ അസംബ്ലി പാസ്റ്റർ ആയിരുന്നു. മേരിക്കുട്ടി ഏബ്രഹാം സഹോദരിയാണ്.

## പാപ്പച്ചൻ അവിര

**അരുവിത്തുറ:** ആലാനിക്കൽ പാപ്പച്ചൻ അവിര (88) അന്തരിച്ചു. ഭാര്യ മുട്ടം പ്ലാത്തോട്ടം ത്രേസ്യാമ്മ. മക്കൾ ടോമി, ലൈസാമ്മ, ജാൻസി, ഷാലി (യുഎസ്), രാജു ഏബ്രഹാം, പരേതനായ തങ്കച്ചൻ. മരുമക്കൾ: ജെസ്സി മുണ്ടാട്ടുചുണ്ടയിൽ, ടീന പ്ലാത്തോട്ടം, ജോർജ് ജോസഫ് നരിപ്പാറ പൂവരണി (റിട്ട. അദ്ധ്യാപകൻ), വി.വി. ജോസഫ് വരിക്കമാക്കൽ പയ്യാനിത്തോട്ടം (റിട്ട. മാനേജർ മീനച്ചിൽ ഈസ്റ്റ് അർബൻ ബാങ്ക്) ബെന്നി പുല്ലാട്ട് (യുഎസ്), റോസ് മേരി മണ്ണാംപറമ്പിൽ (ഗവ. എച്ച്എസ് വയല).

**മാവേലിക്കര:** മുംബൈ എം.ബാർക്കേഷൻ ഹെഡ് ക്വാർട്ടേഴ്സിൽ റിട്ട. സീനിയർ സുപ്രണ്ട് കരീപ്പുഴ കടവൂർ തണ്ടാംതറയിൽ ഗോമതി മാധവൻ (84) അന്തരിച്ചു.

## സാറാമ്മ ജോസഫ്

**കോട്ടയം:** തോട്ടയ്ക്കാട് താന്നിമൂട്ടിൽ പൈലോ ജോസഫിന്റെ ഭാര്യ സാറാമ്മ ജോസഫ് (മോനി–77) ഹൂസ്റ്റണിൽ അന്തരിച്ചു. മണർകാട് വൈശ്യംപറമ്പിൽ കുടുംബാംഗമാണ്. മക്കൾ: മിനി, ജെയ് (ഇരുവരും ഡാളസ്). ജെയ്സൺ (ഹൂസ്റ്റൺ). മരുമക്കൾ: റെനി, വിൻസൺ (ഇരുവരും ഡാളസ്).

**പാക്കിൽ:** എസ്ബിടി കോട്ടയം സോണൽ ഓഫീസ് റിട്ട. മാനേജർ കൈതയിൽ റോയ് ജി. തോമസ് (76) അന്തരിച്ചു.

## ത്രേസ്യാമ്മ ആഗസ്തി

**മുതലക്കോടം:** ചാമക്കാലായിൽ (കൈതകണ്ടത്തിൽ) ത്രേസ്യാമ്മ (87) അന്തരിച്ചു. ചീനിക്കുഴി കണ്ടത്തിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ ആഗസ്തി. മക്കൾ: സി.എ. ജോസഫ് (യുഎസ്), പരേതനായ സി.എ. ചാക്കോ. മരുമക്കൾ: എറണാകുളം പൂത്തോക്കാരൻ ടിറ്റി ചാക്കോ, ഈരാറ്റുപേട്ട ഇടമറുക് ചീരാംകുഴിയിൽ എൽസമ്മ തോമസ് (യുഎസ്).

**കടപ്ലാമറ്റം:** ജബൽപൂർ രൂപതാംഗം ഫാ. ജോസഫ് തുരുത്തിയിൽ (78) ജബൽപ്പൂരിൽ അന്തരിച്ചു.

**മല്ലപ്പള്ളി:** പാലക്കാട് കല്ലേക്കാട് വിഎംയുപിഎസ് റിട്ട. അദ്ധ്യാപിക കൊറ്റൻകുടി കാവുങ്കൽ കെ.എം. അന്നമ്മ (77) അന്തരിച്ചു.

## പി.എം. മത്തായി


**ഇലന്തൂർ ഈസ്റ്റ്:** പുതിയത്ത് പി.എം. മത്തായി (81) ന്യൂജേഴ്സിയിൽ അന്തരിച്ചു. ഭാര്യ തൊടുപുഴ കുമ്പളപറമ്പിൽ മോളമ്മ മത്തായി. മക്കൾ: ജെറി മാത്യു, നോബിൾ ജേക്കബ് മാത്യു, റെജി റേ മാത്യു. മരുമക്കൾ: അനിത റേയ്ച്ചൽ തോമസ്, സ്മിത ജോർജ്.

**മുട്ടുചിറ:** മരങ്ങോലിൽ വർക്കി വർക്കി (കുട്ടപ്പൻ–85) അന്തരിച്ചു.

## ചാക്കോ സ്കറിയ

**ഇടമറ്റം:** പഴയതുടിപ്പാറ ചാക്കോ സ്കറിയ (കുഞ്ഞ്–97) അന്തരിച്ചു. ഭാര്യ പ്ലാശനാൽ ഇല്ലത്തുപറമ്പിൽ പരേതയായ അന്നമ്മ സ്കറിയ. മക്കൾ: പി.എസ്. ഏലിയാമ്മ (റിട്ട. പ്രധാനാദ്ധ്യാപിക), മോളി ചാക്കോ, അൽഫോൻസി ജെയിംസ്, ടോംസി ലാൽ (മൂവരും യുഎസ്). മരുമക്കൾ: ഇ.ഡി. ജോസഫ് മണിയാക്കുപാറ, മാത്യു ചാക്കോ പള്ളിത്തറയിൽ പുല്പ്പള്ളി (യുഎസ്), പരേതനായ മനോജ് ജെയിംസ് മങ്ങാട്ട് ചെങ്ങളം കോട്ടയം, ലാൽ ജേക്കബ് പാലത്തിങ്കൽ ആലപ്പുഴ (യുഎസ്).

## മാത്യു തോമസ്



**നീറിക്കാട്:** വെളിയന്തറയിൽ മാത്യു തോമസ് (കുട്ടപ്പൻ–93) അന്തരിച്ചു. ഭാര്യ പെരുവ ഊന്നുകല്ലുങ്കൽ ലീലാമ്മ മാത്യു. മക്കൾ: ഷാജി, സാബു, ഷജിനി, ഷൈല. മരുമക്കൾ: നിർമല മാളിയേക്കൽ (നീണ്ടൂർ), ലിസി വെള്ളാന്തടം (മാറിക), സണ്ണി ജോസഫ് മാറികാവീട്ടിൽ (മാറിടം), സാബു കുര്യൻ പ്ലാങ്കുഴിയിൽ തിരുവഞ്ചൂർ (എല്ലാവരും യുഎസ്).

**പൂഞ്ഞാർ:** കൈപ്പള്ളി അങ്കണവാടി അദ്ധ്യാപിക കുന്നോന്നി വാഴയിൽ സിന്ധു ഷാജി (46) അന്തരിച്ചു. പൂഞ്ഞാർ തെക്കേക്കര പഞ്ചായത്തംഗം, ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

## സി.പി. തങ്കമ്മ

**കല്ലറ:** മാധവിമന്ദിരം എസ്എംവി എൻഎസ്എസ് എച്ച്എസ് റിട്ട. ടീച്ചർ സി.പി. തങ്കമ്മ (85) അന്തരിച്ചു. ഭർത്താവ് പരേതനായ എ. കരുണാകരമേനോൻ. മക്കൾ: അനിൽ കെ. മേനോൻ (അരോമ ബുക്സ് ഏറ്റുമാനൂർ), ആശ കെ. മേനോൻ (ഇത്തിത്താനം). മരുമക്കൾ: കെ.പി. അമ്പിളി (എൻഎസ്എസ് എച്ച്എസ് കിടങ്ങൂർ), ഹരിദാസ് പണിക്കർ (യുഎസ്).

**കുറിച്ചിത്താനം:** കുറവിലങ്ങാട് കർമ്മലീത്താ മഠാംഗം റിട്ട. അദ്ധ്യാപിക സിസ്റ്റർ വെർജിൻ മരങ്ങാട്ടുമ്യാലിൽ (98) അന്തരിച്ചു.

**അടിമാലി:** ഫെഡറൽ ബാങ്ക് അടിമാലി ബ്രാഞ്ച് റിട്ട. ഉദ്യോഗസ്ഥൻ ചെന്തട്ടേൽ ഉലഹന്നാൻ (ജോണി–47) അന്തരിച്ചു.

**കോട്ടയം:** കുന്നംപള്ളി പുത്തൻപറമ്പിൽ നാരായണന്റെ ഭാര്യ കാർത്ത്യായനി (77) അന്തരിച്ചു.

## അമ്മിണി ജേക്കബ്

**പാലാ:** ഇലത്തിമറ്റത്തിൽ പരേതനായ ഇ.ജെ. ജേക്കബിന്റെ ഭാര്യ അമ്മിണി ജേക്കബ് (89) അന്തരിച്ചു. മക്കൾ: മോളി (യുഎസ്), ലാലി, ലിസമ്മ, സജി (യുകെ), കുഞ്ഞുമോൾ, സിനി (യുഎസ്). മരുമക്കൾ: പൊന്നപ്പൻ (യുഎസ്), രാജു (കുമ്മണ്ണൂർ), മാത്തുക്കുട്ടി (പ്രവിത്താനം), ബെൻസി (യുകെ), പരേതനായ ജോയ്സ്, ഷാബു പോൾ (യുഎസ്).

**ചങ്ങനാശേരി:** ഹിന്ദു കോളജ് കൊമേഴ്സ് വിഭാഗം മുൻ മേധാവി പെരുന്ന പന്തിരിക്കൽ രമ്യയിൽ റിട്ട. പ്രഫ. പി.വി. പരമേശ്വരക്കുറുപ്പ് (82) അന്തരിച്ചു.

**പാലാ:** മുണ്ടുപാലം പുതിയാത്ത് തോമസുകുട്ടിയുടെയും ത്രേസ്യാമ്മയുടെയും മകൻ രാഹുൽ തോമസ് (38) അന്തരിച്ചു.

## അമ്മിണി കുര്യൻ

**മൂലേടം:** കടവിൽ കെ.സി. കുര്യന്റെ ഭാര്യ അമ്മിണി കുര്യൻ (75) അന്തരിച്ചു. ചിങ്ങവനം അട്ടിയിൽ കുടുംബാംഗമാണ്. മക്കൾ: ഷിനോ കുര്യൻ, ടിജി കുര്യൻ (ഇരുവരും യുഎസ്), ജോബി കുര്യൻ. മരുമക്കൾ: കൊച്ചുമോൾ വാഴയിൽ, ജയമോൾ മാമൂട്ടിൽ, ബബിത പൊന്നാട്ടുശേരിയിൽ.

## ഏലിയാമ്മ ലൂക്കാ

**പേരൂർ:** മുല്ലൂർ ഏലിയാമ്മ ലൂക്കാ (88) അന്തരിച്ചു. ഭർത്താവ് പരേതനായ കുര്യാള ലൂക്കാ. മക്കൾ: കെ.എൽ. ജോയി (പേരൂർ കോ–ഓപ്പറേറ്റീവ് ബാങ്ക്. റിട്ട.) ആനിയമ്മ ലൈല. എത്സി, മാത്തുക്കുട്ടി (യുഎസ്), സജി (കാനഡ). മരുമക്കൾ: ജയിൻ ജോയി (റിട്ട.പ്രഫ. സെ. സ്റ്റീഫൻസ് കോളജ് ഉഴവൂർ), കുരുവിള തുമ്പേത്തറ, സൈമൺ അത്തിമറ്റത്തിൽ, ഇ.ടി. മത്തായി ഇടനാട്ടുകാലായിൽ, ഷീബ (കാരിത്താസ് ആശുപത്രി), ഷീബ കൊച്ചുപുരയ്ക്കൽ (കാനഡ).

**കൈപ്പുഴ:** പാലത്തുരുത്ത് പൗവ്വത്തിൽ ജേക്കബ് ജോസഫ് (ചാക്കോ–82) അന്തരിച്ചു.

## കുഞ്ഞമ്മ തോമസ്

**കോഴഞ്ചേരി:** വാഴക്കുന്നം പകലോമറ്റം താഴമൺ മനാട്ട് കുമ്പംകുഴിയിൽ കുഞ്ഞമ്മ തോമസ് (84) അന്തരിച്ചു. ഭർത്താവ് തോമസ് ഏബ്രഹാം. മക്കൾ: ലിസി, റോയി ഏബ്രഹാം (യുഎസ്), കുഞ്ഞുമോൻ, ജോസ് (യുകെ), ലില്ലിക്കുട്ടി. മരുമക്കൾ: കുറത്തികാട് പേരുകുറ്റിയിൽ ഷേർളി റോയ് (യുഎസ്), തോട്ടപ്പുഴ കാട്ടൂർ ജോളി ജോർജ് (റിട്ട. പ്രധാനാദ്ധ്യാപിക), ആറന്മുള കൊച്ചുപറമ്പിൽ ബീന ജോസ് (യുകെ), കടമ്പനാട് പാറയിൽ കുഞ്ഞുമോൻ, മാരാമൺ വിളയിൽ പരേതനായ ആഞ്ചലീസ്.

**ചങ്ങനാശേരി:** കുരിശുംമൂട് ഒറ്റാറയ്ക്കൽ മേരിക്കുട്ടി ചാക്കോ (88) അന്തരിച്ചു.

## കെ.സി. വർഗീസ്

**കടമ്മനിട്ട:** പത്തനംതിട്ട കാതോലിക്കേറ്റ് സ്കൂൾ റിട്ട. അദ്ധ്യാപകൻ തേവർവേലിൽ കരിങ്ങാട്ടിൽ കെ.സി. വർഗീസ് (97) അന്തരിച്ചു. ഭാര്യ വടശേരിക്കര മുളവേലിൽ പള്ളിക്കൽ പി.എം മറിയാമ്മ (റിട്ട. അദ്ധ്യാപിക). മക്കൾ: എൽസി (റിട്ട. അദ്ധ്യാപിക), ജേക്കബ് (റിട്ട. ടിടിപി), ഡെയ്സി (പൂണെ), വത്സ (യുഎസ്), അഡ്വ. മാത്യൂസ് വർഗീസ്, സിസിലി (റബർ ബോർഡ്). മരുമക്കൾ: ഓതറ പരുമൂട്ടിൽ തോമസ് സഖറിയ (റിട്ട. വില്ലേജ് ഓഫീസർ), കടമ്മനിട്ട കിഴക്കേപറമ്പിൽ കെ.സി. ജോൺ (പൂണെ), പുത്തൻകാവ് മുതിരക്കാലായിൽ സഖറിയ അലക്സാണ്ടർ (യുഎസ്), തോട്ടക്കാട് കൈയ്യാലക്കകത്ത് ലൈല ചാക്കോ (റിട്ട.എസ്ബിഐ), മൈലപ്ര തെങ്ങുംതറയിൽ സന്തോഷ് ടി. അലക്സാണ്ടർ (റിട്ട. ഹെഡ്മാസ്റ്റർ), തക്കല ആലുമ്മൂട്ടിൽ പരേതയായ ഗീത.

**മാവേലിക്കര:** മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിലെ സീനിയർ വൈദികൻ ചിറക്കടക്കുന്നേൽ ജോൺ കോർ എപ്പിസ്കോപ്പ (88) അന്തരിച്ചു.

## എത്സമ്മ ഏബ്രഹാം

**നെല്ലിക്കൽ:** കളരിക്കൽ പരേതനായ കെ.കെ. ഏബ്രഹാമിന്റെ ഭാര്യ എത്സമ്മ ഏബ്രഹാം (79) അന്തരിച്ചു. കൈപ്പുഴ പായിക്കാട്ടുമ്യാലിൽ കുടുംബാംഗമാണ്. മക്കൾ: ബെൻസി, നാൻസി ജൂലി (എല്ലാവരും യുഎസ്), എബി ഏബ്രഹാം (അസി. മാനേജർ, ഗോകുലം ചിറ്റ്സ്, കോട്ടയം). മരുമക്കൾ: ബിജു തോമസ് കിഴക്കേമുറിയിൽ (റാന്നി), റെജി എം. ഏലിയാസ് മടുക്കുംമൂട്ടിൽ (പൂവന്തുരുത്ത്), ജെനു സക്കറിയ കുന്നത്തിൽ കോട്ടയം (മൂവരും യുഎസ്), സ്മിത എബി മള്ളൂശേരിൽ കോട്ടയം (അദ്ധ്യാപിക, മരിയൻ സ്കൂൾ കളത്തിപ്പടി).

## കെ.ജെ. സാമുവൽ

**തിരുവല്ല:** റിട്ട. ഡെപ്യൂട്ടി കളക്ടർ കുറ്റപ്പുഴ ജെ.പി. നഗർ സ്റ്റേജ് 2 കടാമുള കെ.ജെ. സാമുവൽ (ബേബി–90) അന്തരിച്ചു. ഭാര്യ തടിയൂർ പറമ്പിൽ പി.ജെ. കുഞ്ഞമ്മ. മക്കൾ: ആഷ്ലി സാം, ഷാജി സാമുവൽ ജോസ് (യുഎസ്), ഷിബു സാമുവൽ ജോൺസ് (യുകെ). മരുമക്കൾ: തലയോലപ്പറമ്പ് കുന്നേപറമ്പിൽ ശ്രീനി ഡാനിയൽ ജോൺ, പാമ്പാടി തകിടിയൽ റീന തോംസൺ, മാങ്ങാനം പാറായിൽ സാറാ ജോൺ.

**മൂവാറ്റുപുഴ:** മിഷനറി സൊസൈറ്റി ഓഫ് സെ. തോമസ് ദി അപ്പോസ്തലൻ വൈദികൻ ഫാ. പീറ്റർ കാവുംപുറം (69) അന്തരിച്ചു.

**എസ്.എച്ച് മൗണ്ട്:** സ്രാമ്പിച്ചിറ മേരി ജോസഫ് (93) അന്തരിച്ചു.

**ചങ്ങനാശേരി:** മാർക്കറ്റിൽ പടിഞ്ഞാറേക്കര പി.ജെ. ജെയിംസ് (91) അന്തരിച്ചു.




## വസ്തു വില്പനയ്ക്ക്

കോട്ടയം സംക്രാന്തി-ചെമ്മനംപടി ആറ്റുമാലി റോഡരുകിൽ river frontage ഉള്ളതും വെള്ളം കയറാത്തതുമായ 22.5 സെന്റ് വസ്തു മൊത്തമായോ പ്ലോട്ടുകളായോ വില്പനയ്ക്ക്. കോട്ടയം മെഡിക്കൽ കോളജിലേക്ക് 1200 മീറ്റർ മാത്രം.

**ഫോൺ: + 91 7012562340**

**Email - vidya99@yahoo.com**

## HOUSING PLOTS FOR SALE AT MONIPPALLY

മോനിപ്പള്ളി-ഇലഞ്ഞി റൂട്ടിൽ കല്ലിടുക്കി കവലയ്ക്കു സമീപം മെയിൻ റോഡിൽ നിന്നും 30 മീറ്റർ അകത്തായി പഞ്ചായത്ത് റോഡിന്റെ സൈഡിൽ 70 സെന്റും 54 സെന്റും ഉള്ള രണ്ട് പ്ലോട്ടുകൾ വില്പനയ്ക്ക്.

**Whatsapp +1 630 903 7680**

Two residential plots of 70 cents and 54 cents at Monippally (just 30 Mtrs from Monippally-Elanji Road and on the side of Panchayat Rd) for immediate sale. Serious buyers please contact

**Cell/Whatsapp +1 630 903 7680**

### ഉപകാരസ്മരണ



*Inserted by: Firm Believer, Oklahoma*

### ഉപകാരസ്മരണ



*Inserted by: Firm Believer, Oklahoma*

**Visit Our Website: www.keralaexpress.com for Classified Advt.**

## ELDERLY COUPLE LOOKING FOR LIVE-IN CAREGIVER AT ELMHURST(CHICAGO)

Elderly couple (79 and 80 year old) looking for live-in caregiver, at Elmhurst (Chicago). Duties include assisting with daily activities, light cooking, housework, and overall company.

**Competitive pay, please contact**

**Ginash George 630-975-2525**

**for more information.**

## LAKE HOUSE FOR SALE IN TEXAS

Located 2 hours from DFW on Lone Star Lake. 6 Bedroom/ 3 full Bath, 3324 Sq Feet. Huge Den overlooking the lake. Granite counter tops. New carpet upstairs and new flooring downstairs. Patio in front of kitchen with Pergola. Gazebo located next to patio. 1/2 acre land with sprinkler system and fire pit. New boat house with boat slip and seating area with grill. 2 Car Garage with carport in the front.

$685,000 Only text, no phone calls.

**614-329-9361 John**

## 7 CENT HOUSE PLOT FOR SALE AT PERANDUR, EDAPALLY, KOCHI

Road access, Close to HWY, Hospitals, Churches, and Temples, Airport. Reasonable Price.

**If interested please e mail at**

**skrish3299@yahoo.com**

## LAND FOR SALE

**ARUNOOTTIMANGALAM, 5KM NORTH OF KADUTHURUTHY, KOTTAYAM DISTRICT**

1.8 acres near st. joseph's church, facing main rd. ( 270ft), back borders old paddy field so well water available.

**Contact: USA- 630-209-5535, KERALA- 9447572102**

### *Favors Received*



*Inserted by: Firm Believer, Chicago*

### *Favors Received*



*Inserted by: Firm Believer, Chicago*

### കഥ ഇതുവരെ

**പത്രപ്രവർത്തകനായ സന്ദീപും സുന്ദരിയായ അല്ലിമയും പ്രണയത്തിലായിരുന്നു. വിവാഹാലോചന വന്നപ്പോൾ സന്ദീപിന്റെ അച്ഛൻ ഹൈക്കോടതി ജഡ്ജി ജയദേവൻ നമ്പ്യാർ ജാതകത്തിനു നിർബന്ധം പിടിച്ചു. അല്ലിമ ദത്തുപുത്രിയാണെന്ന് അച്ഛൻ രാജഗോപാലിനു പറയേണ്ടിവരുന്നു. അല്ലിമയുടെ ജനനസമയവും മാതാപിതാക്കളെയും കണ്ടുപിടിക്കാനുള്ള അന്വേഷണവുമായി പോണ്ടിച്ചേരിയിലെത്തിയ സന്ദീപും ബന്ധുവായ കിഷോറും അല്ലിമയെ പ്രസവിച്ചത് മുത്തശ്ശിയുടെ അനുജത്തി മല്ലികച്ചിറ്റയുടെ മകൾ മാളവികയാണെന്നു മനസ്സിലാക്കി. ബസ് കണ്ടക്ടറായിരുന്ന ചന്ദ്രബാബുവിനെ പ്രണയിച്ച് രജിസ്റ്റർ വിവാഹം കഴിച്ച മാളവിക, ഭർത്താവിന്റെ കുടുംബത്തോടൊപ്പം നാടുവിട്ടുപോകുകയായിരുന്നു. പിന്നീട് ചന്ദ്രബാബുവിനെ കാണാതായി. മല്ലികയുടെ സഹോദരന്റെ മകളുടെ ഭർത്താവ് ഡിവൈഎസ്പി ഹേമചന്ദ്രന്റെ ബുദ്ധിയായിരുന്നു അതിനു പിന്നിൽ. ചന്ദ്രബാബുവിന്റെ തിരോധാനവുമായി ബന്ധപ്പെട്ട വിവരങ്ങൾ സന്ദീപ് പരമ്പരയായി പത്രത്തിൽ പ്രസിദ്ധീകരിച്ചു. അതോടെ കേസ് പുനരന്വേഷണം തുടങ്ങി. ഹേമചന്ദ്രനും ബാലകൃഷ്ണമേനോനുമൊക്കെ പ്രതിയായി. കല്ലാറ്റുപടിക്കലെ തോട്ടത്തിൽ മണ്ണുമാന്തി ഉപയോഗിച്ചു നടത്തിയ പരിശോധനയിൽ അസ്ഥികളും മറ്റും കണ്ടെടുത്തു. പിടിയിലാകുമെന്നുറപ്പായപ്പോൾ ബാലകൃഷ്ണമേനോൻ സ്വയം വെടിവെച്ചു മരിച്ചു. കിളിമാനൂരിലെ മാനസികാരോഗ്യകേന്ദ്രത്തിൽവെച്ച് മാളവികയെ കണ്ട അല്ലിമ അമ്മയെ ഒപ്പംനിന്നു ശുശ്രൂഷിക്കണമെന്നു വാശിപിടിക്കുന്നു...**

# കാണാത്ത തീരങ്ങൾ

ജോയ്സി

116

സ്കാനിങ് റിപ്പോർട്ടുകളും എൻഡോസ്കോപ്പിയുടെ റിപ്പോർട്ടും പരിശോധിച്ച ശേഷം ഡോക്ടർ പത്മകുമാർ സന്ദീപിനോടു പറഞ്ഞു:

“അവരുടെ ഡയഗ്നോസിസ് ശരിയാണ്. കുടലിൽ നിറയെ വ്രണങ്ങൾ. ഗ്യാസ്ട്രിക് അൾസർ.”

“നമുക്കെന്തെങ്കിലും ചെയ്യാനുണ്ടോ?”

“ഞാനിപ്പറഞ്ഞ സംഗതി കാൻസറസ് ആയി മാറിക്കഴിഞ്ഞു. സ്പ്രെഡ് ചെയ്തിട്ടുണ്ട്.”

“ഓപ്പറേഷൻ ചെയ്തു രക്ഷപ്പെടുത്തുന്ന കേസുകളില്ലേ?”

“കാൻസറസ് ആയ ഭാഗങ്ങൾ റിമൂവ് ചെയ്യുക എന്നതാണ് ഓപ്പറേഷൻകൊണ്ട് ഉദ്ദേശിക്കുന്നെ. ഒന്നാമത്തെ പ്രശ്നം വൈഡ്‌ലി സ്പ്രെഡ് ആയിക്കഴിഞ്ഞു. രണ്ടാമത്തേത് ഒരു മേജർ സർജറിയെ ഓവർകം ചെയ്യാനുള്ള ഫിസിക്കൽ ഹെൽത്ത് പേഷ്യന്റിനില്ല എന്നതാണ്.”

ഡോക്ടർ പത്മകുമാർ വിശദീകരിച്ചു.

“നല്ല ഫുഡും മെഡിസിനും കൊടുത്താൽ ആരോഗ്യം മെച്ചപ്പെട്ടു കിട്ടില്ലേ ഡോക്ടർ? ഇപ്പോ പെട്ടെന്ന് ഹെൽത്തി ആകാനുള്ള ഫുഡ് സപ്ലിമെന്റ് ഒക്കെയുണ്ടല്ലോ.”

ഡോക്ടർ പത്മകുമാർ ചിരിച്ചു.

“വെന്റിലേറ്റർ സൗകര്യമൊക്കെ ഇങ്ങനെയുള്ള പേഷ്യന്റിനു വേണ്ടിയുള്ളതല്ലേ?” സന്ദീപ് സംശയം പ്രകടിപ്പിച്ചു.

“ഓക്സിജൻ ലെവൽ തീരെ താഴ്ന്നുപോയാൽ ജീവൻ പിടിച്ചു നിർത്താനുള്ള ഒരു മെഷീൻ മാത്രമാണത്. മെഷീൻ മാറ്റുമ്പോ ബോഡി തനിയെ അതിന്റെ ഫങ്ഷൻസ് ചെയ്യണം. അതിനുള്ള ആരോഗ്യം ഈ പേഷ്യന്റിനില്ല.”

“അപ്പോ പ്രതീക്ഷയ്ക്കു വകയൊന്നുമില്ലേ?”

“ഞാനൊന്നു ചോദിക്കട്ടെ- എന്തിനാ? ആ സ്ത്രീ രക്ഷപ്പെട്ടിട്ട് എന്തു ചെയ്യാനാ? അവർക്ക് ആരേം അറിയില്ല. അൽഷിമേഴ്സ് വന്ന് ഓർമ മിക്കവാറും നഷ്ടപ്പെട്ടു കഴിഞ്ഞു. ഇത്ര പരിതാപകരമായ അവസ്ഥേൽ അവരുടെ ജീവിതം കുറേക്കൂടി നീട്ടിക്കൊണ്ടു പോയിട്ട് എന്തിനാണെന്നാ എന്റെ ചോദ്യം.”

“ഡോക്ടർ, അവരുടെ മോളാണ് ബൈസ്റ്റാൻഡറായിട്ട് കൂടെ നിൽക്കുന്നത്. ആ സ്ത്രീ സ്വന്തം കുഞ്ഞിനെ ഒരു പക്ഷേ കണ്ടിട്ടുകൂടിയുണ്ടാകില്ല. ഇപ്പോ സംഭവിച്ചിരിക്കുന്നത് എന്താണെന്നു വെച്ചാ അമ്മയ്ക്ക് മകളെ തിരിച്ചുകിട്ടുകയല്ല, മകൾക്ക് അമ്മയെയാണ് തിരിച്ചു കിട്ടിയിരിക്കുന്നത്.”

“സംഭവങ്ങളൊക്കെ ഞാൻ ന്യൂസ് പേപ്പറിലും ചാനലിലും വാച്ച് ചെയ്തതാണ്. പക്ഷേ, ആ അമ്മയ്ക്കറിയില്ലല്ലോ അതു മകളാണെന്ന്. ഇനി അറിയാനും പോകുന്നില്ല. പിന്നെന്തു കാര്യം?”

“മകൾ അമ്മയെ തിരിച്ചറിഞ്ഞല്ലോ. മകൾക്കാണ് അമ്മയെ വേണ്ടത്- അമ്മയ്ക്ക് മകളെയല്ല...”

“ഓക്കെ. എനിക്കു മനസ്സിലായി. ഇപ്പോ അതൊക്കെ നല്ലതാണ്. പക്ഷേ, കുറച്ചു കഴിയുമ്പോ അമ്മയുടെ ദുരിതവും വേദനയും കണ്ടിട്ട് ആ മകൾക്കു തോന്നും അവർ മരിച്ചു പോകുന്നതായിരുന്നു നല്ലതെന്ന്.”

സന്ദീപിന്റെ മുഖത്ത് നിരാശ വന്നു മൂടി.

“ഞാൻ വല്യ പ്രതീക്ഷയോടെയാ ഡോക്ടറെ കണ്ടത്. എന്നെക്കാൾ പ്രതീക്ഷയിലിരിക്കുകാ അല്ലിമ.”

“നമുക്കെന്തു ചെയ്യാൻ കഴിയും? ഇവിടത്തെ ഐസി യൂണിറ്റുകളിൽ ദിവസവും ഡെത്ത് സംഭവിക്കുന്നുണ്ട്. പല പ്രായത്തിലുള്ളവർ. പലതരത്തിലുള്ള രോഗങ്ങൾ. എല്ലാവരെയും രക്ഷിക്കണമെന്നാ ഞങ്ങൾടെ ആഗ്രഹം. പക്ഷേ...”

“ഞാൻ ചെന്ന് ആ കുട്ടിയോട് എങ്ങനെ പറയുമെന്നാണ്...”

“പേഷ്യന്റിന്റെ ഹെൽത്ത് സ്റ്റേബിളാകുമ്പോ ഓപ്പറേഷൻ നടത്താമെന്നു പറഞ്ഞാ മതി. അത് സത്യമാണല്ലോ.”

ഡോക്ടർ പത്മകുമാർ സ്കാനിങ് റിപ്പോർട്ടുകൾ എല്ലാം, വലിയ ഹോസ്പിറ്റൽ എൻവലപ്പിനുള്ളിൽ പാക്ക് ചെയ്ത് സന്ദീപിന്റെ നേർക്കു നീട്ടി.

സന്ദീപ് എഴുന്നേറ്റു.

“താങ്ക്യൂ ഡോക്ടർ.”

“വെൽക്കം... സീ യൂ.”

സന്ദീപ് കൺസൽറ്റിങ് റൂമിൽനിന്ന് ഇറങ്ങി നൈരാശ്യത്തോടെ ഗ്രൗണ്ടിലേക്കു നടന്നു.

ഇനി എന്ത് എന്ന ചോദ്യം ഉത്തരമില്ലാതെ ചിന്തയിൽ കുരുങ്ങിക്കിടക്കുന്നു.

അശ്വനി ഹോസ്പിറ്റലിലെ ഡോക്ടർ വിജയ് മോഹന്റെ ഉപദേശം സ്വീകരിച്ചാണ് സന്ദീപ് മാളവികയെ തിരുവനന്തപുരത്തെ സൂപ്പർ സ്പെഷൽറ്റി ഹോസ്പിറ്റലിലേക്കു കൊണ്ടുവന്ന് വിദഗ്ധ പരിശോധനകൾക്കു വിധേയമാക്കിയത്. അതെല്ലാം തീർന്നു കിട്ടാൻതന്നെ രണ്ടു ദിവസമെടുത്തു. രണ്ടു ദിവസവും കിളിമാനൂരിലെ അശ്വനി ഹോസ്പിറ്റലിൽനിന്ന് ആംബുലൻസിലാണ് മാളവികയെ തിരുവനന്തപുരത്തു കൊണ്ടുവന്നതും തിരികെ കൊണ്ടുപോയതും.

രക്തപരിശോധനകളുടെ റപ്പോർട്ടും സ്കാനിങ് റിപ്പോർട്ടും കിട്ടാൻ പിന്നെയും ഒരു ദിവസംകൂടി വേണ്ടിവന്നു. ഗ്യാസ്ട്രോ എൻട്രോളജി ഡിപ്പാർട്ട്മെന്റ് ചീഫാണ് ഡോക്ടർ പത്മകുമാർ. അദ്ദേഹം കയ്യൊഴിഞ്ഞാൽ പിന്നെ ആശയ്ക്കു വകയില്ലെന്നുതന്നെ അർത്ഥം.

സന്ദീപ് പാർക്കിങ് ഗ്രൗണ്ടിലെത്തി റിപ്പോർട്ടുകളടങ്ങിയ കവർ സീറ്റിലേക്കിട്ടു. കാർ വെയിലത്ത് ചുട്ടു പഴുത്തിരുന്നു. ഡോറുകൾ തുറന്നിട്ട് കാർ സ്റ്റാർട്ട് ചെയ്ത് എസിയും ഓൺ ചെയ്ത് സീറ്റിൽ ചാരിയിരുന്നു. കാറിനുള്ളിലെ വായുവിന്റെ ചൂട് അസഹ്യമായിരുന്നു.

സന്ദീപിന്റെ ഫോണിലേക്ക് കോൾ വരുന്നുണ്ടായിരുന്നു. ഡിസ്പ്ലേ നോക്കിയപ്പോൾ കിഷോർ.

“ഹലോ... നീ എത്തിയോ കിച്ചൂ?”

“ങ്ഹാ... ഹോസ്പിറ്റലിന്റെ ഗേറ്റിലൊണ്ട്. സന്ദുവേട്ടന്റെ കാർ കാണുന്നില്ല.”

“ഞാൻ തിരുവനന്തപുരത്താ.”

“ശ്ശെടാ... ഞങ്ങളിനി എന്തു ചെയ്യും?”

“ഞങ്ങളോ? ആരാ ഈ ഞങ്ങൾ?”

“സോഫി വന്നിട്ടുണ്ട് എന്റെ കൂടെ.”

“എന്തിന്?” സന്ദീപിന് എന്തുകൊണ്ടോ നീരസമാണു തോന്നിയത്.

“അവൾക്ക് അല്ലിമേടമ്മയെ കാണണംന്ന് ഒരാഗ്രഹം. അവളല്ലേ നമുക്കു വഴികാട്ടിത്തന്നത്.”

“ങാ... ഞാനിവിടുന്ന് തിരിക്കുന്നതേയുള്ളൂ. ഒരു മണിക്കൂറെങ്കിലും വേണ്ടിവരും അവിടെത്താൻ. നിങ്ങൾ ഹോസ്പിറ്റലിൽ കേറി ഡോക്ടർ വിജയ് മോഹനെ കാണണം. അദ്ദേഹത്തോട് ഞാനിപ്പത്തന്നെ ഫോൺ ചെയ്തു പറഞ്ഞോളാം.”

“ഓക്കെ.” കിഷോർ പറഞ്ഞു.

സന്ദീപ് കോൾ കട്ട് ചെയ്തിട്ട് കാർ സ്റ്റാർട്ട് ചെയ്തു. പാർക്കിങ് ഗ്രൗണ്ടിൽ നിന്നു റോഡിലേക്കു കാറിറക്കി.

*** *** ***

കുളിമുറിയിലെ കസേരയിലിരുത്തി കുളിപ്പിച്ചു തുവർത്തിയ ശേഷം മാളവികയെ തോളത്തെടുത്തുകൊണ്ടാണ് അല്ലിമ കിടക്കയിലേക്കു കൊണ്ടുവന്നത്. പത്തോ പന്ത്രണ്ടോ വയസ്സുള്ള ഒരു ബാലികയെ എടുക്കുന്നത്ര ഭാരമേ ഉണ്ടായിരുന്നുള്ളൂ.

ബെഡ്ഷീറ്റുകളും പാഡുകളും പില്ലോകവറുകളും എല്ലാം അതിനു മുൻപേതന്നെ മാറ്റി പുതിയവ ഇട്ടിട്ടുണ്ടായിരുന്നു.

അല്ലിമ ഒരു കുട്ടിയെ ഡ്രസിടുവിക്കുംപോലെ മാളവികയെ അലക്കിയ ഗൗൺ ധരിപ്പിച്ചു. തന്റെ ദേഹത്തേക്കു ചേർത്തിരുത്തി മുടി ചീകി മെടഞ്ഞു കൊടുത്തു.

മാളവിക ചിരിയോടെ ഇരുന്നു. ഇടയ്ക്ക് അല്ലിമയെ ‘അമ്മ’ എന്നു വിളിച്ചു. ആദ്യമൊക്കെ ആ വിളി കേൾക്കുമ്പോൾ അല്ലിമ വിചാരിച്ചത് അമ്മ തന്നെ തിരിച്ചറിഞ്ഞുവെന്നും തന്റെ അമ്മയാണ് എന്നു പറുകയാണെന്നുമായിരുന്നു. പക്ഷേ, പിന്നീടു മനസ്സിലായി, അമ്മ തന്നെയാണ് അമ്മ എന്നു വിളിക്കുന്നത്. അമ്മയാണ് തന്റെ മകൾ. ഭക്ഷണം കോരിക്കൊടുക്കുന്നു, മടിയിൽ കിടത്തുന്നു, കുളിപ്പിക്കുന്നു, വസ്ത്രം ഇടുവിക്കുന്നു, മടിയിൽ കിടത്തി തലോടി ഉറക്കുന്നു.... ഒരമ്മ സ്വന്തം കുഞ്ഞിന് ചെയ്തു കൊടുക്കുന്നതു പോലെ. അതുകൊണ്ടാവാം തന്നെ അമ്മയെന്നു വിളിക്കുന്നത് എന്ന് വിചാരിച്ചു.

അതൊന്നുമല്ല യഥാർത്ഥ സംഗതി എന്നറിയാൻ പിന്നെയും സമയമെടുത്തു.

അല്ലിമ മാളവികയ്ക്ക് ടാൽക്കം പൗഡർ ഇട്ടുകൊടുത്തു. മുഖത്തു ക്രീം പുരട്ടി. മടിയിലേക്കു കിടത്തി. ചിരിച്ചുകൊണ്ട് മാളവിക അവളുടെ നേർക്കു വിരൽ ചൂണ്ടി അമ്മേ- എന്നു വിളിച്ചു.

അല്ലിമ ആ കൈപിടിച്ച് വിരലിൽ ഉമ്മവച്ചു. എന്നിട്ട് സങ്കടത്തോടെ പറഞ്ഞു:

“ഞാനമ്മയല്ല.... ഈ അമ്മേടെ മോളാ.... എന്നെ മോളേന്നു വിളിക്ക്. ഒരു പ്രാവശ്യം.... ഒന്നു വിളിക്ക്.... മോളേ...ന്ന്.”

അപ്പോഴും മാളവിക വിരൽ ചൂണ്ടിക്കൊണ്ട് ശബ്ദമില്ലാതെ ചിരിച്ച് വിളിച്ചു-

“അമ്മേ....”

“ഞാൻ മോള്.... മോൾ.....”

അല്ലിമ സ്വയം തൊട്ടുകാണിച്ചു. “ഇത് അമ്മ. എന്റെ അമ്മ.”

അവൾ ചൂണ്ടുവിരൽ കൊണ്ട് മാളവികയുടെ കവിളത്തു തൊട്ടു.

“അമ്മേ....” മാളവിക ഉരുവിട്ടു.

“ഇത് എന്റെ അമ്മ.... ഞാൻ മോൾ.... മോള്.... മോളേന്ന് വിളിക്ക്....”

“അം...മ്മ.” അല്ലിമയെ തൊട്ട് മാളവിക വിളിച്ചു. അല്ലിമ സങ്കടത്തോടെ അവരെ രണ്ടു കൈകൊണ്ടും വാരിയെടുത്ത് നെഞ്ചോടടുക്കിപ്പിടിച്ചു. അവൾക്കു കരച്ചിലും വന്നു.

ഡ്യൂട്ടി നേഴ്സ് വാതിൽക്കലെത്തി രണ്ടു പേർ കാണാൻ വന്നിട്ടുണ്ടെന്ന് അറിയിച്ചു. അല്ലിമ ബെഡിൽനിന്ന് എണീറ്റു നോക്കുമ്പോൾ അഴിവാതിലിനപ്പുറം നേഴ്സ്. അതിനു പുറകിൽ കിഷോറും സോഫിയായും.

അല്ലിമ വേഗം വാതിൽക്കലേക്കു ചെന്നു. നേഴ്സ് വാതിൽ തുറന്നു കഴിഞ്ഞു. കിഷോറും സോഫിയായും അല്ലിയെ അകാംക്ഷയോടെ നോക്കി.

"ഞങ്ങൾക്ക് അകത്തോട്ടു വരാൻ പറ്റ്വോ?"

"കേറി വാ...." അല്ലിമ ക്ഷണിച്ചു.

അവളുടെ കണ്ണിലെ നനവ് സോഫിയ കണ്ടു.

"അല്ലിമ സങ്കടപ്പെട്ടിരിക്കുവായിരുന്നോ?"

"എന്താ അങ്ങനെ ചോദിച്ചേ?" അല്ലിമ തിരക്കി.

"കണ്ണിൽ നനവ് കാണാം."

"ഈ കുട്ടിക്ക് എപ്പോഴും സങ്കടമേയൊള്ളൂ." നേഴ്സ് പറഞ്ഞു: "ഞങ്ങള് വന്ന് നോക്കുമ്പഴെല്ലാം കണ്ണ് തൊടയ്ക്കണതു കാണാം."

കിഷോറും സോഫിയായും കിടക്കയ്ക്ക് അരികെ ചെന്നു. മാളവിക കിടക്കയിൽ കുറുകെ എന്നവണ്ണമാണു കിടക്കുന്നത്.



"ഇതെന്താ ഇങ്ങനെ?"

സോഫിയ ചോദിച്ചു.

"ഞാനമ്മയെ കെട്ടിപ്പിടിച്ച് വർത്തമാനം പറഞ്ഞോണ്ടിരിക്കുവാരുന്നു. അപ്പഴാ നിങ്ങള് വന്നത്." അല്ലിമ പുറംകൈകൊണ്ട് കണ്ണുകൾ തൂത്തു.

"അമ്മ വർത്തമാനം പറയ്വോ?"

"ഞാനമ്മയോടു പറയും. കൂടക്കൂടെ ഞാനമ്മയോടു മിണ്ടിക്കൊണ്ടിരിക്കും."

"എല്ലാം നല്ല നീറ്റാണല്ലോ. നേഴ്സിങ് അസിസ്റ്റന്റ്സ് എല്ലാ ദിവസോം വന്ന് ക്ലീൻ ചെയ്യുന്നുണ്ടല്ലേ?"

സോഫിയ തിരക്കി.

"ഞാനാ അമ്മേടെ നേഴ്സിങ് അസിസ്റ്റന്റ്."

"ഞങ്ങളെ ആരേം അടുപ്പിക്കത്തേയില്ല." ഡ്യൂട്ടി നേഴ്സ് വാതിൽക്കൽ നിന്നു പറഞ്ഞു: "കെയറ് ചെയ്യാനൊക്കെ ഞങ്ങളോടു ചോദിച്ച് ഒറ്റ ദിവസം കൊണ്ടുതന്നെ പഠിച്ചു." നേഴ്സ് വാതിൽ ചാരിയിട്ട് തിരികെ പോയി.

"സന്ദീപേട്ടൻ തിരുവനന്തപുരത്ത് ഹോസ്പിറ്റലിൽ പോയതാ. നിങ്ങള് വരുന്ന് പറഞ്ഞിട്ടുണ്ടാരുന്നോ?" അല്ലിമ ചോദിച്ചു.

"ഒന്നു സൂചിപ്പിച്ചിരുന്നു. ഞങ്ങളിവിടെ എത്തിയപ്പോ വിളിച്ചു. ഇങ്ങ്ട് തിരിച്ചെന്നാ പറഞ്ഞത്." സോഫിയ മാളവികയെ അടിമുടി നോക്കി.

"ബോഡി തീരെ വീക്കാണല്ലോ."

"ഉം.... ഇതിലും കഷ്ടമായിരുന്നു. ബെഡ്സോറും പെയ്നും.... ഇപ്പോ കുറച്ച് ബെറ്ററായതാ." അല്ലിമ പറഞ്ഞു.

സോഫിയ മാളവികയുടെ കൈത്തണ്ട പിടിച്ച് നാഡിമിടിപ്പ് നോക്കി.

മാളവിക അവളെ നോക്കി ചിരിച്ചു.

അല്ലിമ വെറുതെ പരിചയപ്പെടുത്തി.

"ഇത് സോഫിയ. അമ്മ പണ്ട് എന്നെ പ്രസവിച്ച ഹോസ്പിറ്റലില്ലേ.... പോണ്ടിച്ചേരീലെ ക്ലൂണി ഹോസ്പിറ്റൽ. അവിടത്തെ നേഴ്സാ."

മാളവിക സോഫിയായുടെ നേർക്ക് വിരൽ ചൂണ്ടി.

"അം...മ്മ...."

"ഇതാരാണെന്നു പറയട്ടെ."

കിഷോറിനെ കാട്ടി അല്ലിമ മാളവികയുടെ ശ്രദ്ധ ക്ഷണിച്ചു.

"ഇതാണ് കിഷോർ. ദേ, ഈ സുന്ദരിക്കുട്ടിയെ കല്യാണം കഴിക്കാൻ പോണ ആൾ...."

സോഫിയാക്കു നാണം വന്നു.

കിഷോർ പുഞ്ചിരി തൂകി. അവന്റെ നേർക്കും മാളവിക ചൂണ്ടി.

"അം... മ്മ...."

"അമ്മയോ!"

സോഫിയ ആശ്ചര്യപ്പെട്ടു.

"എന്നേം അമ്മേന്നു വിളിക്കും." അല്ലിമ പറഞ്ഞു: "എനിക്കതു കേൾക്കുമ്പോ നെഞ്ച് പൊടിയണ പോലെയാ. എന്നെ മോളേന്നു വിളിച്ചു കേൾക്കാൻ കൊതിയാ.... അപ്പഴാ അമ്മ...." അല്ലിമയുടെ കണ്ഠം ഇടറി.

"അതെന്താ അമ്മേന്നു വിളിക്കണത്?" സോഫിയ ചോദിച്ചു.

"ഈ ഹോസ്പിറ്റലിൽ വന്നപ്പഴേ അങ്ങനെയാരുന്നത്രേ. ഇതിനു മുൻപ് ചികിത്സിച്ച ഹോസ്പിറ്റലിലെ നേഴ്സുമാരിൽ കുറെ പേർ ക്രിസ്ത്യൻ നൺസ് ആയിരുന്നത്രെ. സന്ദീപേട്ടൻ അന്വേഷിട്ടു പറഞ്ഞതാ. അവരെ അമ്മേന്നു വിളിച്ച് പിന്നെ ഓർമ്മ പോയപ്പോ ആ വാക്ക് മാത്രം ബാക്കിയായി. എല്ലാവരും അമ്മയാ.... ഡോക്ടറും നേഴ്സും കുടിക്കുന്ന വെള്ളോം പുതയ്ക്കുന്ന പുതപ്പും തലയണേം.... ഈ നിൽക്കുന്ന ഞാനും അമ്മയാ...."

അല്ലിമയുടെ കണ്ണിൽ നനവൂറി വന്നു. അവൾ തെല്ലു മാറി, തിരിഞ്ഞുനിന്ന് കണ്ണുതുടച്ചു. സോഫിയ അടുത്തേക്കു ചെന്നു.

"സ്കാനിങ്ങും എൻഡോസ്കോപ്പിയും എല്ലാം നോക്കീട്ട് ഡോക്ടേഴ്സ് എന്താ പറയുന്നെ? രക്ഷപ്പെടുത്തിയെടുക്കാൻ പറ്റില്ലേ.... ഓർമ്മ തിരിച്ച് കിട്ടോ?"

"എനിക്കൊന്നും അറിയില്ല സോഫീ. അമ്മ എന്നെയൊന്ന് തിരിച്ചറിഞ്ഞിരുന്നെങ്കി.... ഞാൻ അമ്മേടെ മോളാണെന്ന് അമ്മ അറിയുന്നില്ലല്ലോന്ന് ഓർക്കുമ്പോ എനിക്ക് സഹിക്കാൻ പറ്റണില്ല. എന്തൊരു വേദനയാ അത്."

കിഷോർ അവരുടെ അടുത്തേക്കു ചെന്നു.

"സന്ദുവേട്ടൻ ഡോക്ടറെ കാണാൻ വേണ്ടി പോയതല്ലേ? കണ്ടിട്ട് ഇങ്ങോട്ടു വിളിച്ചോ?"

"ഇല്ല... വരുമ്പോ പറയൂല്ലോ. എനിക്ക് ഒന്നും ചോദിക്കാൻ തോന്നൂല്ല. എനിക്കുവേണ്ടിയല്ലേ ഈ ഓട്ടം മുഴുവൻ."

"സാരമില്ലന്നേ. എല്ലാം ശരിയാകും."

സോഫിയ അവളെ സാന്ത്വനിപ്പിക്കാൻ ശ്രമിച്ചു.

*** *** ***

ജോലി കഴിഞ്ഞ് ശ്രീലക്ഷ്മിയും രാജഗോപാലും ഒന്നിച്ചാണു വീട്ടിലെത്തിയത്.

ചായ കുടിച്ചുകൊണ്ട് രാജഗോപാൽ സിറ്റൗട്ടിലിരിക്കുമ്പോൾ ഗേറ്റ് തുറക്കുന്ന ശബ്ദം കേട്ടു. കിഷോറാണ്.

രാജഗോപാൽ ഉടൻതന്നെ ശ്രീലക്ഷ്മിയെ വിളിച്ച് ഒരു ചായ കൂടി എടുക്കണമെന്നു പറഞ്ഞു. കിഷോർ സിറ്റൗട്ടിന്റെ പടിയിൽ ചെരുപ്പഴിച്ചുവെച്ചു.

"കേറിയിരിക്കു കിച്ചൂ... എപ്പോ തിരിച്ചെത്തി?

"നാലുമണി കഴിഞ്ഞു."

കിഷോർ കസേരയിൽ ഇരുന്നു.

"ഒറ്റയ്ക്ക് കാറോടിച്ചു പോയോ? അതോ ബസിലോ?"

"കാറിൽ പോയി."

"പറയൂ.... അല്ലിമോളേം മാളവികേം കണ്ടല്ലോ അല്ലേ?"

"കണ്ടു. സന്ദുവേട്ടൻ ട്രിവാൻഡ്രത്തിനു പോയിരിക്കയായിരുന്നു. മെഡിക്കൽ ചെക്കപ്പിന്റെ ഡീറ്റേൽസ് അറിയാൻ."

"അതെന്തായി?" ശ്രീലക്ഷ്മി അപ്പോഴേക്കും ഒരു കപ്പ് ചായ കൊണ്ടുവന്ന് കിഷോറിനു കൊടുത്തു.

"താങ്ക്യൂ ആന്റീ...."

"ഡോക്ടേഴ്സ് എന്താ പറയുന്നെ?" രാജഗോപാൽ വീണ്ടും ചോദിച്ചു. ശ്രീലക്ഷ്മിയും ഒരു കസേരയിൽ ഇരുന്നു.

"മൂന്നു മാസത്തിനപ്പുറത്തേക്കു പോകുന്നതു സംശയമാണെന്നാ. അതിപ്പോ വല്ലാതെ സ്പ്രെഡായിക്കഴിഞ്ഞു."

"അല്ലിമോളറിഞ്ഞോ?"

ശ്രീലക്ഷ്മി ചോദിച്ചു.

"ഇല്ല– പറഞ്ഞിട്ടില്ല. കുറച്ചു മെഡിസിൻ കഴിക്കണം. ആരോഗ്യസ്ഥിതി മെച്ചപ്പെടണം. എന്നിട്ട് സർജറി നടത്താം എന്നൊക്കെയാണ് ഡോക്ടർ പറഞ്ഞിരിക്കുന്നതെന്നാ....."

"അതുമതി.... അങ്ങനെ മതി." രാജഗോപാലിന് ആശ്വാസമായി.

"മണിമല വീട്ടീന്ന് ആരെങ്കിലും മാളവികയെ കാണാൻ വന്നോ?" ശ്രീലക്ഷ്മി ചോദിച്ചു.

"ഇല്ല. അവർക്ക് മാറ്റമൊന്നും. ഇല്ല. സന്ദുവേട്ടൻ ഒരു ഹൈക്കോടതി അഡ്വക്കേറ്റിനെക്കൊണ്ട് അല്ലിമയുടേതായിട്ട് എന്തൊക്കെയോ കേസിന് മൂവ് ചെയ്യുന്നുണ്ട്. ബാങ്ക് അക്കൗണ്ടുകൾ ഫ്രീസ് ചെയ്യണമെന്നും സ്വത്തുവകകളുടെ ഇടപാടുകൾക്ക് സ്റ്റേ ഓർഡർ കൊടുക്കണമെന്നും നിലവിലുള്ള എല്ലാ സ്വത്തിനും അല്ലിമയ്ക്കുകൂടി തുല്യ അവകാശം സ്ഥാപിക്കണമെന്നും.... അങ്ങനെ...."

"അതു വേണ്ടിയിരുന്നോ?" ശ്രീലക്ഷ്മി സംശയം പ്രകടിപ്പിച്ചു.

"വേണം വേണം. ഒന്നാമത് അതിനുള്ള റൈറ്റ് അല്ലിമയ്ക്കുണ്ട്. അതു കിട്ടീട്ട് സുഖിച്ചു ജീവിക്കാനല്ല. ഇല്ലാത്തവർക്ക് ദാനം ചെയ്യാമല്ലോ. ദുഷ്ടരുടെ കയ്യിലിരിക്കുന്നതിനേക്കാൾ എന്തുകൊണ്ടും നല്ലതാ." കിഷോർ പറഞ്ഞു.

"അല്ലിമോൾക്കവിടെ വിഷമമൊന്നുമില്ലല്ലോ?" രാജഗോപാൽ ചോദിച്ചു.

"സങ്കടമാണ്. മാളവികയെ കാണുമ്പോ നമുക്കും സങ്കടം തോന്നും. കുഞ്ഞിനെ നോക്കുന്നപോലെയാ അല്ലിമ അവരെ നോക്കുന്നത്."

"മറ്റന്നാൾ നമുക്ക് പോയി അല്ലിമോളെ കാണണം." ശ്രീലക്ഷ്മി ഭർത്താവിനോടായി പറഞ്ഞു.

"ആരെങ്കിലും ഇടയ്ക്കു ചെല്ലണം. സന്ദുവേട്ടൻ ഹരിപ്പാട്ടേയ്ക്കു തിരിച്ചു പോയി."

കിഷോർ പറഞ്ഞു. എന്നിട്ട് കയ്യിലിരുന്ന ചായക്കപ്പ് ചുണ്ടോടടുപ്പിച്ചു.

രാജഗോപാൽ മെല്ലെ തലയാട്ടി.

*** *** ***

ചന്ദ്രബാബു വധക്കേസിലെ പ്രതികൾക്കെല്ലാം ജാമ്യം അനുവദിച്ചുകൊണ്ട് കോടതി ഉത്തരവായി. പോലീസിന്റെ കേസന്വേഷണം മിക്കവാറും പൂർത്തിയായിക്കഴിഞ്ഞിരുന്നു. ഒരു പോലീസ് സംഘം പോണ്ടിച്ചേരിയിൽ പോയും അന്വേഷണം നടത്തിയിട്ടുണ്ടായിരുന്നു.

(ശേഷം 30–ാം പേജിൽ)

# ഐഎസ്ആർഒ ഗൂഢാലോചനകേസ്; പ്രതികൾക്ക് ജാമ്യം

തിരുവനന്തപുരം: ഐഎസ്ആർഒ ചാരക്കേസുമായി ബന്ധപ്പെട്ട ഗൂഢാലോചനക്കേസിലെ പ്രതികൾക്ക് ജാമ്യം. കേസിലെ രണ്ടാംപ്രതി മുൻ ഡിജിപി സിബി മാത്യൂസ്, നാലും അഞ്ചും പ്രതികളായ മുൻ ഡിജിപി ആർ. ബി. ശ്രീകുമാർ, മുൻ ഐബി ഉദ്യോഗസ്ഥൻ ജയപ്രകാശ് എന്നിവർക്കാണ് ജാമ്യം ലഭിച്ചത്. തിരുവനന്തപുരം ചീഫ് ജുഡീഷ്യൽ മജിസ്ട്രേട്ട് കോടതിയാണ് കേസ് പരിഗണിക്കുന്നത്.

കേസിലെ ഒന്നാംപ്രതി മുൻ എസ് പി എസ്. വിജയൻ, മുൻ എസ്പി കെ. കെ. ജോഷ്വ എന്നിവർ കോടതിയിൽ ഹാജരായില്ല. കോടതിയിൽ ഹാജരാകാൻ ഇവർക്ക് കോടതി നിർദേശം നല്കി. ചാരക്കേസിൽ നമ്പി നാരായണനെ അടക്കം പ്രതിയാക്കിയതിന്റെ ഗൂഢാലോചന സംബന്ധിച്ച് സിബിഐ അന്വേഷണത്തിന് സുപ്രീംകോടതി ഉത്തരവ് നല്കിയിരുന്നു.

സിബിഐ സമർപ്പിച്ച കുറ്റപത്രത്തിൽ കേസിൽ ഗൂഢാലോചന നടന്നതായി കണ്ടെത്തിയിരുന്നു.

## 'മുഡ' ഭൂമികൈമാറ്റം; സിദ്ധരാമയ്യ ഒന്നാം പ്രതി

ബെംഗളൂരു: മൈസൂരു അർബൻ വികസന അതോറിറ്റി (മുഡ) ഭൂമി കൈമാറ്റത്തിൽ കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യയെ ഒന്നാംപ്രതിയാക്കി ലോകായുക്ത കേസ് രജിസ്റ്റർ ചെയ്തു. മൈസൂരുവിലെ ലോകായുക്ത പോലീസാണ് കേസെടുത്തത്. സിദ്ധരാമയ്യയുടെ പേരിൽ കേസെടുക്കാൻ, ജനപ്രതിനിധികളുടെ കേസുകൾ കൈകാര്യം ചെയ്യുന്ന ബെംഗളൂരുവിലെ പ്രത്യേക കോടതി സെപ്റ്റംബർ 25-ന് നിർദേശം നൽകിയിരുന്നു. ഇതുപ്രകാരമാണ് ലോകായുക്ത നടപടി. സിദ്ധരാമയ്യയുടെ ഭാര്യ പാർവതി രണ്ടാം പ്രതിയും പാർവതിയുടെ സഹോദരൻ മല്ലികാർജുനസ്വാമി മൂന്നാം പ്രതിയുമാണ്. മൈസൂരുവിൽ വിലയേറിയ ഭാഗത്ത് 14 പാർപ്പിടസ്ഥലങ്ങൾ പാർവതിക്ക് മുഡ അനുവദിച്ചത് നിയമവിരുദ്ധമായാണെന്നും ഇതിൽ സിദ്ധരാമയ്യയുടെ സ്വാധീനമുണ്ടെന്നുമാണ് പരാതി.

## കുറ്റവിമുക്തരാകുന്നവർക്ക് നഷ്ടപരിഹാരം നല്കേണ്ടിവരും

ന്യൂഡൽഹി: ദീർഘനാളത്തെ വിചാരണത്തടവിനുശേഷം നിരപരാധിയെന്ന് തെളിഞ്ഞ് കുറ്റവിമുക്തരാകുന്നവർക്ക് നഷ്ടപരിഹാരം നല്കുന്നതിനെക്കുറിച്ച് ആലോചിക്കേണ്ടിവരുമെന്ന് സുപ്രീംകോടതി. അന്വേഷണത്തിന്റെ പിഴവുകൊണ്ടോ സാക്ഷികൾ കൂറുമാറിയതുകൊണ്ടോ അല്ലാതെ നിരപരാധിത്വം വ്യക്തമായശേഷം മോചിതരാകുന്നവർക്ക് നഷ്ടപരിഹാരം നല്കുന്നത് ഭരണഘടനാ കോടതികൾ പരിഗണിക്കേണ്ടിവരുമെന്ന് ജസ്റ്റിസ് എ.എസ്. ഓക അധ്യക്ഷനായ ബെഞ്ച് നിരീക്ഷിച്ചു. ഗതാഗതവകുപ്പിൽ ജോലി നല്കാൻ കൈക്കൂലി വാങ്ങിയതുമായി ബന്ധപ്പെട്ട കള്ളപ്പണം വെളുപ്പിക്കൽ കേസിൽ സെന്തിൽ ബാലാജിക്ക് ജാമ്യം അനുവദിച്ചുകൊണ്ടുള്ള വിധിയിലാണ് നിരീക്ഷണം. വിചാരണയിലെ കാലതാമസം ചൂണ്ടിക്കാട്ടിയാണ് ബാലാജിക്ക് ജാമ്യം അനുവദിച്ചത്. അതേസമയം ബാലാജിക്കെതിരെ പി.എം.എൽ.എ കുറ്റം നിലനില്ക്കില്ലെന്നു പറയാനാവില്ലെന്നും സുപ്രീംകോടതി പറഞ്ഞു. വിചാരണയിലെ കാലതാമസം കാരണം ദീർഘകാലമായി ജയിലിൽ കഴിയേണ്ടിവരുന്നതിനെക്കുറിച്ച് അടുത്തിടെ വിവിധ കേസുകളിൽ സുപ്രീംകോടതി പരാമർശിച്ചിരുന്നു.

## വീണ്ടും സംസ്ഥാന ഗ്രാന്റ്

(14-ാം പേജിൽനിന്നും)

കൂടുതൽ കൂടുതൽ ശ്രദ്ധിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു സമൂഹഘടകവുമാണ്. ശ്രമവും കഠിനാദ്ധ്വാനവും കൊണ്ട് ഏഷ്യക്കാരിലെ വലിയൊരു ഭാഗം ജനങ്ങൾ വിദ്യാഭ്യാസം, ഉദ്യോഗം, സാമ്പത്തിക സ്ഥിതി എന്നിവയിൽ മറ്റു വംശീയ ഗ്രൂപ്പുകളെക്കാൾ മുന്നിൽ എത്തിയിട്ടുണ്ടെന്നാണ് വിശ്വസനീയമായ സ്ഥിതിവിവരക്കണക്കുകൾ കാണിക്കുന്നത്. മാധ്യമങ്ങളും നയരൂപീകരണവൃത്തങ്ങളും അക്കാദമിക രംഗങ്ങളും ഏഷ്യൻ അമേരിക്കക്കാരെ 'മോഡൽ മൈനോരിറ്റി'യായി ചിത്രീകരിക്കുമ്പോൾ സമൂഹഭാഗമെന്ന നിലയിൽ ഏഷ്യക്കാർ അഭിമാനിതരാകുമ്പോൾ ആ സമൂഹവിഭാഗത്തിന്റെ മറുവശം ആരാലും ശ്രദ്ധിക്കപ്പെടാതെ പോകുകയാണ്. അമേരിക്കയിലെ ഏഷ്യൻ വംശക്കാരിൽ പത്തു ശതമാനത്തിലധികം പേർ ദാരിദ്ര്യ നിലയ്ക്കു താഴെയാണെന്ന വസ്തുത നാഷണൽ കമ്യൂണിറ്റി റീഇൻവെസ്റ്റ്മെന്റ് കൊയാലിഷന്റെ കണക്കുകൾ ചൂണ്ടിക്കാട്ടുന്നത് 'മോഡൽ മൈനോറിറ്റി'യുടെ ദൗർഭാഗ്യകരമായ പാർശ്വഫലത്തിനു നേരെ വെളിച്ചം വീശുന്നു. ഇന്ത്യക്കാരെന്നാൽ, ഏഷ്യക്കാരെന്നാൽ എല്ലാവരും ഉയർന്ന തരത്തിലാണെന്ന ധാരണ, അമേരിക്കൻ സ്വപ്നം ഫലവത്താക്കാനാവാത്ത ഹതഭാഗ്യരെ അദൃശ്യതയിലേക്ക് നീക്കിനിർത്തുകയും അവർക്ക് സഹായവഴികൾ അടയ്ക്കുകയും ചെയ്യുന്നുവെന്നതാണ് സത്യം. അത്തരം ആളുകളെ തിരിച്ചറിഞ്ഞ് സംസ്ഥാനത്തിന്റെ സഹായ ഉറവിടങ്ങൾ കാണിച്ചുകൊടുക്കുന്നതിന് സഹായിക്കുകയാണെങ്കിൽ വലിയൊരു സേവനമാകും എന്നാണ് ഐനാനിയുടെ കാഴ്ചപ്പാട്.

ഐനാനി പ്രസിഡണ്ട് ഡോ. അന്നാ ജോർജ്, റിസേർച്ച് ആൻഡ് ഗ്രാന്റ്സ് കമ്മിറ്റി ചെയർ ഡോ. ആനി ജേക്കബ്, വൈസ് പ്രസിഡണ്ട് ഡോ. ഷൈല റോഷിൻ, നാഷണൽ അസോസിയേഷൻ ഓഫ് ഇന്ത്യൻ നേഴ്സസ് ഇൻ അമേരിക്കയുടെ മുൻ പ്രസിഡണ്ട് ഡോ. സോളിമോൾ കുരുവിള, ഡോ. ജെസ്സിക്ക വർഗീസ്, പോൾ ഡി. പനയ്ക്കൽ എന്നിവരുടെ നേതൃത്വത്തിൽ ഗവേഷണത്തിനും ഗ്രാന്റിനുമായി ഒരു സമിതി ഐനാനിക്കുവേണ്ടി പ്രവർത്തിക്കുന്നുണ്ട്. സാമൂഹികമായ സുരക്ഷിതത്വത്തിനുള്ള പോഷണം, കമ്യൂണിറ്റിയെ ഉദ്ദേശിച്ചുകൊണ്ടുള്ള മാനസിക ക്ഷേമ ശ്രമങ്ങൾ, സാമൂഹിക നന്മയ്ക്കു വേണ്ടിയുള്ള വിവിധതരം സേവനങ്ങൾ, അതല്ലെങ്കിൽ സമഗ്രമായ പിന്തുണയ്ക്കുള്ള സമീപനങ്ങൾ എന്നിവയ്ക്കുവേണ്ടി ഗ്രാന്റ് വിനിയോഗിക്കുമെന്ന് സമിതി അറിയിച്ചു.

## നോവൽ

(29-ാം പേജിൽ നിന്നും)

മാളവിക പ്രസവിച്ച കുഞ്ഞിനെ തെരുവിൽ ഉപേക്ഷിച്ചതിന്റെ പേരിൽ ഭാസ്കരമേനോൻ, സിന്ധുജ, മധുചന്ദ്രൻ എന്നിവരെ പ്രതികളാക്കി പോലീസ് ഒരു കേസ് രജിസ്റ്റർ ചെയ്തിരുന്നു. പക്ഷേ, പോണ്ടിച്ചേരിയിൽ പോയി അന്വേഷിച്ചിട്ടും പ്രബലമായ തെളിവുകളൊന്നും ലഭിച്ചില്ല. കുഞ്ഞിനെ തെരുവിലുപേക്ഷിച്ചത് തങ്ങളല്ലെന്നും അതേപ്പറ്റി യാതൊരറിവും ഇല്ലായിരുന്നുവെന്നുമുള്ള നിലപാടിൽതന്നെ ഭാസ്കരമേനോനും മധുവും തങ്കവും ഉറച്ചുനിന്നു.

ഇരുപത്തിമൂന്നു വർഷം മുൻപത്തെ സംഭവത്തിന് സാക്ഷികളെയോ തെളിവുകളോ കണ്ടെത്തുക ദുഷ്കരമായിരുന്നു. സബ് ജെയിലിന്റ കവാടത്തിനു വെളിയിൽ ബ്രഹ്മാനന്ദൻ കാറുമായി കാത്തു കിടപ്പുണ്ടായിരുന്നു. അഡ്വക്കറ്റും ഹരീന്ദ്രനും ജഗന്നാഥക്കുറുപ്പും ഹേമചന്ദ്രനുംകൂടി കാറിനടുത്തേക്കു ചെന്നു.

"നിങ്ങളെ കൂട്ടിക്കൊണ്ടു പോകാൻ ആരും വന്നില്ലേ?"

ബ്രഹ്മാനന്ദൻ ഹേമചന്ദ്രനോടു ചോദിച്ചു. "ഞാൻ ചിറക്കടവിലൊന്നും കേറീട്ടേ പോകൂ."

"സാരമില്ല. ഞാൻ ടാക്സി പിടിച്ചു പൊയ്ക്കോളാം."

"ശരി.... എന്നാലങ്ങനെയാവട്ടെ." കൂടെക്കൂട്ടാൻ താല്പര്യമില്ലെന്നുള്ള മട്ടിൽ ബ്രഹ്മാനന്ദൻ പറഞ്ഞു.

ഹേമചന്ദ്രൻ ടാക്സി സ്റ്റാൻഡിലേക്കു പോയി. അവിടെച്ചെന്നൊരു ടാക്സി വിളിച്ച് നേരെ മണിമലയ്ക്കു തിരിച്ചു.

കല്ലാറ്റുപടിക്കൽ വീടിന്റെ ഗേറ്റിനു മുന്നിൽ ടാക്സി നിന്നു. ഗേറ്റ് തുറക്കാൻ ഇറങ്ങിയ ടാക്സി ഡ്രൈവർ തിരികെ വന്നു പറഞ്ഞു:

"സാറെ, താഴിട്ട് പൂട്ടിയേക്കുവാ."

ഹേമചന്ദ്രൻ ഡോർ തുറന്നിറങ്ങി ഗേറ്റിൽ ചെന്നു പരിശോധിച്ചു. സംഗതി ശരിയാണ്. വിക്കറ്റ് ഗേറ്റും താഴിട്ട് പൂട്ടിയിരിക്കുന്നു. അയാൾ വീടിനു നേർക്കു നോക്കി. മുറ്റവും അങ്ങോട്ടുള്ള പാതയും കരിയിലകൾകൊണ്ടു മൂടിയിരിക്കുന്നു. ആഴ്ചകളായി ആൾത്താമസമില്ലാത്തതുപോലെ. അഞ്ജനയുടെ കാറും അവിടെ ഉണ്ടായിരുന്നില്ല.

*** *** ***

ഹരീന്ദ്രനും ജഗന്നാഥക്കുറുപ്പും ബ്രഹ്മാനന്ദന്റെ വീട്ടിലെത്തി ഊണുകഴിച്ചു. ഭാവി പരിപാടികളെപ്പറ്റി സംസാരിച്ചു.

മാങ്ങോട്ടുശേരി വക തറവാട്ടു സ്വത്തുക്കളിൻമേൽ പാതി അവകാശം ഉന്നയിച്ചുകൊണ്ട് അല്ലിമ കേസ് കൊടുത്തിട്ടുള്ള കാര്യം അറിഞ്ഞപ്പോൾ ഹരീന്ദ്രൻ പറഞ്ഞു:

"ചില്ലിക്കാശു കൊടുക്കില്ല. എന്നേം അച്ഛനേം കൊലക്കേസിൽ പെടുത്തി ജയിലിൽ കേറ്റിയവൾക്ക് ഓഹരിയോ. ഞാൻ ജീവനോടിരിക്കുമ്പോ കൊടുക്കില്ല. കേസ് നടക്കട്ടെ."

എന്തെങ്കിലും കൊടുത്ത് കോംപ്രമൈസ് ആകാമെന്ന് ജഗന്നാഥക്കുറുപ്പ് പറഞ്ഞെങ്കിലും ഹരീന്ദ്രൻ വഴങ്ങിയില്ല.

ഊണു കഴിഞ്ഞ് അല്പം വിശ്രമിച്ച ശേഷം കാറിൽ അവർ മാങ്ങോട്ടുശേരിക്കു തിരിച്ചു. മണിമലയാറിനു കുറുകെ പഴയിടം പാലം കടക്കുമ്പോൾ ഹരീന്ദ്രൻ രണ്ടുമൂന്നു തവണ എക്കിളെടുത്തു.

"വെള്ളം വേണോ?" ബ്രഹ്മാനന്ദൻ ചോദിച്ചു.

വേണ്ടെന്ന് ഹരീന്ദ്രൻ കൈവീശിക്കാട്ടി. പൊടുന്നനെ അയാൾ നെഞ്ചിൽ കയ്യമർത്തി ഞെളിപിരി കൊണ്ടു. ദേഹം വെട്ടിവിയർത്തു. ബ്രഹ്മാനന്ദൻ കാർ വട്ടം തിരിച്ചു. നേരേ ഹോസ്പിറ്റലിലേക്ക്.

ഹരീന്ദ്രൻ പ്രാണവേദനയിൽ കാറിനുള്ളിലിരുന്ന് പിടഞ്ഞു പുളഞ്ഞു.

കാഞ്ഞിരപ്പള്ളിയിലെ ഹോസ്പിറ്റലിൽ എത്തുമ്പോഴേക്കും അയാളുടെ പാരവശ്യം ശമിച്ചു തുടങ്ങിയിരുന്നു. ഇതിനിടയിൽത്തന്നെ ബ്രഹ്മാനന്ദൻ ഹോസ്പിറ്റലിൽ വിളിച്ച് വിവരമറിയിച്ചതനുസരിച്ച് സ്ട്രെച്ചറുമായി രണ്ട് അറ്റൻഡർമാരും നേഴ്സും ഡോക്ടറും കാഷ്വാൽറ്റിക്കു മുന്നിൽ കാത്തു നിൽപ്പുണ്ടായിരുന്നു.

കാർസീറ്റിൽ കുഴഞ്ഞു കിടന്ന ഹരീന്ദ്രനെ താങ്ങിയെടുത്ത് സ്ട്രെച്ചറിൽ കിടത്തി. സ്ട്രെച്ചർ കാഷ്വാൽറ്റിയിലേക്ക് അതിവേഗം ഉരുണ്ടു. അവിടെത്തുമ്പോൾ ഹരീന്ദ്രന് ചലനമൊന്നുമില്ലായിരുന്നു.

കാഷ്വാൽറ്റിയിലെ ഡോക്ടർ കൈത്തണ്ട പിടിച്ചു നോക്കിയിട്ടു പറഞ്ഞു:

"പൾസ് പോയല്ലോ."

ഡിഫിബ്രില്ലേറ്റർ എടുത്ത് ഹരീന്ദ്രന്റെ നെഞ്ചിൽ അമർത്തി ഷോക്ക് കൊടുത്ത് ഹൃദയം പ്രവർത്തിപ്പിക്കാനുള്ള ശ്രമവും ഒടുവിൽ വിഫലമായി. കാഷ്വാൽറ്റിക്കു മുന്നിൽ ഉദ്വേഗത്തോടെ നിന്ന ജഗന്നാഥക്കുറുപ്പിനോടും ബ്രഹ്മാനന്ദനോടുമായി ഡ്യൂട്ടി ഡോക്ടർ തോമസ് ഐസക് പറഞ്ഞു:

"വീ ആർ ഹെൽപ്ലെസ്. കാഷ്വാൽറ്റിയിലെത്തും മുൻപേ കഴിഞ്ഞു."

ബ്രഹ്മാനന്ദൻ വിശ്വാസം വരാതെ സ്തംഭിച്ചുനിന്നു. ഡോക്ടർ എന്താണു പറഞ്ഞതെന്ന് മനസ്സിലാകാത്തപോലെ ജഗന്നാഥക്കുറുപ്പ് അയാളുടെ നേർക്ക് പകച്ചു നോക്കിക്കൊണ്ടിരുന്നു.

(തുടരും)

SUBSCRIPTION FORM

I.D. # ______ Date ______ Expiration Date ______

Name ______

Address ______

City ______ State ______ Zip ______

Phone: ______ Email: ______

Signature: ______

- ❑ Enclosing $ 200.00 for five years.
- ❑ Enclosing my subscription of $ 54.00 for one year.
- ❑ Enclosing my subscription of $99.00 for two years.
- ❑ Please don't send newspaper to my address.

Take Advantage Of Our New Low Rates

| Yearly | 2 Years | 5 Years |
|---|---|---|
| $ 54 00 | $ 99 00 | $ 200 00 |

Payment Method ❑ Cheque Cheque # ______

❑ Visa ❑ Mastercard ❑ Discover ❑ AMEX. Exp. Date ______

CARD ACCOUNT NUMBER

SEC. CODE:

Please make the Cheque payable to

KERALA EXPRESS

3425 CLEVELAND ST, SKOKIE, ILLINOIS 60076

630 728 7956 FAX : 773 304 1917

Subscription fee non-refundable

VISA MasterCard DISCOVER


അമേരിക്കൻ മലയാളികൾക്ക് ഒരു സന്തോഷ വാർത്ത
Mangattu
GRACE CONVENTION CENTER
Convention Hall
Banquet Hall
Mini Conference Hall
Suite Room
Kitchen Facility
Indoor Parking
Outdoor Parking
Grace CONVENTION CENTER
Punnamoodu, Mavelikara
For Booking Contact: 0479-2961000, 9188751000, 9633949676, 9526450001
USA : 1-773-255-6196, 1-773-255-6459
www. graceconventioncenter.com
info@graceconventioncenter.com
www.facebook.com/graceconventioncenter




Printed at **GRACE PRINTING**, Skokie, Illinois and Published by Grace Publications Inc. Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**